

# ചേകന്നൂർ വധവും ചില സി.ബി.ഐ. ഡയറിക്കുറിപ്പുകളും

ഡോ: അബ്ദുൽ ജലീൽ, പുറ്റെക്കാട്

ഖുർആൻ സുന്നത്ത് സൊസൈറ്റി പ്രവർത്തകർക്കിടയിൽ
സ്വകാര്യവിതരണത്തിനുള്ളത്

15-06-2007

# ചേകന്നൂർ വധവും ചില സി.ബി.ഐ. ഡയറിക്കുറിപ്പുകളും

സമീപകാല കോടതിവിധികളിൽ സമ്പന്നപക്ഷപാതിത്വം നിറഞ്ഞുനിൽക്കുന്നു എന്ന ചില ഇടതുപക്ഷ കക്ഷികളുടെയും, പിണറായി വിജയന്റെയും, മന്ത്രി പാലോളി മുഹമ്മദുകുട്ടിയുടെയുമൊക്കെ പ്രസ്താവനകളിൽ തീരെ കഴമ്പില്ലാ എന്നു വിശ്വസിക്കാതിരിക്കാൻ തരമില്ല. അതിന് ഏറ്റവും നല്ല ഒരു ഉദാഹരണമാണ് ചേകന്നൂർ മൗലവി വധക്കേസിൽ കാന്തപുരത്തിനോടുള്ള കോടതിയുടെയും, സി.ബി.ഐ.യുടെയും നിലപാട്.

ചേകന്നൂർ മൗലവി വധക്കേസിൽ സി.ബി.ഐ. തയ്യാറാക്കിയ ചാർജ്ജ് ഷീറ്റിൽ, മറ്റു പ്രതികളോടൊപ്പം കാന്തപുരത്തെയും പ്രതിയാക്കാൻ പര്യാപ്തമായ തെളിവുകളും സൂചനകളും ധാരാളമുണ്ട്. എന്നാൽ പണക്കാരനായ ഉസ്താദു മാത്രം' കോടതിയുടെയും, പോലീസിന്റെയും കരങ്ങളിൽ നിന്ന് വഴുതിമാറിക്കൊണ്ടിരിക്കുന്നു.! എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്നു ചോദിക്കാനുള്ള അവകാശം ചേകന്നൂർ മൗലവിയുടെ ബന്ധുക്കൾക്കും അനുയായികൾക്കുമില്ലേ ? ഇത്തരം ഘട്ടങ്ങളിൽ സാധാരണക്കാരന്റെയും, മൗലവിയുടെ ബന്ധുക്കളുടെയും, മൗലവിയുടെ ആദർശ ബന്ധുക്കളുടെയും ആശങ്കയകറ്റാനും തൃപ്തികരമായ വിശദീകരണം നൽകാനും കോടതികൾക്കു ബാധ്യതയില്ലേ ?

മുഹമ്മദ് ബഷീർ പത്തനാപുരം, ഹംസ സഖാഫി, സൈഫുദ്ദീൻ, മുഹമ്മദ്കുട്ടി, കുഞ്ഞിമരക്കാർ, അബ്ദുൽ ഗഫൂർ തുടങ്ങിയവർ ചേർന്ന് ചേകന്നൂർ മൗലവിയെ 1993 ജൂലായ് 29-ാം തിയ്യതി രാത്രി ജീപ്പിൽ വെച്ച് വധിച്ചതായി സി.ബി.ഐ. അന്വേഷണ ഉദ്യോഗസ്ഥർ കുറ്റപത്രത്തിൽ പറയുന്നു. ചേകന്നൂർ മൗലവിയെ ഖുർആൻ ക്ലാസിനെന്ന വ്യാജേന തെറ്റിദ്ധരിപ്പിച്ച് രാത്രിയിൽ തട്ടിക്കൊണ്ടുവരാനും മാർഗ്ഗമദ്ധ്യേ ചതിയിലൂടെ വകവരുത്തുക എന്നതുമായിരുന്നു പ്രതികളുടെ പദ്ധതി എന്നും സി.ബി.ഐ. കണ്ടെത്തി. രജിസ്ട്രർ ചെയ്തിട്ടില്ലാത്ത നമ്പർ പ്ലെയിറ്റില്ലാത്ത ഒരു പുതിയ നീല ജീപ്പാണ് പ്രതികൾ അതിനു തിരഞ്ഞെടുത്തത്. പിന്നീട് കെ. എൽ. 11. എ. 9967 എന്ന നമ്പറിൽ രജിസ്ട്രർ ചെയ്യപ്പെട്ട ആ ജീപ്പ് സി.ബി.ഐ. കസ്റ്റഡിയിൽ എടുത്തു.

ചേകന്നൂർ മൗലവിയെ തട്ടിക്കൊണ്ടുപോയി വധിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രതികൾ ചേകന്നൂർ മൗലവിയുടെ എടപ്പാളിലുള്ള വീട്ടിലേക്കു പുറപ്പെട്ടത്. കൊളപ്പുറത്തെത്തിയപ്പോൾ, ബഷീറിന്റെ നിർദ്ദേശപ്രകാരം ഹംസ സഖാഫിയൊഴികെ ബാക്കിയുള്ളവരെല്ലാം, ജീപ്പിൽ നിന്നിറങ്ങി. അവർ ബഷീറും, ഹംസയും മൗലവിയെയും കൊണ്ടു തിരിച്ചുവരുന്നതും കാത്ത് അവിടെച്ചുറ്റിക്കറങ്ങി നടന്നു. ബഷീറും, ഹംസ സഖാഫിയും നേരെ പോയത്, എടപ്പാളിനടുത്തുള്ള, നടുവട്ടത്തുള്ള ഒരു പള്ളിയിലേക്കായിരുന്നു. പള്ളിയിൽ വെച്ച് ബഷീറും, സഖാഫിയും, ഹുസൈൻ മുസ്‌ലിയാർ എന്ന സിദ്ധനെ സമീപിക്കുകയും, എ.പി. ഉസ്താദുപറഞ്ഞതു പ്രകാരം ഞങ്ങൾ ചേകന്നൂർ മൗലവിയെ സംബന്ധിച്ച ഒരു കാര്യത്തിനുപോകുകയാണെന്നും ദൗത്യം വിജയകരമാകാനും, കേസ് പിടിക്കപ്പെടാതിരിക്കാനും, ഞങ്ങളെയും ജീപ്പിനെയും അനുഗ്രഹിക്കണമെന്നും' ആവശ്യപ്പെട്ടു. ഹുസൈൻ മുസ്‌ലിയാരിൽ നിന്നും ദിക്ർ' (മന്ത്രിച്ചൂതിയ വെള്ളം കൊണ്ടുള്ള അനുഗ്രഹം) സ്വീകരിച്ചശേഷം ബഷീറും, ഹംസയും രാത്രി സുമാർ 8 മണിയോടെ മൗലവിയുടെ വീട്ടിലെത്തി. തന്നെ ഖുർആൻ പഠനക്ലാസിന് വിളിക്കാൻ വന്ന അതിഥികളോടൊപ്പം പോവാൻ ചേകന്നൂർ മൗലവി തയ്യാറായി. വീട്ടിൽ ഭാര്യ തനിച്ചായതിനാൽ തന്റെ പ്രസ്സിലെ ജീവനക്കാരനായ ജബ്ബാറിനെ പ്രസ്സിൽ പോയി കൂട്ടികൊണ്ടുവരണമെന്നു മൗലവി ആവശ്യപ്പെട്ടതനുസരിച്ച്, മൗലവിയും, ബഷീറും, ഹംസയും കൂടി എടപ്പാൾ ചുങ്കത്തുള്ള പ്രസ്സിൽ പോയി, ജബ്ബാറിനെ കൂട്ടികൊണ്ടുവരികയും കാവിൽപ്പടി'യിലുള്ള മൗലവിയുടെ വീട്ടിൽ ജബ്ബാറിനെ ഇറക്കിയ ശേഷം മൗലവി ബഷീറിനോടും, ഹംസയോടുമൊപ്പം രാത്രി 9.30 മണിയോടെ കോഴിക്കോട്ടേക്കു പുറപ്പെടുകയും ചെയ്തു. ബഷീറാണ് വണ്ടിയോടിച്ചിരുന്നത്. മൗലവി മുൻസീറ്റിലും ഹംസസഖാഫി പിറകിലുമായിട്ടാണ് ഇരുന്നത്. ജീപ്പ് മൗലവിയെയും കൊണ്ടു തിരിച്ച് കൊളപ്പുറത്തെത്തിയപ്പോൾ നേരത്തെ അവിടെ ജീപ്പിൽ നിന്നും ഇറങ്ങി കാത്തിരുന്ന സൈഫുദ്ദീൻ, മുഹമ്മദ് കുട്ടി കൊന്തേടൻ, കുഞ്ഞിമരക്കാർ, കുന്നത്തിരി അബ്ദുൾ ഗഫൂർ, എന്നിവർ വീണ്ടും ജീപ്പിൽ കയറി. ജീപ്പ് വീണ്ടും കോഴിക്കോട്ടു ഭാഗത്തേക്ക് പുറപ്പെട്ടു. അപ്പോൾ ചെറുതായി മഴ പെയ്യുന്നുണ്ടായിരുന്നു. ബഷീറിന്റെ നിർദ്ദേശപ്രകാരം പെട്ടെന്ന് ഹംസസഖാഫി പിറകിൽ നിന്ന് ഇറങ്ങി ജീപ്പിന്റെ മുൻസീറ്റിൽ വന്നിരുന്നു. മൗലവി മുൻസീറ്റിൽ ബഷീർ പത്തനാപുരത്തിന്റെയും, ഹംസ സഖാഫിയുടെയും ഇടയിലായി. ജീപ്പ് പെട്ടെന്ന് തനിക്ക് പരിചയമില്ലാത്ത ഒരു റോഡിലേക്ക് തിരിഞ്ഞപ്പോൾ ഇത് കോഴിക്കോട്ടേക്കുള്ള വഴിയാണോ' എന്ന് മൗലവി സംശയം പ്രകടിപ്പിച്ചു. ഇത് കോഴിക്കോട്ടേക്കുള്ള എളുപ്പ വഴിയാണെന്ന് ' ബഷീർ അതിന് പെട്ടെന്ന് മറുപടി പറയുകയും ചെയ്തു. ഉടനെത്തന്നെ ജീപ്പ് ഓടിക്കൊണ്ടിരിക്കേ ബഷീറിന്റെ നിർദ്ദേശ പ്രകാരം കുഞ്ഞിമരയ്ക്കാരും, അബ്ദുൾ ഗഫൂറും, മുഹമ്മദ് കുട്ടിയും, സൈഫുദ്ദീനും പിറകിൽ നിന്ന് മൗലവിയുടെ കഴുത്തിലൂടെ ഒരു തുണി ഇടുകയും, കഴുത്തു ഞെരുക്കുകയും ചെയ്തു. മൗലവി രക്ഷപ്പെടാൻ കുതറിയപ്പോ

ഴേക്കും ഹംസ സഖാഫിയും ബഷീറും മുന്നിൽ നിന്ന് മൗലവിയുടെ കാൽമുട്ടുകളിൽ അമർത്തിപ്പിടിക്കുകയും, തികച്ചും നിസ്സഹായനായ മൗലവി മരണത്തിന് കീഴ്പ്പെടുകയും അങ്ങനെ വധിക്കപ്പെടുകയും ചെയ്തു. ജീവിതത്തിൽ ഒരു ' ചൊറി' പോലും വന്നിട്ടില്ലാത്ത മൗലവി അങ്ങനെ 58-ാം വയസ്സിൽ രക്തസാക്ഷിയായി.പിന്നീട് ബഷീർ, ജീപ്പ് നേരെ മലപ്പുറം ജില്ലയിലെ, പുളിക്കലിനടുത്തുള്ള അരൂർ എന്ന സ്ഥലത്തുള്ള ' ചുവന്ന കുന്ന് ' എന്നറിയപ്പെടുന്ന സ്ഥലത്തേക്ക് വിട്ടു. (പന്ത്രണ്ടര ഏക്കറയോളം വരുന്ന ചുവന്ന കുന്ന് എന്ന വിജനമായ ആ മലഞ്ചരുവ്, കേസിലെ മറ്റൊരു പ്രതിയായ മണ്ടാളിൽ ഉസ്മാൻ മുസ്‌ലിയാരുടെ കസ്റ്റഡിയിലായിരുന്നു അന്ന്)

ബഷീറിന്റെ നിർദ്ദേശപ്രകാരം, ചേകന്നൂർ മൗലവിയുടെ മൃതശരീരം, മറവു ചെയ്യാനും തെളിവുകൾ നശിപ്പിക്കാനും, പര്യാപ്തമായ രീതിയിൽ ഇല്യൻ ഹംസയും, അബ്ദുൽ സലാമും ചേർന്ന് ഒരു കുഴിയും കുഴിച്ച് കാത്തിരിക്കുകയായിരുന്നു അവിടെ. ചേകന്നൂർ മൗലവിയുടെ മൃതശരീരവും, അദ്ദേഹത്തെ വധിക്കാനുപയോഗിച്ച തുണിയും, അദ്ദേഹം എപ്പോഴും കൊണ്ടുനടക്കാറുള്ള ഖുർആനുള്ള സൂട്ട്കേസും ഒന്നിച്ച് ആ കുഴിയിൽ ഇട്ടുമൂടി എന്ന് പ്രതികൾ സി.ബി.ഐ.യോടു സമ്മതിച്ചു.

സി.ബി.ഐ. ഉദ്യോഗസ്ഥന്മാരുടെ വളരെ ബുദ്ധിപരമായ അന്വേഷണത്തിന്റെയും നീക്കത്തിന്റെയും അവസാനത്തിൽ, 27-11-2000ൽ ഹംസ സഖാഫിയും ഇല്യൻ ഹംസയും അറസ്റ്റു ചെയ്യപ്പെട്ടു. 19-1-2001 ൽ പി.കെ. സൈഫുദ്ദീനും അറസ്റ്റു ചെയ്യപ്പെട്ടു.

വിദേശത്തേക്കു തൽക്കാലം രക്ഷപ്പെട്ടെങ്കിലും മുഖ്യപ്രതികളായ മുഹമ്മദ് ബഷീർ പത്തനാപുരം, മുഹമ്മദ് കുട്ടി, കുഞ്ഞിമരയ്ക്കാർ, അബ്ദുൾ ഗഫൂർ, അബ്ദുൾ സലാം, മണ്ടാളിൽ ഉസ്മാൻ മുസ്‌ലിയാർ തുടങ്ങിയവർക്കെതിരെ 17-10-2001ൽ സി.ബി.ഐ. ജാമ്യമില്ലാ വാറണ്ടു പുറപ്പെടുവിക്കുകയും (NBW), ഗത്യന്തരമില്ലാതെ വർഷങ്ങൾക്ക് ശേഷം പ്രതികളെല്ലാവരും സി.ബി.ഐ.യുടെ മുമ്പിൽ കീഴടങ്ങുകയും ചെയ്തു. ചേകന്നൂർ മൗലവിയെ വധിക്കാനുപയോഗിച്ച നമ്പർ പ്ലേറ്റില്ലാത്ത നീല ജീപ്പുവരെ പിന്നീട് അന്വേഷിച്ചു കണ്ടെത്തി, സി.ബി.ഐ. കസ്റ്റഡിയിലെടുത്തു. (കെ.എൽ.11 എ. 9967)

## ചില പ്രധാന സാക്ഷി മൊഴികൾ

(1)

കേസിലെ ഒരു പ്രധാന സാക്ഷിയും, മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സന്തോഷ് വധക്കേസിലെ ഒരു പ്രതിയുമായ ഹുസൈൻ മുസ്‌ലിയാർ സി.ബി.ഐ.ക്കു മുമ്പിലും, പിന്നീട് ജുഡീഷ്യൽ മജിസ്ട്രേട്ട് (ഫസ്റ്റ് ക്ലാസ്, എറണാകുളം) കോടതിയിലും നൽകിയ മൊഴിയിൽ ചേകന്നൂർ വധക്കേസിലെ മുഖ്യപ്രതിയായ ബഷീർ പത്തനാപുരം, ഹംസസഖാഫിയോടൊപ്പം മൗലവിയെ വധിക്കാൻ തീരുമാനിച്ച ദിവസം വൈകുന്നേരം നടുവട്ടത്തുള്ള തന്റെ പള്ളിയിൽ വരികയും, താൻ ബഷീറാണെന്നു സ്വയം പരിചയപ്പെടുത്തുകയും, അതിനു ശേഷം എ.പി. അബൂബക്കർ മുസ്‌ലിയാർ (കാന്തപുരം) പറഞ്ഞതുപ്രകാരം ചേകന്നൂർ മൗലവിയുമായി ബന്ധപ്പെട്ട ഒരു കാര്യത്തിനു പോവുകയാണെന്നും, (കേസ് പിടിക്കപ്പെടാതിരിക്കാൻ) പ്രത്യേകം പ്രാർത്ഥിക്കണമെന്നും പറഞ്ഞതായി കാണുന്നു. സംസാരം കഴിഞ്ഞു, അനുഗ്രഹവും വാങ്ങി ബഷീർ പത്തനാപുരവും, ഹംസ സഖാഫിയും, ഹുസൈൻ മുസ്ല്യാരും നമ്പർപ്ലേയിറ്റില്ലാത്ത നീല ജീപ്പിനടുത്തേക്കു നടക്കുമ്പോൾ, ബഷീർ വീണ്ടും എന്നോട് എ.പി. ഉസ്താദ് പറഞ്ഞിട്ട്, ചേകന്നൂർ മൗലവിയെ സംബന്ധിച്ച ഒരു കാര്യത്തിനായി പോവുകയാണെന്നും ദുആ' ചെയ്യണമെന്നും" എന്നിങ്ങനെ രണ്ട് പ്രാവശ്യം എ.പി.ഉസ്താദു പറഞ്ഞു' (കാന്തപുരം) എന്ന് ഹുസൈൻ മുസ്ല്യാർ പറഞ്ഞതായി സി.ബി.ഐ. ഓഫീസർ സുഭാഷിന്റെ കുറ്റപത്രത്തിൽ കാന്തപുരത്തിന്റെ പേര് കാണുന്നു.

(2)

ചേകന്നൂർ മൗലവി കേസിലെ മറ്റൊരു പ്രധാനസാക്ഷിയായ ശ്രീ. കക്കാട് അലിയാർ (W.34) എന്നയാൾ സി.ബി.ഐ. സി.കെ.സുഭാഷ് മുമ്പാകെയും, ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെയും, കൊടുത്ത മൊഴികളിലും ചേകന്നൂർ വധത്തിൽ കാന്തപുരത്തെ സംശയിക്കാൻ പര്യാപ്തമായ തെളിവുകളുണ്ട്.

എ.പി.ഉസ്താദ്, ഉസ്താദ്, കാന്തപുരം, എ.പി. എന്നൊക്കെ സുന്നിലോകത്ത് സുപരിചിതനായ എ.പി. കാന്തപുരം അബൂബക്കർ മുസ്ല്യാർക്ക് ധാരാളം ശത്രുക്കളുണ്ടായിരുന്നു എന്നും ഉസ്താദിന്റെ യോഗത്തിൽ ബഹളം വെക്കുന്നവരെയും, യോഗം കലക്കുന്നവരെയും നേരിടാൻ കുറച്ചാളുകൾ ഉസ്താദിന്റെ കൂടെ പോകാറുണ്ടായിരുന്നു എന്നും അലിയാർ തന്റെ മൊഴിയിൽ പോലീസിലും, മജിസ്ട്രേറ്റു മുമ്പാകെയും സമ്മതിക്കുന്നു. സുന്നി ടൈഗർ ഫോഴ്സ്, ക്രസന്റ് വളണ്ടിയർ കോർ (സി.വി.സി) എന്നൊക്കെയായിരുന്നു അതിന്റെ പേര്. 1991-92 കാലഘട്ടത്തിൽ പ്രവർത്തിച്ചിരുന്ന സി.വി.സി. (Crescent Volunteer Core) എന്ന ആ സംഘടനയുടെ നേതാവ്, അന്ന് കാന്തപുരത്തിന്റെ സുന്നി മർക്കസിലെ മാനേജരായിരുന്ന, മാണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ആയിരുന്നു.

ഇതേ ഉസ്മാൻ മുസ്ല്യാരുടെ നേതൃത്വത്തിലാണ് 1993 മേയ് - ജൂൺ മാസത്തിൽ കാന്തപുരത്തിന്റെ കാരന്തൂരിലുള്ള മർക്കസ്സിൽ വെച്ച് ചേകന്നൂർ മൗലവിയെ വധിക്കാനുള്ള ഗൂഢാലോചന നടന്നത് എന്ന് കക്കാട്

അലിയാർ എറണാകുളം ജില്ലാ മജിസ്ട്രേറ്റ് കോടതിയുടെ മുമ്പിലും സി.ബി.ഐ.യുടെ മുമ്പിലും മൊഴി നൽകിയതായി കാണുന്നു. ഗൂഢാലോചനയിൽ അരീക്കോട് പത്തനാപുരത്തുള്ള ബഷീർ, വാഴക്കാട് പി.സി. ബഷീർ മാസ്റ്റർ, പറമ്പിൽ ബസാറിലുള്ള മായിൻ, കുന്നത്തിരി അബ്ദുൾ ഗഫൂർ, കൊട്ടപ്പുറത്തുള്ള മരയ്ക്കാർ, കിഴിശ്ശേരിയിലുള്ള മുഹമ്മദ്കുട്ടി, തുടങ്ങിയവർ പങ്കെടുത്തിരുന്നു എന്നും, കൃത്യംനടത്താൻ തന്നെയാണ് (കക്കാട് അലിയാരെ) അമീറായി തിരഞ്ഞെടുത്തത് എന്നും അലിയാർ സമ്മതിക്കുന്നു. മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരുടെ നേതൃത്വത്തിലാണ് മർക്കസിൽ വെച്ച് അന്നു സുന്നി ടൈഗേർസ് (സി.വി.സി.) യോഗവും ഗൂഢാലോചനയും നടന്നത് എന്നും അലിയാർ ഒപ്പിട്ട രണ്ടു മൊഴികളിലും പറയുന്നു. പ്രസ്തുത യോഗത്തിൽ ചേകന്നൂർ മൗലവി നേരായ മാർഗ്ഗത്തിലല്ല സഞ്ചരിക്കുന്നത് എന്നും, ഇസ്ലാമിന് വിരുദ്ധമായാണ് അയാൾ പ്രവർത്തിക്കുന്നത് എന്നും, ആയതിനാൽ നമുക്കദ്ദേഹത്തെ കൊല്ലേണ്ടതായി വരും - അദ്ദേഹത്തെ വധിക്കേണ്ടത് അത്യാവശ്യമാണ് - എന്ന് തീരുമാനിക്കുകയും, ആ കൃത്യം നടത്തുന്നതിലേക്ക് എന്നെ അമീറായി ചുമതലപ്പെടുത്തുകയും ചെയ്തു' എന്ന് അലിയാർ സി.ബി.ഐ. കോടതിയിൽ സമ്മതിക്കുന്നു. ഭാഗ്യമോ നിർഭാഗ്യമോ എന്നറിയില്ല ചേകന്നൂർ മൗലവിയെ വധിക്കാൻ പ്രതികൾ പുറപ്പെട്ട ദിവസം എന്തോ കാരണവശാൽ കക്കാട് അലിയാർക്ക് സ്ഥലത്ത് എത്തിച്ചേരാനും, ജീപ്പിൽ കയറാനും കഴിഞ്ഞില്ല. ബാക്കിയുള്ള പ്രതികൾ കാര്യം നിർവ്വഹിക്കുകയും ചെയ്തു.

***ഏതാണ്ട് ഈ ഗൂഢാലോചന നടന്നതിന്റെ ഏതാനും മാസങ്ങൾക്ക് മുമ്പ് 1992-93 കാലഘട്ടത്തിൽ തന്നെയായിരുന്നു കോഴിക്കോട്ട് വ്യാപാരഭവൻ ഓഡിറ്റോറിയത്തിൽ ചേകന്നൂർ മൗലവി ഞങ്ങളുടെ നിർദ്ദേശപ്രകാരം തന്റെ പുരോഗമന ആശയങ്ങളും സിദ്ധാന്തങ്ങളും അവതരിപ്പിച്ചുകൊണ്ടും മുസ്ലീം സമുദായത്തിലെ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കുമെതിരെ പോരാടിക്കൊണ്ടും, ഖുർആൻ കൊണ്ടുള്ള ഖുത്തുബ (പ്രസംഗം) ആരംഭിച്ചത്. പള്ളിയും, പള്ളിക്കുളവും, മിനാരവും, മിഹ്റാബും ഒന്നും ഇല്ലാത്ത കേവലം ഒരു ഓഡിറ്റോറിയത്തിൽ ചേകന്നൂർ മൗലവി ഞങ്ങൾക്ക് ഖുത്തുബ സംഘടിപ്പിച്ചതും, ഞങ്ങൾ ആവേശത്തോടുകൂടി ആ ഖുത്തുബയിൽ പങ്കെടുത്തതും, ഖുത്തുബക്കു ശേഷം ഞങ്ങൾകുറച്ചുപേർ, തൊട്ടടുത്തുള്ള മുജാഹിദ് - സുന്നി പള്ളികളിൽ (പല വെള്ളിയാഴ്ചകളിലായി) മൗലവി ഏൽപ്പിച്ച നോട്ടീസുകളും, ബുക്കുകളും വിതരണം ചെയ്തതും അവിടുത്തെ സുന്നി-മുജാഹിദ് പള്ളികളിൽ ഒരു ചർച്ചാ വിഷയമായിരുന്നു. മൗലവിയുടെ ഖുർആനികവാദങ്ങളെ താത്വികമായി എതിരിടാൻ കഴിയാത്തതുകൊണ്ടാണ് സുന്നി-മുജാഹിദ്-ജമാഅത്തു മൗലവിമാർ ബുദ്ധിപരമായ മൗനം അവലംബിച്ചത്. കേരളത്തിലെ ഒരൊറ്റ സുന്നി-മുജാഹിദ്-ജമാഅത്ത് പണ്ഡിതന്മാരും പണ്ഡിതോചിതമായ ഒരു മറുപടി പറയാത്തതുകൊണ്ടാണ് ഞങ്ങൾ കുറച്ചു ചെറുപ്പക്കാർ ചേകന്നൂർ മൗലവിയെ അന്ന് നിർലോഭം സഹായിച്ചതും, പ്രവർത്തനവുമായി മുന്നോട്ടുപോകാൻ പ്രേരിപ്പിച്ചതും. ചേകന്നൂർ മൗലവിയുടെ ഖുർആനിക വാദങ്ങൾ ഇന്നും തലയുയർത്തിനിൽക്കുന്നതുകൊണ്ടാണ് ചേകന്നൂർ മൗലവി സ്ഥാപിച്ച ഖുർആൻ സുന്നത്തു പ്രസ്ഥാനം' ഇന്നും വളർന്നുകൊണ്ടിരിക്കുന്നത്.***

(3)

ചേകന്നൂർ കേസിലെ മറ്റൊരു സാക്ഷിയായ (W 26), അബ്ദുറഹിമാൻ കൊടിയത്തൂരിന്റെ മൊഴിയിലും ചേകന്നൂർ വധത്തിൽ കാന്തപുരം എ.പി.അബൂബക്കർ മുസ്ല്യാരുടെ മർക്കസി'ന്റെ മാനേജരായ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ, പത്തനാപുരം ബഷീർ എന്നിവർക്കുള്ള പങ്കിനോടൊപ്പം, ചേകന്നൂർ മൗലവിയെ എതിർത്തിരുന്ന ഗ്രൂപ്പിന്റെ നേതാവാണ് എ.പി. എന്ന് വെളിപ്പെടുത്തുന്നു. മർക്കസിലെ വാച്ചുമാനായിരുന്ന കെ.അബ്ദുൾ റഹിമാൻ കൊടിയത്തൂരിന്റെ (W. 26, S/o. കെ.മുഹമ്മദ്, മണക്കുടിയിൽ ഹൗസ്) മൊഴിയിൽ ചേകന്നൂർ മൗലവിയുടെ വധത്തിൽ മർക്കസിലെ ജനറൽ മാനേജരായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ, അരീക്കോടിനടുത്ത, പത്തനാപുരത്തുള്ള, മംഗലശ്ശേരി വീട്ടിൽ ബഷീർ, ചങ്ങരംകുളത്തിനടുത്തുള്ള കക്കിടിപ്പുറം സ്വദേശിയും, മർക്കസ്സിലെ ഒരു പഴയ വിദ്യാർത്ഥിയുമായ കക്കിടി ഹംസ', മുഹമ്മദ് കുട്ടി, അബ്ദുൽ സലാം, സൈഫുദ്ദീൻ, പള്ളിക്കൽ ബസാറിലുള്ള ഗഫൂർ, ഇല്യൻ ഹംസ, മരക്കാർ എന്നിവർക്കു ചേകന്നൂർ വധത്തിലുള്ള പങ്ക് വ്യക്തമാകുന്നു.

16-11-2000ന്, സി.ബി.ഐ. ഓഫീസറായ സി.കെ.സുഭാഷ് മുമ്പാകെ അബ്ദുർ റഹിമാൻ നൽകിയ മൊഴിയനുസരിച്ചാണ് ചേകന്നൂർ മൗലവി വധക്കേസിലെ പ്രധാന പ്രതികളെല്ലാം വിദേശത്തും ദ്വീപിലും മറ്റും ഒളിവിലാണെന്ന് സി.ബി.ഐ. മനസ്സിലാക്കുന്നത്. ലക്ഷദ്വീപിലെ അമനി' ദ്വീപിൽ ഒരു പള്ളിയിൽ ഒളിവിൽ കഴിയുകയായിരുന്ന കക്കിടി ഹംസയെ വേഷംമാറിപ്പോയി അവിടെനിന്ന് തന്ത്രപൂർവ്വം കേരളത്തിലേക്കു വരുത്തുകയും, നാടകീയമായി അറസ്റ്റു ചെയ്യാനും കേസിന് തുമ്പുണ്ടാക്കാനും സി.ബി.ഐ.ക്ക് കഴിഞ്ഞത് കൊടിയത്തൂർ അബ്ദുർ റഹ്മാന്റെ സി.ബി.ഐ.മുമ്പാകെയുള്ള കുറ്റസമ്മതമാണ്. മർക്കസ്സുമായി ഇത്രമാത്രം അടുപ്പമുള്ള ഒരു വ്യക്തി ചേകന്നൂർ മൗലവി വധത്തിന്റെ എല്ലാ അണിയറ രഹസ്യങ്ങളും വളരെ കൃത്യമായി പറയുകയും അതനുസരിച്ച് കേസിന് തുമ്പുണ്ടാക്കാൻ സി.ബി.ഐ.ക്കു കഴിയുകയും ചെയ്തുവെങ്കിൽ അങ്ങിനെയുള്ള ഒരു വ്യക്തിയുടെ കുറ്റപത്രത്തിലെ പരാമർശം ചേകന്നൂർ മൗലവിയെ എതിർത്തിരുന്ന ഒരു ഗ്രൂപ്പിന്റെ നേതാവായിരുന്നു (സെക്രട്ടറിയായിരുന്നു) എ.പി.ഉസ്താദ് എന്ന പരാമർശവും കാന്തപുരത്തിന്റെ മേൽ വീണ്ടും സംശയത്തിന്റെ നിഴലുകൾ വീഴ്ത്തുന്നു.!!! അഞ്ചുവർഷത്തോളം മർക്കസിൽ ജോലി ചെയ്തിരുന്ന അബ്ദുർറ

ഹിമാൻ 1994-ൽ സ്വന്തം ബിസിനസ്സു തുടങ്ങിയപ്പോൾ മർക്കസ് വിട്ടുപോന്നു എന്നു പറയുന്നു. ചേകന്നൂർ കേസിലെ പ്രധാന പ്രതികളെല്ലാം 94-95 കാലത്തോടുകൂടി മർക്കസുമായുള്ള ബന്ധം വിച്ഛേദിക്കാൻ തുടങ്ങുന്നതു കാണാം. മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ, ഹംസ സഖാഫി, കൊടിയത്തൂർ അബ്ദുർറഹിമാൻ, ബഷീർ പത്തനാപുരം, കക്കാട് അലിയാർ തുടങ്ങിയവർ 94-95 കാലഘട്ടത്തോടെ മർക്കസ്സിനോട് സലാം' പറയുന്നതുപോലെ അഭിനയിക്കുന്നതു കാണാം. കാരണം ഏതാണ്ട് ഇതേ സമയത്തുതന്നെ ചേകന്നൂർ കേസിന് തുമ്പുണ്ടാകാൻ തുടങ്ങിയിരുന്നു. അതു തനിക്ക് ചേകന്നൂർ വധത്തിലുള്ള താൽപര്യവും പങ്കും പുറത്തു കൊണ്ടുവരും എന്ന് ശരിയ്ക്കും മനസ്സിലാക്കിയ എ.പി.ഉസ്താദും', ചില ബുദ്ധിജീവികളുടെ നിർദ്ദേശപ്രകാരം മർക്കസ്സിലുള്ള എല്ലാ ഭീകരരോടും സ്വന്തമായി ഓരോ ബിസിനസ് കണ്ടുപിടിച്ചു പുറത്തുപൊയ്ക്കൊള്ളാൻ പറയുകയാണുണ്ടായത് എന്ന് വേണം കരുതാൻ...! അതിനായി ഓരോരുത്തർക്കും ഭീമമായ ഒരു തുക നൽകുക എന്നത് പണക്കാരനായ ഉസ്താദിന് ഒരു പ്രശ്നവുമായിരിക്കില്ല. കാരണം ചേകന്നൂർ മൗലവി വധം നടന്ന കാലത്ത് ചേകന്നൂർ മൗലവിക്ക് വേണ്ടി ചെറുതായെങ്കിലും മുറവിളി കൂട്ടിയ ഒരു രാഷ്ട്രീയ പാർട്ടിയായിരുന്നു ബി.ജെ.പി. അന്നു കേന്ദ്രമന്ത്രിയും ബി.ജെ.പി. നേതാവുമായിരുന്ന ഒ.രാജഗോപാലിനെ കോഴിക്കോട്ടുള്ള മർക്കസ്സിലേക്ക് ക്ഷണിക്കുകയും, ഒരു കോടിരൂപ സംഭാവന നൽകുകയും ചെയ്തതായി പത്രവാർത്തയിൽ കണ്ടു. അതിൽ പിന്നെ ബി.ജെ.പി.യുടെ മുതലക്കണ്ണീരും' നിന്നു!. സുന്നീ ചിന്താഗതിപ്രകാരം കാഫിറു'കളായ ബി.ജെ.പി.ക്കു ഒരു കോടി കൊടുക്കാമെങ്കിൽ തന്റെ കൂടെ നിന്ന മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർക്കും, മറ്റും ഭീകര വിധ്വംസക പ്രവർത്തനങ്ങൾ നടത്തിയ സുന്നിക്കുട്ടികൾക്കും' ഒരു രണ്ടു കോടിയെങ്കിലും കൊടുക്കാതിരിക്കാൻ എ.പി.ഉസ്താദിന് കഴിയാതെ പോകുമോ? ഏതാണ്ട് 1994-95 കാലത്ത് ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ തന്നെ ചേകന്നൂർ കേസിലെ പ്രതികൾ ആരാണ് എന്നതിന് ഒരു ഏകദേശ രൂപം ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ തെളിഞ്ഞിരുന്നുവെന്നും, പ്രതികളിൽ പലരും പോലീസ് സഹായത്തോടെ വിദേശത്തേക്ക് രക്ഷപ്പെട്ടെന്നും അന്നു പത്രവാർത്തകൾ ഉണ്ടായിരുന്നു. അന്നു പത്രങ്ങളിൽ വന്ന വാർത്തകളും സി.ബി.ഐ. ഉദ്യോഗസ്ഥരുടെ ഇന്നത്തെ കണ്ടെത്തലുകളും ഒരുപോലെ ഒത്തുവരുന്നു. ആ സ്ഥിതിക്ക് അന്ന് ചേകന്നൂർ മൗലവിക്കേസ് അന്വേഷിച്ച ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥരും കാന്തപുരത്തിനു വേണ്ട ഒത്താശകൾ ചെയ്തുകൊടുത്തു എന്ന നിഗമനത്തിനും പത്രവാർത്തകൾക്കും പ്രസക്തിയുണ്ട്.

കുറ്റം ചെയ്തവർ ആരായാലും അവരെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം. അതേ സമയം ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടരുത്' എന്ന ആ മഹത്തായ നീതിശാസ്ത്രബോധത്തിന് ഒരു പോറലുമേൽക്കാതിരിക്കാൻ കോടതികൾ പ്രത്യേകം ശ്രദ്ധിക്കണം. പട്ടിണിപ്പാവങ്ങളുടെയും സാധാരണക്കാരന്റെയും നാടായ ഇന്ത്യയിൽ കോടതികൾ മാത്രമാണ് സാധാരണക്കാരന് ഒരാശ്രയവും ആശ്വാസവും. ആ വിശ്വാസം തകർക്കപ്പെടാതിരിക്കാൻ കോടതികൾ അതീവ ജാഗ്രതയും, കാർക്കശ്യവും പുലർത്തേണ്ടതുണ്ട്.

## (4)

എ.പി.ഉസ്താദിന്റെ അറിവോടെയാണ് ചേകന്നൂർ സംഭവത്തിന് ഉസ്മാൻ മുസ്ല്യാർ പ്രവർത്തിച്ചത് എന്ന് ചേകന്നൂർ കേസിലെ മറ്റൊരു പ്രധാന സാക്ഷിയായ അബ്ദുള്ള ചുങ്കം, കുണ്ടോട്ടി (ണ.20) പ്രേംകുമാർ സി.ബി.ഐ. മുമ്പാകെ മൊഴികൊടുത്തതും ശ്രദ്ധേയമാണ്. എസ്.എസ്.എഫിൽ (സുന്നി സ്റ്റുഡന്റ് ഫെഡറേഷനിൽ പ്രവർത്തിച്ചിരുന്ന തന്റെ മർക്കസ്സുമായുള്ള ബന്ധത്തിലൂടെയാണ് വാഴക്കാട് ബഷീർ മാസ്റ്ററുമായും, ഉസ്മാൻ മുസ്ല്യാരുമായും പരിചയപ്പെട്ടതെന്നും അബ്ദുള്ളയുടെ മൊഴിയിൽ പറയുന്നു. ഇസ്ലാമിക് ചാരിറ്റി സെന്റർ' എന്ന പേരിൽ പ്രിന്റ് ചെയ്ത വൗച്ചറിൽ ഒപ്പിട്ടുകൊണ്ടും, വിവിധ പ്രവർത്തനങ്ങൾക്കായി ഒപ്പിട്ടുകൊണ്ട് 30,000 രൂപയും, പ്രതിമാസം 1000 രൂപ ശമ്പളം വേറെയും കൈപ്പറ്റിയതായും അബ്ദുള്ള സി.ബി.ഐ. ഉദ്യോഗസ്ഥർക്ക് (പ്രേംകുമാർ) മുമ്പിൽ മൊഴി നൽകുന്നു. പഴുന്നാന ദിക്റിൽ' അബ്ദുള്ളയും പങ്കെടുത്തിരുന്നു. അവിടെ ചീക്കോട്ടുള്ള ഉമ്മർ, കൊട്ടപ്പുറം റസാഖ്, ഹുസൈൻ മുസ്ല്യാർ, ഉസ്മാൻ മുസ്ല്യാർ, സെയ്തലവി അൻവരി, വാഴക്കാട്ട് ബഷീർ മാസ്റ്റർ എന്നിവർ പങ്കെടുത്തിരുന്നു എന്നും അബ്ദുള്ള പ്രേംകുമാർ മുഖേന (സി.ബി.ഐ.) സമ്മതിക്കുന്നു. ടൈഗർ സുന്നി, ക്രസന്റ് വളണ്ടിയർ കോർ (സി.വി.സി.) ജംഇയ്യത്തുൽ ഇഹ്സാനിയ്യ തുടങ്ങിയ ഭീകരസംഘടനകളുമായി അടുത്തു ബന്ധപ്പെട്ടവരാണ് മേൽപ്പറഞ്ഞ വ്യക്തികൾ എല്ലാവരും എന്നിരിക്കേ, പലരും ഒരുപാട് കൊലക്കേസിൽ പ്രതികളുമാണെന്നിരിക്കേ, അവരുമായി 1995 വരെ വളരെ അടുത്ത ബന്ധം പുലർത്തിയിരുന്ന അബ്ദുള്ളയുടെ മൊഴിക്ക് പ്രസക്തിയുണ്ട്. സംഘടനയുടെ പ്രധാന പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് കാരന്തൂർ ഉസ്മാൻ മുസ്ല്യാർ ആണ് എന്ന് അബ്ദുള്ള പറയുമ്പോൾ പ്രത്യേകിച്ചും. കാന്തപുരം എ.പി.അബൂബക്കർ മുസ്ല്യാർക്ക് ശത്രുക്കളിൽ നിന്ന് ' സംരക്ഷണം നൽകാൻ സുന്നി ടൈഗർ ഫോഴ്സും', പിന്നീട് ക്രസന്റ് വളണ്ടിയർ കോറും (സി.വി.സി) മറ്റും ഉണ്ടാക്കിയത്, കാരന്തൂർ സുന്നി മർക്കസ് കോളേജിന്റെ മാനേജരായിരുന്ന മാണ്ടാളിൽ ഉസ്മാൻ മുസ്ല്യാരായിരുന്നു എന്നു മുമ്പ് അലിയാരടക്കം (W.34) ചില പ്രധാന സാക്ഷികൾ പറഞ്ഞതും നാം ഓർക്കുക. അപ്പോൾ എ.പി. ഉസ്താദിന്റെ അറിവോടെയാണ് ചേകന്നൂർ സംഭവത്തിന് ഉസ്മാൻ മുസ്ല്യാർ പ്രവർത്തിച്ചത് എന്ന് അബ്ദുള്ള

മൊഴിനൽകിയെങ്കിൽ അതിൽ കാന്തപുരത്തെ സംശയിക്കുന്നതിൽ തെറ്റുണ്ടോ.. ?

# ചേകന്നൂർ മൗലവി വധം –
# ഗൂഢാലോചന നടന്നത് മർക്കസിൽ വെച്ച്....!!!

1993 ഏപ്രിൽ-മെയ് മാസങ്ങളിലായി, കോഴിക്കോട്ടെ കാരന്തൂരിലുള്ള മർക്കസ് ആർട്സ് കോളേജിൽ വെച്ച് ഉസ്മാൻ മുസ്ലിയാരുടെ നേതൃത്വത്തിൽ ഒരു ഗൂഢാലോചന നടക്കുകയും, ഇസ്ലാമിന് എതിരായി പ്രവർത്തിക്കുന്ന മൗലവിയെ വധിക്കാൻ തീരുമാനിക്കുകയും ചെയ്തു എന്ന് സി.ബി.ഐ. സമർപ്പിച്ച കുറ്റപത്രത്തിൽ കാണുന്നു. ഉസ്മാൻ മുസ്ല്യാരെ കൂടാതെ മുഹമ്മദ് ബഷീർ, മുഹമ്മദ് കുട്ടി, കുഞ്ഞിമരക്കാർ, അബ്ദുൾ ഗഫൂർ, അബ്ദുൾ സലാം പാലപ്പെട്ട, ഇല്യൻ ഹംസ, കക്കാട് അലിയാർ എന്നിവരും ഗൂഢാലോചനയിൽ സജീവമായി പങ്കെടുത്തിരുന്നതായി സി.ബി.ഐ. രേഖപ്പെടുത്തുന്നു. ഇന്ത്യയിലെ എന്നല്ല-ലോകത്തിലെ തന്നെ കുറ്റാന്വേഷണ സംഘടനകളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു അന്വേഷണ ഏജൻസിയാണ് നമ്മുടെ സി.ബി.ഐ. ആ സി.ബി.ഐ.യുടെ റിപ്പോർട്ടിലാണ് പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടുള്ളത്.

1994–95 കാലഘട്ടം വരെ, കാന്തപുരം എ.പി.അബൂബക്കർ മുസ്ല്യാരുടെ വലം കൈയ്യായും, മന:സാക്ഷി സൂക്ഷിപ്പുകാരനായും, എ.പി.യുടെ മർക്കസിന്റെ ജനറൽ മാനേജരായും മറ്റും പ്രവർത്തിച്ച, ഉസ്മാൻ മുസ്ല്യാർ കാന്തപുരത്തിന്റെ അറിവും സമ്മതവുമില്ലാതെ മർക്കസ് കേന്ദ്രമായി ഇത്തരം വിധ്വംസന - ഭീകര പ്രവർത്തനങ്ങൾ നടത്തുമോ ? ഭീകര സംഘടനകളായ ഇസ്ലാമിക് ചാരിറ്റി സെന്റർ, സുന്നി ടൈഗേഴ്സ്, സുന്നി വളണ്ടിയർ കോർ (സി.വി.സി), ജംഇയ്യത്തുൽ ഇഹ്സാനിയ്യ എന്നിങ്ങനെ പരസ്പര ബന്ധമുള്ള സംഘടനകളും വ്യക്തികളും എല്ലാം 1994–95 വരെ മർക്കസ് ആസ്ഥാനമായിട്ടു കാന്തപുരത്തിനു വേണ്ടി തന്നെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാകുമ്പോൾ കാന്തപുര'മാണ് ചേകന്നൂർ വധത്തിന്റെ പിന്നിൽ എന്ന് അന്നത്തെ പത്രങ്ങളുടെയും മറ്റു മാധ്യമങ്ങളുടെയും, ജനങ്ങളുടെയും കണ്ടെത്തലിൽ കഴമ്പില്ലേ...?

(5)

ചേകന്നൂർ വധക്കേസിലെ ഒരു പ്രധാനസാക്ഷിയും, ചേകന്നൂർ വധത്തിന്റെ മുഖ്യസൂത്രധാരനുമായ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരുടെ സഹോദരനുമായ, മണ്ടാളിൽ അബൂബക്കർ ഹാജിയുടെ (W.31) മൊഴിയിലും കാന്തപുരത്തിനെ സംശയിക്കാനും പ്രതിയാക്കാനും പര്യാപ്തമായ തെളിവുകൾ കാണുന്നു. കാന്തപുരത്തിന്റെ കാരന്തൂരുള്ള, മർക്കസുസ്സഖാഫത്തി സ്സുന്നിയ്യ' എന്ന മർക്കസ്സിൽ', അറബിയും, ഉർദുവും, ഇംഗ്ലീഷും പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർ ആയിരുന്നു മണ്ടാളിൽ അബൂബക്കർ ഹാജി. കാന്തപുരം അബൂബക്കർ മുസ്ല്യാർ വിദേശയാത്ര പോകുമ്പോൾ (കുവൈറ്റ്, യു.എ.ഇ., ഈജിപ്ത് തുടങ്ങിയ സ്ഥലങ്ങളിൽ) കൂടെ കൊണ്ടുപോകാറുള്ള ഒരു സന്തതസഹചാരി'യാണ് അദ്ദേഹമെന്ന് സി.ബി.ഐ.ക്ക് നൽകിയിൽ മൊഴിയിൽ വ്യക്തമാക്കുന്നു. ചേകന്നൂർ മൗലവിയുടെ വധവുമായി ബന്ധപ്പെട്ടു മറ്റു പ്രതിഭാഗം സാക്ഷികൾ പറഞ്ഞ പലകാര്യങ്ങളും ഇദ്ദേഹം പറഞ്ഞതുമായി ഒത്തുവരുന്നുണ്ട്.

തങ്ങളെ എതിർക്കുന്നവരെ (സുന്നി ആശയക്കാരെ എതിർക്കുന്നവരെ) എങ്ങിനെ നേരിടണം ' എന്ന യോഗത്തിൽ താനിതുവരെ പങ്കെടുത്തിട്ടില്ലെന്നും അത്തരം യോഗങ്ങൾ പലതും നടക്കാറുള്ളത് മർക്കസിൽ വെച്ച് കാന്തപുരത്തിന്റെ നേതൃത്വത്തിലാണെന്നും, അതിൽ തന്റെ സഹോദരനായ ഉസ്മാനും സജീവമായി പങ്കെടുക്കാറുണ്ടെന്നും, അബൂബക്കർ ഹാജി പറഞ്ഞതായി സി.ബി.ഐ. റിപ്പോർട്ടിൽ കാണുന്നു. മാത്രമല്ല മൗലവിയെ വധിക്കാനുപയോഗിച്ച നീല കളറിലുള്ള ജീപ്പ് തന്റെ സഹോദരനായ ഉസ്മാൻ വാങ്ങിയതു, മറ്റൊരു സഹോദരനായ ഉമ്മർഹാജിയുടെ പേരിലാണെങ്കിലും, ഉമ്മർഹാജിക്ക് ആ ജീപ്പിൽ ഒരു ചെറിയ അവകാശമേ ഉണ്ടായിരുന്നുള്ളൂവെന്നും, മർക്കസിലെ പ്രവർത്തനങ്ങൾക്കുവേണ്ടി കാന്തപുരത്തിന് വേണ്ടിയാണ് ജീപ്പ് വാങ്ങിയതെന്നും മണ്ടാളിൽ അബൂബക്കർ ഹാജി വ്യക്തമാക്കുന്നു. ഈ ജീപ്പിൽ വെച്ചാണ് പ്രതികൾ മൗലവിയെ വധിച്ചത്.

1993 ജൂലായ് മാസത്തിൽ ചേകന്നൂർ മൗലവിയെ തട്ടിക്കൊണ്ടുപോയ വാർത്ത പത്രത്തിൽ വരികയും, അതിനു പിറകിൽ കാന്തപുരം ഗ്രൂപ്പാണെന്ന അഭ്യൂഹം പരക്കുകയും ചെയ്തപ്പോൾ, മാണ്ടാളിൽ അബൂബക്കർ ഹാജി തന്റെ സഹോദരനായ മാണ്ടാളിൽ ഉസ്മാനോട്, ഇതിനെക്കുറിച്ച് ചോദിച്ചപ്പോൾ കാന്തപുരം എ.പി.അബൂബക്കർ മുസ്ല്യാരാണ് ചേകന്നൂർ വധം ആസൂത്രണം ചെയ്തതും, നടപ്പിലാക്കിയതും' എന്നാണ് ഉസ്മാൻ മുസ്ല്യാർ അതിന് മറുപടി പറഞ്ഞത് എന്ന് മൊഴിയിൽ വ്യക്തമാക്കുന്നു. തന്റെ സഹോദരനായ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ കാന്തപുരത്തിന്റെ മർക്കസ്' സംഘടനയിലെ ഒരു എക്സിക്യൂട്ടീവും, കാന്തപുരം അബൂബക്കർ മുസ്ല്യാരുടെ മനസ്സാക്ഷി സൂക്ഷിപ്പുകാരനുമാണ് എന്ന് ഉറപ്പുള്ളതുകൊണ്ടാണ് താൻ ഉസ്മാനോട് ഇതിനെക്കുറിച്ച് അന്ന് ചോദിച്ചത് എന്നും അബൂബക്കർ ഹാജി സി.ബി.ഐ. ഓഫീസർ മുമ്പാകെ

മൊഴി നൽകുന്നു.

ചേകന്നൂർ വധത്തെക്കുറിച്ച് തനിക്ക് കൂടുതലായി ഒന്നും അറിയില്ല എന്നു സമ്മതിക്കുന്ന മണ്ടാളിൽ അബൂബക്കർ ഹാജി, ചേകന്നൂർ വധം ആസൂത്രണം ചെയ്തതും നടപ്പിലാക്കിയതും മർക്കസ്സു സ്സഖാഫാത്തിസ്സുന്നിയ്യയുടെ സെക്രട്ടറിയായ കാന്തപുരം അബൂബക്കർ മുസ്ല്യാർ ആണെന്ന് തന്റെ സഹോദരൻ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ പറഞ്ഞതായി' രണ്ടു തവണ സി.ബി.ഐ. കുറ്റപത്രത്തിൽ ആവർത്തിക്കുന്നു.

കാന്തപുരത്തിന്റെ സന്തതസഹചാരിയും, വിദേശ യാത്രകളിൽ പോലും കാന്തപുരത്തോടൊപ്പം പോവുകയും അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പരിഭാഷപ്പെടുത്തുകയും, കാന്തപുരത്തിന്റെ കാരന്തൂരുള്ള മർക്കസ് കോളേജിൽ' അറബിയും, ഇംഗ്ലീഷും പഠിപ്പിക്കുകയും ചെയ്യുന്ന - മർക്കസിന്റെ അകവും, പുറവുമറിയുന്ന - ബഹുഭാഷാ പണ്ഡിതനും, കാർഷിക വിദഗ്ദനുമായ ഒരു വ്യക്തിയുടെ - മണ്ടാളിൽ അബൂബക്കർ ഹാജിയുടെ-മൊഴി ഒരു സി.ബി.ഐ.ക്കും, കോടതിക്കും അവഗണിക്കാൻ പറ്റുന്നതല്ല, എന്നതും കാന്തപുരത്തിന്റെ മേൽ വീണ്ടും സംശയത്തിന്റെ കരിനിഴൽ വീഴ്ത്തുന്നു...!

മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരുടേത് (ഉമ്മർഹാജിയുടേത്) എന്ന് പൊതുവെ എല്ലാവരും കരുതുന്ന- മൗലവിയെ വധിക്കാനുപയോഗിച്ച നീല ജീപ്പും, മൗലവിയുടെ ഭൗതികശരീരം കുഴിച്ചുമൂടി, എന്നു നാം കരുതുന്ന ഉസ്മാൻ മുസ്ല്യാരുടെ പേരിലുള്ള ചുവന്നകുന്നും' യഥാർത്ഥത്തിൽ ഉസ്മാൻ മുസ്ല്യാരുടേതല്ലെന്നും, അതു മർക്കസ്സിന്റെ പേരിലുള്ള സ്വത്താവാനാണ് സാധ്യത എന്നും മനസ്സിലാകുന്നുണ്ട്. ഒരിക്കൽ ചുവന്നകുന്ന്' കാണിക്കാൻ തന്റെ സഹോദരനായ അബൂബക്കർ ഹാജിയെ, മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ചുവന്ന കുന്നിൽ' കൊണ്ടുപോയപ്പോൾ, സ്വന്തം ജ്യേഷ്ഠനോട് അദ്ദേഹം പറഞ്ഞത് അത് തന്റെ ഒരു സുഹൃത്തിന്റെ സ്ഥലം ആണെന്നാണ്. സ്വന്തം ജ്യേഷ്ഠസഹോദരനോട് തന്റെ പേരിലുള്ള സ്വത്ത് തന്റെ സുഹൃത്തി'ന്റെതാണെന്ന് പറയേണ്ട കാര്യം മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർക്കില്ല..!

## (6)

ഇസ്ലാമിക് ചാരിറ്റിസെന്റർ' ഒരു ഭീകരസ്വഭാവമുള്ള സംഘടനയാണെന്ന് ചേകന്നൂർ കേസിലെ മറ്റൊരു പ്രധാന സാക്ഷിയും, കാന്തപുരം ഗ്രൂപ്പിന്റെ പ്രവർത്തകനുമായ അബൂബക്കർ സിദ്ദിഖിന്റെ (സിദ്ദിഖ് ചിക്കൻ സ്റ്റാൾ, പള്ളിക്കൽ ബസാർ) (W.29) സി.ബി.ഐ.ക്കു മുമ്പാകെയുള്ള മൊഴിയിൽ നിന്നും വ്യക്തമാകുന്നു.

1992-ൽ മഞ്ചേരിയിൽ ഹിന്ദുക്കളും മുസ്ലീംകളും തമ്മിലുണ്ടായ ഒരു തർക്കത്തിൽ, ജീപ്പിൽ ആയുധങ്ങളുമായി പോയതിന് അറസ്റ്റിലായവർ ചേകന്നൂർ കേസിൽ' ഉള്ളതായി അബൂബക്കർ സിദ്ദിഖിന്റെ മൊഴിയിൽ കാണുന്നു. ഇവരൊക്കെ ഇസ്ലാമിക് ചാരിറ്റി സെന്റർ എന്ന പേരിൽ ഒരു സംഘടനയുണ്ടാക്കി പ്രവർത്തിച്ചിരുന്നുവെന്നും, ഐക്കപ്പരപ്പടിയിലെ ഐ.സി.സി.യുടെ (ഇസ്ലാമിക് ചാരിറ്റി സെന്ററിന്റെ) പ്രധാന വ്യക്തികൾ റസാഖും ജബ്ബാറുമാണെന്നും, അബൂബക്കർ സിദ്ദിഖിന്റെ മൊഴിയിൽ കാണുന്നു. മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ഇസ്ലാമിക് ചാരിറ്റി സെന്റർ' എന്ന വൗച്ചറിൽ ഒപ്പിട്ടിട്ടാണ് പണം തന്നിരുന്നത് എന്ന് അബ്ദുള്ളയും (W.20) പറയുന്നു.

കൊട്ടപ്പുറം അബ്ദുൾ റസാഖ്, പള്ളിക്കൽ ബസാറിലുള്ള കുന്നത്തിരി അബ്ദുഗഫൂർ, കട നടത്തുന്ന അബ്ബാസ്, കിഴശ്ശേരിയിലുള്ള കൊന്തേടൻ മുഹമ്മദ്കുട്ടി തുടങ്ങി 17 പേരാണ് അന്ന് 2 ജീപ്പിൽ ആയുധങ്ങളുമായി മഞ്ചേരിയിലേക്ക് പോയത് എന്ന് അബൂബക്കർ സിദ്ദിഖ് സി.ബി.ഐ. മുമ്പിൽ മൊഴി നൽകുമ്പോൾ, ചേകന്നൂർ കേസിലെയും, സന്തോഷ് വധക്കേസിലെയും, തൊഴിയൂരിലിലുള്ള സുനിൽ വധക്കേസിലെയും പല പ്രതികളുമായുള്ള പരസ്പര ബന്ധവും, കോഴിക്കോട്ടും, മലപ്പുറത്തും, തൃശ്ശൂരും മറ്റുമായി മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരുടെ ഇസ്ലാമിക് ചാരിറ്റി സെന്റർ', കോഴിക്കോട്ട് മർകസ് ആസ്ഥാനമായി ശരിക്കും പ്രവർത്തിച്ചിരുന്നു എന്നു പകൽപോലെ വ്യക്തമാകുന്നു.

## (7)

1996 ആഗസ്റ്റ് ഒമ്പതാം തീയ്യതി ചെന്ത്രാപ്പിനിയിലുള്ള മനാഫും, നവാസും, ഷാജഹാനും ചേർന്ന് ചക്കരപ്പാടം സ്വദേശി സന്തോഷ് എന്നയാളെ കൊലപ്പെടുത്തി. ഈ കേസിലെ മൂന്നാം പ്രതിയായിരുന്നു മനാഫ്. ബി.ജെ.പി. ആർ.എസ്.എസ്. പ്രവർത്തകരെ അമർച്ച ചെയ്യുകയും ഉന്മൂലനം ചെയ്യുന്നതിന്റെയും ഭാഗമായിട്ടാണ് സന്തോഷ് വധം' നടപ്പിലാക്കിയത് എന്ന് മനാഫ് സി.ബി.ഐ. മുമ്പാകെ സമ്മതിക്കുന്നു. ജംഇയ്യത്തുൽ ഇഹ്സാനിയ്യ' എന്ന പേരിലുള്ള തീവ്രവാദി' സംഘടനയുടെ മീറ്റിംഗിൽ സൈയ്തലവി അൻവരി, മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ, പള്ളം സുലൈമാൻ എന്നിവർ പലപ്പോഴും ക്ലാസെടുക്കാറുണ്ടായിരുന്നു. ചാവക്കാട്ടുള്ള അകലാട്' സ്കൂളിൽ വെച്ചു നടന്ന ഒരു ക്ലാസിൽ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരും പ്രസംഗി

ച്ചിരുന്നു എന്ന് മനാഫ് പറയുന്നു.

(8)

ചേകന്നൂർ വധക്കേസിലെ ഒരു പ്രധാനസാക്ഷിയായ ടി.പി.അബൂബക്കർ മാസ്റ്ററുടെ (ണ.22) s/ീ.അബ്ദുൽ റഹിമാൻകുട്ടി, തേലക്കാട്ട്, പള്ളിയാലിപടിക്കൽ വീട്, എളയൂർ, ഐരുവെട്ടി, അരീക്കോട്, മലപ്പുറം) മാസ്റ്ററുടെ മൊഴിയിൽ നിന്നും അന്ന് കേസന്വേഷിച്ച ക്രൈബ്രാംഞ്ച് പോലീസിന്റെ അനാസ്ഥ വ്യക്തമാകുന്നുണ്ട്. ചേകന്നൂർ വധക്കേസിലെ പ്രധാന പ്രതികളും, സാക്ഷികളുമായ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ, ഹുസൈൻ മുസ്ല്യാർ തുടങ്ങിയവരുമായി വളരെ അടുത്ത ബന്ധമുള്ള ആളായിട്ടാണ് സി.ബി.ഐ. കുറ്റപത്രത്തിൽ ടി.പി. അബൂബക്കർ മാസ്റ്ററെ കാണാൻ കഴിയുന്നത്. കാന്തപുരവുമായി വേദി' പങ്കിടുന്നതും, കാന്തപുരത്തിന്റെ മർക്കസ് ആർട്സ് കോളേജിൽ' ഫ്രീ ആയി ജനറൽ വിഷയങ്ങളിൽ കുട്ടികൾക്ക് ക്ലാസ് എടുത്തുകൊടുക്കുന്നതും, ഹുസൈൻ മുസ്ല്യാരെ ജയിലിൽ പോയി കാണുന്നതും, ഹുസൈൻ മുസ്ല്യാർ ജയിലിൽ നിന്ന് ഇറങ്ങുമ്പോൾ സ്വീകരിക്കാൻ പോയതും മറ്റും, 1981 മുതൽ ഫാറൂഖ് കോളേജിൽ എട്ടുവർഷത്തോളം, ബോട്ടണി അദ്ധ്യാപകനായി ജോലി നോക്കിയ അബൂബക്കർ മാഷ് തന്നെയായിരുന്നു. മാത്രമല്ല സന്തോഷ് വധക്കേസിലെ മൂന്നാം പ്രതിയായ ഹുസൈൻ മുസ്ല്യാർ, ജയിലിൽ പീഢനങ്ങൾ അനുഭവിക്കുമ്പോൾ പോലീസിന്റെ കണ്ണുവെട്ടിച്ച് ഒളിവിൽ കഴിയുന്ന സെയ്തലവി അൻവരിയെ കാണാൻ പോകുന്നതും അബൂബക്കർ മാഷുതന്നെ. സെയ്തലവി അൻവരി, ബാംഗ്ലൂരിൽ ലാൽ ബാഗ് പാർക്കിനടുത്തുള്ള ഒരു പള്ളിയിൽ ഉണ്ടാകുമെന്നും, അദ്ദേഹത്തോടുപോയി പോലീസിന് കീഴടങ്ങാൻ പറയണമെന്നും മാണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ നിർദ്ദേശിച്ച പ്രകാരം ബാംഗ്ലൂരിൽ സെയ്തലവി അൻവരിയെ കാണാൻ പോകുന്നതും അബൂബക്കർ മാഷ് തന്നെയായിരുന്നു.

രണ്ടായിരാമാണ്ടിൽ ചേകന്നൂർ മൗലവി വധക്കേസിൽ തുമ്പുണ്ടായതിനുശേഷം മാത്രമാണ് ചേകന്നൂർ മൗലവിയുടെ മൃതശരീരം, അരൂരിലുള്ള ഉസ്മാൻ മുസ്ല്യാരുടെ ഉടമസ്ഥതയിലുള്ള ചുവന്നകുന്നിൽ മറവു ചെയ്തിട്ടുണ്ട് എന്ന് ലോകം അറിയുന്നത്. എന്നാൽ ചേകന്നൂർ മൗലവിയെ വധിച്ചതും മൃതദേഹം അരൂരിലുള്ള ചുവന്നകുന്നിൽ മറവു ചെയ്തതും 1994 - 1995 ൽ തന്നെ തനിക്കറിയാമെന്ന് അബൂബക്കർ തന്റെ മൊഴിയിൽ പറയുന്നു.

1994-95 അവസാനത്തിൽ ഒരു ദിവസം വൈകുന്നേരം 7 മണിക്ക് ചേകന്നൂർ വധക്കേസിലെ പ്രധാന പ്രതികളായ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരും, ബഷീറും ഫറോക്കിലുള്ള തന്റെ വീട്ടിൽ വന്നുവെന്നും, മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ബഷീറിനെ തനിക്ക് ആദ്യമായി പരിചയപ്പെടുത്തിയെന്നും മാഷ് പറയുന്നു. (സി.ബി. ഐ.-പ്രേംകുമാർ). രണ്ടായിരാമാണ്ടു വരെ ഒരു തുമ്പും' കിട്ടാതിരുന്ന ചേകന്നൂർവധത്തിലെ പ്രധാന സാക്ഷികളെയും പ്രതികളെയും കുറിച്ച് 1994-ൽ തന്നെ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ തന്നെ ടി.പി.അബൂബക്കർ മാഷിനോടും, പ്രതികളോടുമൊപ്പം വീട്ടിൽ വന്നു നേരിൽ പറഞ്ഞു എന്ന് സി.ബി.ഐ. മൊഴിയിൽ കാണുമ്പോൾ, ചേകന്നൂർ മൗലവി വധവുമായി ബന്ധപ്പെട്ട എല്ലാ കാര്യവും അബൂബക്കർ മാഷിനും, അദ്ദേഹത്തോടൊപ്പം പലപ്പോഴും വേദി പങ്കിട്ട കാന്തപുരത്തിനും അറിയാമെന്നു സങ്കൽപ്പിക്കുന്നതിൽ തെറ്റുണ്ടോ...? നാളെ ബഷീറിനോട് പോലീസിൽ ഹാജരാവാൻ പറഞ്ഞിട്ടുണ്ടെന്നും, ചേകന്നൂർ വധവുമായി ബന്ധപ്പെട്ട് ബഷീറിനെ പോലീസിന് സംശയമുണ്ടെന്നും ഉസ്മാൻ മുസ്ല്യാർ അബൂബക്കർ മാഷിനോട് പറഞ്ഞു എന്നു സി.ബി.ഐ. രേഖയിൽ കാണുന്നു. തുടർന്ന് ചേകന്നൂർ വധവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദമായി ഉസ്മാൻ മുസ്ല്യാർ അബൂബക്കർ മാഷോടു പറഞ്ഞുവത്രെ. ബഷീറും സഫിയും ചേർന്ന് ചേകന്നൂർ മൗലവിയെ വീട്ടിൽ നിന്ന് തന്ത്രപൂർവ്വം വിളിച്ചിറക്കിക്കൊണ്ടുവന്നതും ജീപ്പിൽ കോഴിക്കോട്ടേക്ക് പുറപ്പെട്ടതും, കൊളപ്പുറത്തുവെച്ചു ബാക്കി പ്രതികൾ തന്ത്രപൂർവ്വം ജീപ്പിൽ കയറിയതും ജീപ്പിൽ വെച്ച്, ബഷീർ സിഗ്നൽ' കൊടുത്തപ്പോൾ പിറകിലിരുന്നവർ പെട്ടെന്ന് മൗലവിയുടെ കഴുത്തിൽ തുണി ചുറ്റിയതും, അങ്ങനെ എല്ലാവരും ചേർന്ന് മൗലവിയെ വധിച്ചതും, അരൂരിലുള്ള ചുവന്ന കുന്നിൽ മൗലവിയുടെ മൃതദേഹം മറവു ചെയ്തതും..... എല്ലാം.

അതീവ രഹസ്യമായ ഒരു ഭീകര സംഘടനയുടെ ഒരു ഭീകര ദൗത്യം', ഇത്ര ലാഘവത്തോടുകൂടി ഉസ്മാൻ മുസ്ല്യാർ അബൂബക്കർ മാസ്റ്ററോടു പറയുമോ ? അബൂബക്കർ മാസ്റ്ററോടൊപ്പം വേദി പങ്കിടുന്ന കാന്തപുരം അബൂബക്കർ മുസ്ല്യാർ അറിഞ്ഞുകൊണ്ടുതന്നെയാണ് ചേകന്നൂർ വധം അരങ്ങേറിയത് എന്ന് അന്ന് പത്രവാർത്തകളിൽ അഭ്യൂഹം ഉണ്ടായിരുന്നു. വിദ്യാസമ്പന്നനും, ബിസിനസ്സുകാരനും, സർവ്വോപരി പ്രസിദ്ധമായ ഒരു കോളേജിൽ 8 വർഷം അദ്ധ്യാപകനുമായ ഒരു വ്യക്തി, നാടിനെ നടുക്കിയ ഒരു കൊലപാതകത്തിന്റെ അണിയറ രഹസ്യങ്ങൾ ഏഴു വർഷം മുമ്പ് അറിഞ്ഞിട്ടും പോലീസിനെയും, കോടതിയേയും അറിയിക്കാതെ പൂഴ്ത്തിവെച്ചതും ശിക്ഷാർഹമല്ലേ .. ?

കാന്തപുരത്തിന്റെ ബിനാമിയാണെന്ന് അന്നു പത്രങ്ങളിൽ പരക്കെ വാർത്തയുണ്ടായിരുന്ന മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർക്കു വേണ്ടി അരൂരിലുള്ള ചുവന്ന കുന്ന് 1992ൽ വാങ്ങിക്കൊടുത്തതും അബൂബക്കർ മാഷാണ്. 93 മുതൽ 98 വരെ ഈ സ്ഥലം ഉസ്മാൻമുസ്ല്യാരുടെ കൈവശമായിരുന്നു. 98ൽ ആ സ്ഥലം പി.സി.മോൻ എന്ന യാൾ വാങ്ങി. ചേകന്നൂർ മൗലവിയുടെ മൃതദേഹം ചുവന്നകുന്നിൽ കുഴിച്ചിട്ടിട്ടുണ്ടെന്ന് 93-ൽ തന്നെ ഞാൻ അറിഞ്ഞിരുന്നു' എന്ന് മാഷ് പറയുന്നു. മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരാണ് ആ വിവരം അബൂബക്കർ മാഷിനോട് പറഞ്ഞത് എന്നും മാഷ് സി.ബി.ഐ. (സുഭാഷ്) മുമ്പാകെ വ്യക്തമാക്കുന്നു. അപ്പോൾ 94-95 അവസാനം പോലീസ് ബഷീറിനെത്തേടി വന്നപ്പോഴല്ല അതിനു മുമ്പേ ചേകന്നൂർ വധവുമായി ബന്ധപ്പെട്ട പല കാര്യങ്ങളും ടി.പി.അബൂബക്കർ മാസ്റ്റർക്ക് അറിയാമെന്ന് സി.ബി.ഐ.യുടെ തന്നെ രണ്ട് ഉദ്യോഗസ്ഥർക്ക് മുമ്പിൽ അബൂബക്കർ മാസ്റ്റർ നൽകിയ ഈ പരസ്പരവിരുദ്ധമായ മൊഴിയിൽ നിന്ന് വ്യക്തമാകുന്നു..! കാന്തപുരവുമായി പലപ്പോഴും വേദി പങ്കിട്ടിരുന്ന ടി.പി.അബൂബക്കർ മാസ്റ്റർക്ക് ചേകന്നൂർ മൗലവി കൊലക്കേസിലെ പല സുപ്രധാന സംഭവങ്ങളും അറിയാം എന്നു താൽപര്യം.

അനേകം മഹൽവ്യക്തികൾക്ക് ജന്മംനൽകിയ ഒരു മഹത്തായ സ്ഥാപനമാണ് ഫാറൂഖ് കോളേജ്. എന്നെപ്പോലെയുള്ള പതിനായിരങ്ങൾക്ക് പഠിക്കാനും, വളരാനും, അദ്ധ്യാപകരും, ഡോക്ടരും, എഞ്ചിനീയറുമൊക്കെയാവാനും, താങ്ങും തണലും നൽകിയ ഒരു മഹാപ്രസ്ഥാനമാണ് ഫാറൂഖ് കോളേജ്. ജാതിയുടെയും മതത്തിന്റെ അതിർവരമ്പുകളില്ലാതെ -വർഗ്ഗീയതയുടെ ഒരു ലാഞ്ജനപോലുമില്ലാതെ - എല്ലാവരെയും ഒരുപോലെ സ്നേഹിച്ച ഒരു മഹത്തായ കലാലയം. അവിടെ ജോലിചെയ്തുകൊണ്ടിരുന്ന ഒരു വ്യക്തിയാണ് അബൂബക്കർ മാസ്റ്റർ. ചേകന്നൂർവധം, സന്തോഷ് വധം, തൊഴിയൂരിലെ സുനിൽവധം, എന്നിങ്ങനെ ഒരുപാടു വധക്കേസുകളിലും, ഭീകരപ്രവർത്തനങ്ങളിലും ഏർപ്പെട്ടിരുന്ന പ്രതികളുമായുള്ള അബൂബക്കർമാഷിന്റെ അടുത്ത ചങ്ങാത്തം' വളരെ ഭീതിയുളവാക്കുന്നതാണ് എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ...!

അന്നു (1994-95ൽ) ബഷീറിനെ ചോദ്യം ചെയ്ത ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർക്ക് ഒരു തുമ്പും കിട്ടിയില്ലെന്നും പ്രതിയായ ബഷീറിനെ തിരിച്ചറിഞ്ഞിട്ടില്ലെന്നും' കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ഉസ്മാൻ മുസ്ല്യാർ അബൂബക്കർ മാഷോടു പറഞ്ഞുവത്രെ. കുറച്ചുനാൾ കഴിഞ്ഞു കോഴിക്കോട് വെച്ചു ബഷീറിനെ വീണ്ടും കണ്ടപ്പോൾ ബഷീറും എന്നെ തിരിച്ചറിഞ്ഞിട്ടില്ല, പ്രശ്നങ്ങൾ ഒന്നും ഇല്ല' എന്ന് അബൂബക്കർ മാഷോട് പറഞ്ഞുവത്രെ...! ഏതാണ്ട് ഈ സമയത്തു (1994ൽ) തന്നെയാണ് ക്രൈംബ്രാഞ്ചിലെ ചില ഉന്നത ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ചേകന്നൂർകേസിലെ മുഖ്യപ്രതികളെല്ലാം വിദേശത്തേക്കു കടന്നു എന്ന് പത്രങ്ങളിൽ വാർത്തയുണ്ടായിരുന്നത്. കാന്തപുരത്തിന്റെ മർക്കസിലെ അകത്തും പുറത്തും അടുക്കളയിലും എപ്പോഴും കറങ്ങിനടന്നിരുന്ന ഒരുന്നതനായ പോലീസുദ്യോഗസ്ഥന്റെ സഹായത്തോടെ പ്രതികൾ ബോംബെ വഴി വിദേശത്തേക്ക് കടന്നു എന്നുവരെ അന്നു വാർത്തയുണ്ടായിരുന്നു. അതു കൊണ്ട് ആ സമയത്ത് കേസന്വേഷിച്ച ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥരെയും ചേകന്നൂർ വധത്തിൽ പങ്കുള്ള ചിലരെയും മാറ്റിനിർത്തിക്കൊണ്ട് കുറ്റപത്രം തയ്യാറാക്കുന്ന രീതിയിൽ തെളിവുകൾ വളച്ചൊടിച്ച് അന്നത്തെ പോലീസുദ്യോഗസ്ഥൻമാരെക്കുറിച്ചും കോടതി പ്രത്യേകം അന്വേഷിക്കാൻ ഉത്തരവിടേണ്ടതുണ്ട്..!

ചേകന്നൂർ വധത്തിൽ കാന്തപുരം കുടുങ്ങും' എന്ന് അന്ന് പൊതുവേ ജനസംസാരമുണ്ടായിരുന്നു. 1995ന് ശേഷമാണ് മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ അടക്കം പലരും തന്ത്രപൂർവ്വം മർക്കസിൽ നിന്ന് അകന്നുനിൽക്കുന്നതായി അഭിനയിക്കുന്നത്.

1995ന് ശേഷം മാതൃഭൂമി, മനോരമ തുടങ്ങി കേരളത്തിലെയും, ഇന്ത്യയിലെയും പ്രധാന പത്രങ്ങളിൽ കാന്തപുരത്തിന്റെ മതസൗഹാർദ്ദ ലേഖനങ്ങളും, പ്രസ്താവനകളും നിരന്തരം കാണാം. അതേ സമയം 1995ന് മുമ്പ് അത്തരം പത്രങ്ങളിൽ കാന്തപുരത്തിന്റെ മതസൗഹാർദ്ദ ലേഖനങ്ങൾ നിരന്തരം കാണുക സാധ്യമല്ല. താനൊരു മതസൗഹാർദ്ദ'വാദിയാണെന്നും, അഞ്ചുനേരം നിസ്കരിക്കാത്തവരൊക്കെ കാഫിറുകളാണെന്നും, കാഫിറുകളെ കൊല്ലണം എന്ന വാദമൊന്നും തനിക്കില്ലെന്നും, തന്റെ മർക്കസിൽ ഇതുവരെ ഒരു ഭീകരപ്രവർത്തനവും നടന്നിട്ടില്ലെന്നും, ഇന്ത്യ അംഗീകരിക്കുന്ന ഒരു മഹാ ഫിഗറാണ്' താനെന്നും ഇന്ത്യയിലെ ജഡ്ജിമാരെയും, പോലീസുകാരെയും തെറ്റിദ്ധരിപ്പിക്കലായിരുന്നു ആ ലേഖനങ്ങളുടെ ഒരു ലക്ഷ്യം. 1995ന് ശേഷമുള്ള കാന്തപുരത്തിന്റെ ഇത്തരം പേപ്പർകട്ടിംഗുകളുമായിട്ടാണ് ഇപ്പോൾ കാന്തപുരത്തിന്റെ 'വക്കീലന്മാർ' നടക്കുന്നത്.

ചേകന്നൂർ മൗലവിയെ മൂർഖൻ പാമ്പിനെ കൊല്ലുന്നപോലെ കൊല്ലണം' (ഒറ്റയടിക്ക്, തലക്കടിച്ച്) കൊല്ലണം എന്ന്, അന്ന് മുജാഹിദ് നേതാവായ ഉമ്മർ മൗലവി ഒരു നോട്ടീസ് ഇറക്കിയിരുന്നു. ചേകന്നൂർ മൗലവിയുമായി ഒരു വാദപ്രതിവാദത്തിന് കാന്തപുരത്തെ ക്ഷണിക്കാൻ പോയ കുരുണിയൻ സെയ്തിനോടും, എഞ്ചിനീയർ വീരാൻകുട്ടിയോടും ഓൻ (ചേകന്നൂർ) കാഫിറാണ്. നമസ്കാരം മൂന്നാക്കി ചുരുക്കിയ ഓൻ കാഫിറാണ്. ഇതൊരു ഷഹീദി'ന്റെ കാര്യമാണ്. എന്റെ കുട്ടികൾ ഇതൊന്നും കണ്ട് അടങ്ങിയിരിക്കില്ല. അവർ ചേകന്നൂ

രിനെ കൈകാര്യം ചെയ്തുകൊള്ളും" . എന്നിങ്ങനെ കാന്തപുരം പറഞ്ഞതായി, അന്നു എഞ്ചിനീയർ വീരാൻകുട്ടി സാഹിബ് എന്നോട് പറഞ്ഞിരുന്നു. ഇതൊക്കെ അന്നു 1993ൽ ഞാൻ കേസന്വേഷിക്കുന്ന ലോക്കൽ പോലീസിനോടും, ക്രൈംബ്രാഞ്ചിനോടും പറഞ്ഞിരുന്നു. പക്ഷേ കോടതിയിൽ എന്നെ വിസ്തരിച്ചപ്പോൾ, കാന്തപുരവുമായുണ്ടായ സംവാദത്തിന്റെ ഭാഗം എത്തിയപ്പോൾ പെട്ടെന്ന് പ്രതിഭാഗം വക്കീലും മറ്റും വിഷയം മാറ്റി, കോടതി നടപടികൾ അവസാനിപ്പിക്കുകയാണുണ്ടായത്..! ഇതിലും ദുരൂഹതയുണ്ട്...!!

ജയിലിൽ നിന്ന് ഇറങ്ങിയ ഹുസൈൻ മുസ്ല്യാർക്കു കുഴമ്പു വാങ്ങാൻ പോയതും, അബൂബക്കർ മാഷു തന്നെ..!! എല്ലാ അസുഖങ്ങളും മന്ത്രിച്ചൂതി' ഭേദപ്പെടുത്തുന്ന സിദ്ധനായിട്ടാണ് ഹുസൈൻ മുസ്ല്യാർ പൊതുവെ അറിയപ്പെടുന്നത്. കൊലക്ക് പോകുന്ന പ്രതികൾ പോലീസ് പിടിയിൽ അകപ്പെടാതിരിക്കാനും, കൊലപാതകം നടത്തിയ ജീപ്പ് പോലീസ് പിടിയിൽ അകപ്പെടാതിരിക്കാനും ദിക്ർ' കൊടുക്കുന്ന (മന്ത്രിച്ചൂതി വെള്ളം തളിയ്ക്കുന്ന) ഒരു മഹത്തായ ചികിത്സാശാസ്ത്രവും' ഹുസൈൻ മുസ്ല്യാർക്ക് അറിയാം. അങ്ങനെയുള്ള മഹാസിദ്ധനും, മന്ത്രവാദിയുമായ ഹുസൈൻ മുസ്ല്യാർക്കെന്തിനാ കോട്ടക്കൽ ആര്യവൈദ്യശാലയിലെ കുഴമ്പ്' എന്ന് ചോദിക്കാമായിരുന്നില്ലേ മാഷേ...?

കുറച്ചുപേരെ കുറേ കാലത്തേക്കു വിഡ്ഢികളാക്കാം. കുറേ പേരെ കുറച്ചുകാലത്തേക്കു വിഡ്ഢികളാക്കാം. എന്നാൽ എല്ലാവരെയും എല്ലാകാലത്തും പറ്റിക്കാനും വിഡ്ഢികളാക്കാനും നിങ്ങൾക്കാവില്ല.!'. അവർ തന്ത്രം പ്രയോഗിച്ചു'. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. ഒടുവിൽ അവരുടെ കുതന്ത്രങ്ങളെല്ലാം അല്ലാഹു പാടെ തകർത്തു കളഞ്ഞു' എന്ന ഖുർആൻ വാക്യം എത്രമാത്രം അന്വർത്ഥമല്ല...?

## ദൈവവും ചെകുത്താനും

പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയുടെ ആദ്യയാമങ്ങളിലുമായി മൂന്നുനേരം നമസ്ക്കരിക്കണമെന്നാണ് ഖുർആനും (11:114) മുഹമ്മദ് നബിയും പഠിപ്പിച്ചത്. എന്നാൽ രാത്രിയുടെ രണ്ടറ്റങ്ങളിലും, പകലിന്റെ ഒത്തനടുക്കും, രാത്രിയുടെ ആദ്യയാമങ്ങൾ കഴിഞ്ഞതിനുശേഷവുമൊക്കെയായി അഞ്ചുനേരം നമസ്കരിക്കണമെന്നും അതാണ് നബിചര്യ, (നബിയുടെ ഹദീസ്) എന്നുമാണ് അബൂഹുറൈറയും മുആവിയവും നബിയുടെ മരണശേഷം സുമാർ ഇരുപതുവർഷം കഴിഞ്ഞപ്പോൾ നബിയുടെ പേരിൽ സംഘടിതമായി കള്ള ഹദീസു'കളുണ്ടാക്കി (കള്ള വാർത്തകളുണ്ടാക്കി) പ്രചരിപ്പിച്ചത്. മാത്രമല്ല കണ്ണുപൊട്ടൻ പോലും ബാങ്കുകേട്ടാൽ പള്ളിയിൽ എത്തണമെന്നും, ബാങ്കുകേട്ടിട്ടും നിത്യവും സംഘടിതനമസ്കാരത്തിന് പള്ളിയിൽ എത്താത്തവന്റെ വീടിന് തീവെക്കണമെന്നും കള്ളഹദീസു'കളിലൂടെ അബൂഹുറൈയും മുആവിയയും നിയമമാക്കി.

ഇസ്ലാമിന്റെ നാലാം ഖലീഫയായ ഹസ്രത്ത് അലിയെ ചതിക്കുകയും, ഹസ്രത്ത് അലിയിൽ നിന്ന് അധികാരം ബലമായി തട്ടിയെടുക്കുകയും, ഹസ്രത്ത് അലിയെ മക്കാ-മദീനായിൽ നിന്ന് ഇറാഖിലെ കൂഫയിലേക്ക് പുറന്തള്ളുകയും ചെയ്ത കപടവിശ്വാസിയായ ഒരു ജൂതരാജാവായിരുന്നു മുആവിയ. ആ മുആവിയക്കു വേണ്ടി കള്ള ഹദീസുകൾ നിർമ്മിക്കലായിരുന്നു മുആവിയയുടെ കൊട്ടാര പുരോഹിതനായിരുന്ന അബുഹുറൈറയുടെ ജോലി. കള്ളഹദീസുകളും കള്ളമായ ചരിത്രങ്ങളും നബിയുടെയും നബി കുടുംബത്തിന്റെയും പേരിൽ കെട്ടിയുണ്ടാക്കി കുറെ അനാചാരചിന്തകളും, അനുഷ്ഠാനങ്ങളും ഇസ്ലാംമതം എന്ന പേരിൽ മുആവിയയും അബൂഹുറൈയും അന്ന് അറേബ്യയിൽ നടപ്പിലാക്കി. അതാണ് അഹ്ലുസ്സുന്നത്തുമൽജുമാഅത്ത്' എന്ന ആധുനിക ഇസ്ലാംമതം. ഈ അറേബ്യൻ സുന്നിമതത്തിന്റെ ഒറ്റ നിയമങ്ങളും, ആചാരാനുഷ്ടാനങ്ങളും, നടപടിക്രമങ്ങളും ഖുർആനിൽ നിന്നു കിട്ടുകയില്ല. എല്ലാറ്റിനും ഹദീസ് വേണം. അതുകൊണ്ടായിരുന്നു അഞ്ചുനേരനമസ്കാരം ഖുർആൻ വിരുദ്ധമാണെന്ന് സമർത്ഥിച്ചുകൊണ്ട് ചേകന്നൂർമൗലവി അഞ്ചോളം ഗ്രന്ഥങ്ങൾ എഴുതിയത്. ഖുർആനിൽ അഞ്ചുനേരനമസ്കാരമുണ്ടെന്ന് തെളിയിക്കുന്നവർക്ക് 'ലക്ഷംരൂപ ഇനാം' എന്നുവരെ മൗലവി വിളംബരം ചെയ്തിരുന്നു. ആ വെല്ലുവിളി ഇന്നും നിലനിൽക്കുന്നുണ്ട്. ഖുർആൻ കൊണ്ട് അഞ്ചുനേര നമസ്കാരമുണ്ടെന്ന് തെളിയിക്കുന്ന (ഹദീസുകൊണ്ടല്ല) ഏതൊരു മുജാഹിദ്-സുന്നി പണ്ഡിതനും ഖുർആൻ സുന്നത്തു സൊസൈറ്റിയുടെ ഈ വെല്ലുവിളി ഇന്നും സ്വീകരിക്കാവുന്നതാണ്. ഈയുള്ളവനടക്കം, ഖുർആൻ സുന്നത്ത് സൊസൈറ്റിയിലെ മറ്റു പ്രമുഖരായ പ്രവർത്തകരും പണ്ഡിതന്മാരും അതിനു ഇന്നും തയ്യാറുമാണ്.

മൗലവിയുടെ ഈ വെല്ലുവിളിയിലും, ആത്മവിശ്വാസത്തിലും ഉറച്ചവിശ്വാസമുള്ളതുകൊണ്ടാണ് കുരുണിയൻ സെയ്ത്, എഞ്ചിനീയർ വീരാൻകുട്ടി, റഷീദ് അത്തർവാല തുടങ്ങിയവർ അന്ന് കാന്തപുരത്തെ നേരിട്ടു പോയി കണ്ടു ചേകന്നൂർ മൗലവിയുമായി ഒരു സംവാദത്തിനു ക്ഷണിച്ചത്. അന്ന് കാന്തപുരം പറഞ്ഞത് ഓൻ കാഫിറാണ്. (നമസ്കാരം മൂന്നാക്കി ചുരുക്കിയവൻ, കാഫിറാണ്, ഇതൊരു ഷഹീദിന്റെ കാര്യമാണ്. എനിക്ക് ബുദ്ധിയും വിവരവുമുണ്ട്. (അതുകൊണ്ട് ഞാൻ അതിനായി നേരിട്ടു ഇറങ്ങുകയില്ല) ഇതിനൊക്കെ

പറ്റിയ ദീനിബോധവും, ധൈര്യവുമുള്ള കുട്ടികൾ നമ്മുടെ കൂട്ടത്തിലുണ്ട്. അവരത് ചെയ്തേക്കും' എന്നൊക്കെയായിരുന്നു. അത്യന്തം അപകടകരമായ എ.പി.ഉസ്താദിന്റെ ഈ കമന്റ് കേട്ടതോടെ എഞ്ചിനീയർ വീരാൻകുട്ടി സാഹിബ് കുരുണിയൻ സെയ്തിനോട്, നമുക്ക് പോകാം' എന്നു അപ്പോൾ രഹസ്യസൂചന നൽകുകയും ചെയ്തു. **ഈ സംഭവം നടന്നതും ഏതാണ്ട് 1992 ഏപ്രിൽ – മെയ് മാസക്കാലത്തുതന്നെയാണ് (22.5.93). അന്ന് കാന്തപുരത്തിന്റെ വലംകൈയും, മർക്കസിലെ ജനറൽ മാനേജരുമായിരുന്നു മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ. ചേകന്നൂർ മൗലവിയെ വധിക്കാൻ ഉസ്മാൻ മുസ്ല്യാരും, ബഷീറും, ബഷീർമാസ്റ്ററും, കക്കാട് അലിയാരും ഒക്കെ മർക്കസിൽ വെച്ച് തീരുമാനിച്ചതും ഇതേ സമയത്തുതന്നെയാണ് എന്ന് സി.ബി.ഐ. കുറ്റപത്രത്തിൽ പറയുന്നു. കക്കാട് അലിയാരുടെ മൊഴിയിൽ ഇതു കൂടുതൽ വ്യക്തമാണ്. അപ്പോൾ ഉസ്താദ് ഇതൊന്നും അറിയില്ല എന്ന് എങ്ങിനെ ബുദ്ധിയുള്ളവർ വിശ്വസിക്കും..?**

നിങ്ങൾ ഒരാൾക്ക് ജീവൻ നൽകിയാൽ ഭൂമിയിലുള്ള സർവ്വമനുഷ്യർക്കും ജീവൻ നൽകിയതുപോലെയാണ്. നിങ്ങൾ ഒരാളെ അന്യായമായി കൊന്നാൽ ഭൂമിയിലെ സർവ്വമനുഷ്യരെയും കൊന്നതുപോലെയാണ് (5:32) ' എന്നു പഠിപ്പിച്ച ദൈവികവിപ്ലവഗ്രന്ഥമായിരുന്ന ഖുർആൻ ആയിരുന്നു മൗലവി പ്രചരിപ്പിച്ചത്. അതുകൊണ്ട് അദ്ദേഹത്തെ വധിച്ചവരും, വധിക്കാൻ പ്രേരിപ്പിച്ചവരും, അതിലേക്ക് സംഭാവന നൽകിയവരുമെല്ലാം, ഒരുപോലെ ശിക്ഷാർഹരും, ശപിക്കപ്പെട്ടവരുമാണ്. അല്ലാഹുവും, മലക്കുകളും, സത്യവിശ്വാസികളും, ശപിക്കുന്നവരൊക്കെയും ആ ക്രൂരകൃത്യം ചെയ്തവരെ എന്നെന്നും ശപിച്ചുകൊണ്ടിരിക്കും. ഇന്നവർ നിയമത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെട്ടാലും, നാളെ അല്ലാഹുവിന്റെ കോടതിയിൽ അവർ മൂക്കുകുത്തി' ഹാജരാക്കപ്പെടും. ശിക്ഷിക്കപ്പെടും....!!

സുന്നിടൈഗേഴ്സ്, ക്രസന്റ് വളണ്ടിയർകോർ (സി.വി.സി) ജംഇയ്യത്തുൽ ഇഹ്സാനിയ്യ എന്നിങ്ങനെ പല പേരുകളിൽ പല വിധ്വംസനപ്രവർത്തനങ്ങളും, കൊലകളും, ചേകന്നൂർ മൗലവി വധക്കേസുമായി ബന്ധപ്പെട്ട പ്രതികളും, സാക്ഷികളും ചെയ്തതായി സി.ബി.ഐ.യുടെ കുറ്റപത്രത്തിൽ കാണുന്നു. മർക്കസിൽ വെച്ചു മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരാണ് ശമ്പള'വും, സ്പെഷ്യൽ ബത്തയും' യും, ചില പ്രത്യേക ദൗത്യം' നടത്തിയതിന് പ്രത്യേക പണവും നൽകിയിരുന്നത് എന്നു കാണുന്നു. ഇസ്ലാമിക് ചാരിറ്റി സെന്റർ' (കഹെമാശര ഇവമൃശ്യേ ഇലിൃലേ) എന്ന വൗച്ചറിൽ ഒപ്പിട്ടാണ് പ്രതികൾ പലരും പണംപറ്റിയത്. കാന്തപുരം ഉസ്താദ് ' അറിയാതെ, മർക്കസിൽ വെച്ച് കാന്തപുരം ഉസ്താദ് മാനേജരായി നിയമിച്ച മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ എന്ന വ്യക്തി എങ്ങനെ ഇവർക്കൊക്കെ റസീറ്റു വാങ്ങി പണം നൽകും. **യഥാർത്ഥത്തിൽ വിദേശത്തു നിന്നും ഗൾഫിൽ നിന്നും, നാട്ടിലെ കള്ളപ്പണക്കാരിൽ നിന്നും സംഭാവനയായും മറ്റും മർക്കസിലേക്ക് ഒഴുകിയ പണമാണ് ഈ വിധ്വംസകപ്രവർത്തനങ്ങൾക്കും, ഭീകരപ്രവർത്തനങ്ങൾക്കും മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ഉപയോഗിച്ചുകൊണ്ടിരുന്നത്. അത് തന്റെ ഉസ്താദും നേതാവുമായ കാന്തപുരം' അറിയാതെയാണെന്ന് ആരെങ്കിലും പറഞ്ഞാൽ ബുദ്ധിയുള്ളവർ അത് വിശ്വസിക്കുമോ..? അപ്പോൾ സി.ബി.ഐ.യോ, കോടതിയോ ആരാണ് സമ്പന്നപക്ഷപാതിത്വം' കാണിച്ചത് എന്ന് ചോദിച്ചാൽ അതിനുത്തരം പറയേണ്ട ബാധ്യത സി.ബി.ഐ.ക്കില്ലേ..?**

## കാന്തപുരം പ്രതിനിധാനം ചെയ്യുന്ന സുന്നി – മുജാഹിദ് – ജമാഅത്ത് മൗലവിമാരുടെ മത സൗഹാർദ്ദപ്രസംഗങ്ങളും ലേഖനങ്ങളും വെറും കാപട്യം..!

അഞ്ചുനേര നമസ്കാരം മാത്രമാണ് ദൈവത്തിന്റെ നമസ്കാരമെന്നും, അഞ്ചുനേര നമസ്കാരത്തിൽ ഒന്നു കുറച്ചാൽ അവർ കാഫിറായെന്നും, അവനെ കൊല്ലണമെന്നും അവന്റെ വീടിന് തീവെക്കണം എന്നുമാണ് കള്ള ഹദീസിലൂടെ അബൂഹുറൈറ പഠിപ്പിച്ചത്. ഈ ഹദീസുകൾ ഖുർആനിനേക്കാളും പ്രാധാന്യത്തോടെ കാണുകയും വിശ്വസിക്കുകയും, അതിനെ ഒന്നാം പ്രമാണമാക്കുകയും ചെയ്തവരാണ് ഇന്നുള്ള മുജാഹിദ് – ജമാഅത്ത് – സുന്നി പ്രസ്ഥാനങ്ങളുടെയെല്ലാം മാതൃസംഘടനയായ അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത് !

അഹ്ലുസ്സുന്നത്തുവൽ ജമാഅത്ത് ' എന്ന സുന്നി ഇസ്ലാം മതത്തിന്റെ മുഖമുദ്രയായ അഞ്ചുനേരനമസ്കാരം മാത്രമാണ് അല്ലാഹുവിന്റെ നമസ്കാര രീതിയെന്നും, അഞ്ചുനേരം നമസ്കരിക്കാത്തവരൊക്കെ കാഫിറാണെന്നും അവർ നരകത്തിലെ വിറകാണെന്നും' വിശ്വസിക്കുന്ന കാന്തപുരം പോലുള്ള വ്യക്തിക്ക് അഞ്ചുനേരം നമസ്കരിക്കാത്ത തന്റെ അയൽവാസിയേയോ, സഹപാഠിയേയോ, സഹപ്രവർത്തകനെയോ ആത്മാർത്ഥമായി സ്നേഹിക്കാൻ കഴിയില്ല എന്നത് മന:ശാസ്ത്രപരമായ ഒരു സത്യമാണ്. കാരണം ചെറുപ്പം മുതലേ നരകത്തിലെ വിറകാണെന്ന് പള്ളി മദ്രസ്സകളിൽ നിന്ന് പഠിച്ചുവരുന്ന ഒരു വ്യക്തിയെ ആ ഖുർആൻ വിരുദ്ധ നിയമപ്രകാരം – സുന്നീ നിയമപ്രകാരം കാഫിറായ നരകത്തിലെ ആ വിറകിനെ – എങ്ങിനെയാണ് ഈ സുന്നികൾ ആത്മാർത്ഥമായി സ്നേഹിക്കുക ?

***എന്നാൽ സ്വർഗ്ഗത്തിൽ കടക്കാൻ – മുസ്ലീമാവാൻ – അഞ്ചുനേരം പോയിട്ട് ഒരു നേരം പോലും നമസ്കരിക്കേണ്ടതില്ല എന്നതാണ് ഖുർആനിക സിദ്ധാന്തം. വിശ്വാസവും സൽകർമ്മവുമാണ് എല്ലാദൈവിക മതങ്ങളുടെയും അടിസ്ഥാന സിദ്ധാന്തം. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും***

***ചെയ്തവർക്ക് സ്വർഗ്ഗമുണ്ട്' എന്ന് ഇരുന്നൂറ്റമ്പതോളം തവണ ഖുർആൻ പ്രഖ്യാപിക്കുന്നു. (2:82, 3:57...103:3) മാത്രമല്ല  ആർ ഏകദൈവത്തിൽ വിശ്വസിക്കുകയും അന്ത്യദിനത്തിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നുവോ, അവൻ ജൂതനാവട്ടെ, കൃസ്ത്യാനിയാവട്ടെ, സാബി (ഹിന്ദു)യാവട്ടെ, മുഹമ്മദ് നബിയിൽ വിശ്വസിച്ച മുസ്ലീമാവട്ടെ, അവർക്കൊക്കെ അല്ലാഹുവിൽ മഹത്തായ പ്രതിഫലമുണ്ട്. അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർ ദു:ഖിക്കേണ്ടിവരികയില്ല (2:62, 5:68) എന്ന് ഖുർആൻ വ്യക്തമാക്കുന്നു. ഇവിടെയൊന്നും സ്വർഗ്ഗത്തിൽ കടക്കാൻ അഞ്ചുനേരം പോയിട്ട് ഒരു നേരം പോലും നമസ്കരിക്കണമെന്ന് ഖുർആനും മുഹമ്മദ് നബിയും നിർബന്ധമാക്കുന്നില്ല. അവിടെ അഞ്ചു നേരമാണോ, മൂന്നു നേരമാണോ, ഒരു നേരമാണോ മനുഷ്യർ നമസ്കരിക്കുന്നത് എന്ന് ഖുർആനും മുഹമ്മദ് നബിയും നോക്കിയില്ല. അവർ അറബിയിലാണോ, ഇംഗ്ലീഷുഭാഷയിലാണോ പ്രാർത്ഥിക്കുന്നത് എന്നും പടിഞ്ഞാറുഭാഗത്തേക്ക് തിരിഞ്ഞാണോ, കിഴക്കോട്ടു തിരിഞ്ഞാണോ അവർ പ്രാർത്ഥിക്കുന്നത് എന്നും നോക്കിയില്ല. ആകെ നോക്കിയത് വിശ്വാസവും സൽകർമ്മവുമാണ്...!***

വിശ്വാസവും സൽകർമ്മവുമാണ് എല്ലാ ദൈവിക മതങ്ങളുടെയും കാതൽ. ഹിന്ദുമതവും, ജൂതമതവും, കൃസ്തുമതവും, ഇസ്ലാംമതവും എല്ലാം അടിസ്ഥാനപരമായി ഒന്നു തന്നെ. ഒരേ ദൈവത്തിന്റെ വിവിധ നാടുകളിലും, ഭാഷകളിലും, സംസ്കാരങ്ങളിലും വന്ന ഉൽബോധനമാണത്. ഏക ദൈവമാകുന്ന ദിവ്യജ്യോതിസ്സിൽ നിന്ന്, ഓരോ കാലത്തെ ദൈവദൂതന്മാർ തങ്ങളുടെ അനുയായികൾക്ക് വെളിച്ചം പകരാൻ വേണ്ടി കത്തിച്ചെടുത്ത മാർഗ്ഗദീപമാണ്, ഖുർആനും, ബൈബിളും, വേദങ്ങളും, ഉപനിഷത്തുക്കളുമെല്ലാം..! മലയാളം മാത്രമറിയുന്ന കോഴിക്കോട്ടുള്ള മൊയ്തീൻ കോയയോടും, കാളികാവിലുള്ള ജാനുവിനോടും,  ഇയ്യാക്ക നഅ്ബുദു-വഇയ്യാക്കനസ്തഈൻ' എന്നു നമസ്കാരത്തിൽ പറയൂ അല്ലെങ്കിൽ നിന്നെ ഞാൻ ശിക്ഷിക്കും എന്ന് പറയാൻ മാത്രം വിഡ്ഢിയല്ല ഖുർആനും, മുഹമ്മദ്നബിയും പരിചയപ്പെടുത്തുന്ന അല്ലാഹു. മലയാളം മാത്രം സംസാരിക്കുന്ന കാളികാവിലെ ജാനുവിന് ഖുർആൻ ഉൽബോധനമാവണമെങ്കിൽ മുഹമ്മദ് നബി മലപ്പുറത്തോ, കേരളത്തിന്റെ എവിടെയെങ്കിലുമോ ജനിക്കണം. ഖുർആൻ മലയാളത്തിലിറങ്ങണം. അല്ലെങ്കിൽ പച്ചമലയാളത്തിൽ ഖുർആൻ പരിഭാഷ ചെയ്തുകൊടുക്കണം. എന്നിട്ട് അവർ അത് വായിച്ചു കേൾക്കണം. പഠിക്കണം. എന്നിട്ട് അത് ഉൾക്കൊള്ളാൻ കഴിയുന്നുവെങ്കിൽ ഉൾക്കൊള്ളട്ടെ. ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ. വിശ്വസിക്കാതിരിക്കട്ടെ.. മതത്തിൽ യാതൊരുനിർബന്ധവുമില്ല. (2:256, 10:99) ഇതാണ് മുഹമ്മദ്നബിയുടെയും ഖുർആന്റെയും കാഴ്ചപ്പാട്. ദൈവിക വചനങ്ങൾ പോലും ചിന്തിച്ചുപഠിച്ചല്ലാതെ വിശ്വാസികൾ സ്വീകരിക്കില്ല. (47:24, 25:73,30, 17:36, 62:5) നിങ്ങൾ ഗ്രന്ഥം ചുമക്കുന്ന കഴുതകളാകരുത്. എന്നൊക്കെ ഖുർആനും മുഹമ്മദ്നബിയും, അറബികളെയും, അവരിലൂടെ മാനവരാശിയെയും പഠിപ്പിക്കുമ്പോൾ, അറേബ്യയിൽ ജനിച്ച നാലു ഇമാമുകളിൽ ഒരാളെ അന്ധമായി  തഖ്ലീദു' ചെയ്യണം (അന്ധമായി അനുകരിക്കണം) എന്നാണ് കാന്തപുരത്തിന്റെ പൂർവ്വികർ' എഴുതിയുണ്ടാക്കിയ കള്ള ഹദീസു ഗ്രന്ഥത്തിലുള്ളത്...! ഇതുതന്നെയാണ് 1995 വരെ കാന്തപുരം പ്രസംഗിച്ചുനടന്നതും. അതുകൊണ്ട് തന്നെയാണ് ചേകന്നൂർ മൗലവിയെ  കാഫിർ' എന്നു കാന്തപുരം വിശേഷിപ്പിച്ചതും.....!

തന്റെ ഗ്രൂപ്പിൽ പെട്ട സുന്നിക്കുട്ടികളോ, ചേകന്നൂർ അനുഭാവികളായ കുരുണിയൻ സെയ്തോ, എഞ്ചിനീയർ വീരാൻകുട്ടിയോ, ചേകന്നൂർ മൗലവിയുമായി ഒരു സംവാദത്തിനു വേണ്ടി തന്നെ സമീപിച്ചിട്ടുണ്ടെങ്കിൽ കാന്തപുരം പറയേണ്ട മറുപടി ഇതായിരുന്നു...  മക്കളേ വിശുദ്ധഖുർആനിൽ അതിമനോഹരമായ ഒരു രംഗമുണ്ട്. ദൈവവും പിശാചും - അല്ലാഹുവും  ശൈത്താനും - തമ്മിൽ നടന്ന പ്രതീകാത്മകമായ ഒരു കൂടിക്കാഴ്ചയും സംസാരവും. ദൈവം മനുഷ്യനെ സൃഷ്ടിച്ചതിനു ശേഷം ആകാശ ഭൂമികളിലുള്ള സർവ്വ മലക്കുകളേയും (പ്രാപഞ്ചിക ശക്തികളെയും) വിളിച്ചുകൂട്ടി പറഞ്ഞുവത്രെ, നിങ്ങൾ ആദമിനു സുജൂദ് (പ്രണമിക്കുക) ചെയ്യുക എന്ന്. ദൈവത്തെ ശരിക്കും അറിയുകയും, വിശ്വസിക്കുകയും ചെയ്തിരുന്ന മലക്കുകൾ ആ കൽപ്പന അനുസരിച്ചു.. അവർ മനുഷ്യന് മുമ്പിൽ കീഴടങ്ങാമെന്നു സമ്മതിച്ചു. സുജൂദ് ചെയ്തു. പക്ഷെ ഇബ്ലീസ് (പിശാച്) മാത്രം വഴങ്ങിയില്ല. അവൻ ധിക്കാരിയായി മുഖം തിരിച്ചു. രോഷാകുലനായ ദൈവം പിശാചിനോട് ചോദിച്ചു.  എന്റെ ആജ്ഞ അനുസരിക്കാതിരിക്കാൻ  ഇബ്ലീസേ... നിന്നെ പ്രേരിപ്പിച്ചതെന്താണ്..?' ശൈത്താൻ പറഞ്ഞു.  മണ്ണുകൊണ്ട് സൃഷ്ടിച്ച മനുഷ്യന്  തീ' കൊണ്ട് സൃഷ്ടിച്ച ഞാനെന്തിന് കീഴടങ്ങണം. തീർച്ചയായും, സർവ്വസംഹാര ശക്തിയുള്ള തീകൊണ്ട് സൃഷ്ടിക്കപ്പെട്ട ഞാൻ തന്നെയാണ് മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യനെക്കാൾ കേമൻ.. അതിനാൽ ഞാനവനു പ്രണാമം ചെയ്യുന്ന പ്രശ്നമില്ല..'. ക്ഷുഭിതനായി ദൈവം പിശാചിനോട് പറഞ്ഞു.  നീ ഈ സ്വർഗ്ഗീയാരാമത്തിൽ നിന്നും പുറത്തു കടക്കുക. നീ എന്നെ ധിക്കരിച്ചതു കാരണം ശപിക്കപ്പെട്ടവനായിരിക്കുന്നു'.

എല്ലാം അറിയുന്ന ദൈവം തന്റെ വാദഗതികൾ മനസ്സിലാക്കുമെന്നും, തന്നെ അംഗീകരിക്കും എന്നുമാണ്

ഇബിലീസ്' കരുതിയത്. പക്ഷെ ദൈവിക കൽപ്പനകൾ അനുസരിക്കാൻ മാത്രം നിർദ്ദേശിക്കപ്പെട്ട മലക്കുകളിൽ പ്രധാനിയായ ഇബ്‌ലീസ്' ഇങ്ങനെ ഒരു ചെറിയ ഒരു നിസ്സഹകരണം' കാണിച്ചപ്പോൾ അതിനൊരു ശിക്ഷയായിട്ടാണ് ദൈവം ചെകുത്താനോട് സ്വർഗ്ഗ'ത്തിൽ നിന്ന് തൽക്കാലത്തേക്ക് പുറത്ത് പോകാൻ പറഞ്ഞത്. തന്റെ ആജ്ഞകൾ അനുസരിക്കാത്ത വേലക്കാരന് ഒരു ചെറിയ ശിക്ഷ നൽകാത്ത യജമാനൻ എന്തു യജമാനൻ...? നിരാശനും ഖിന്നനുമായ ഇബ്‌ലീസിന് താൻ സ്വർഗ്ഗീയാരാമത്തിൽ നിന്നും പുറത്താകും എന്നുറപ്പായി. ആ ദൈവിക ശിക്ഷയിൽ തൽക്കാലത്തേക്ക് യാതൊരു വിട്ടുവീഴ്ചയും ഉണ്ടാവില്ല എന്നു ശരിക്കും ചെകുത്താന് ' അറിയാമായിരുന്നു. എങ്കിലും സ്വർഗ്ഗത്തിൽ നിന്ന് നിഷ്കാസിതനായി പുറത്തേക്കു വരുമ്പോൾ ഇബ്‌ലീസ് തിരിഞ്ഞു നിന്ന് ദൈവത്തോടായി വീണ്ടും പറഞ്ഞു : നീയെനിക്ക് സമയം അനുവദിച്ചാൽ, നീ വളരെ ഉൽകൃഷ്ടസൃഷ്ടിയായി കാണുന്ന ഈ മനുഷ്യരുണ്ടല്ലോ... അവർ മുഴുവൻ നന്ദികെട്ടവരാണെന്ന് ഞാൻ നിനക്കു കാണിച്ചുതരാം..! നീ നിന്റെ സൃഷ്ടിഗണങ്ങളിൽ വെച്ച് വളരെ ഉൽകൃഷ്ടജീവിയാണെന്നു പരിചയപ്പെടുത്തുകയും, കൊട്ടിഘോഷിക്കുകയും ചെയ്യുന്ന ഈ മനുഷ്യരുണ്ടല്ലോ, അവർ ഒന്നടങ്കം നിന്നോട് നന്ദികേടുകാണിക്കുന്നവരാണെന്ന് ഞാൻ നിഷ്പ്രയാസം കാണിച്ചുതരാം...!" ബുദ്ധിമോശവും, പക്വതയില്ലായ്മയും, വിവരക്കേടുമാണ് കേവലം തന്റെ ഒരു അടിമയും, സൃഷ്ടിയുമായ ഇബ്‌ലീസ് പറയുന്നതെന്ന് ദൈവത്തിന് ശരിക്കും അറിയാമായിരുന്നു.

മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളുടെയും, പക്ഷിമൃഗാദികളുടെയും സസ്യലതാദികളുടെയും അടിസ്ഥാനവും ഉറവിടവുമാണ് മണ്ണ്. ആ മണ്ണിൽ ഏതു വിത്തിട്ടാലും, അതിനു വളരാനും വികസിക്കാനും, പടർന്നു പന്തലിക്കാനുമുള്ള വിശാല മനസ്കത ആ മണ്ണും വിണ്ണും കാണിക്കുന്നു. മനുഷ്യമനസ്സും അതുപോലെതന്നെയാണ്. ഒരു പിഞ്ചുകുഞ്ഞു വളർന്നുവരുമ്പോൾ അവന്റെ മനസ്സിലേക്ക് നാം ഇട്ടുകൊടുക്കുന്നത് അവനോടൊപ്പം വളരുന്നു. വളർന്നു വലുതാവുന്നു. ഏതുപ്രത്യയശാസ്ത്രവും, മനുഷ്യമനസ്സിൽ വളരുന്നു എന്നു സാരം! ഓരോ മനുഷ്യനും ഒരു വലിയ അളവുവരെ അവർ വളർന്നുവന്ന സാഹചര്യങ്ങളുടെ തടവുകാരനാണ്. എന്നാൽ വിദ്യാഭ്യാസത്തിലൂടെയും അതുവഴിയാർജ്ജിച്ച സ്വതന്ത്രചിന്തയിലൂടെയും ആ ബന്ധത്തിൽ നിന്നു രക്ഷപ്പെടാൻ വിശ്വാസിയായ മനുഷ്യന് കഴിയുമെന്ന് ഖുർആൻ പഠിപ്പിക്കുന്നു. എല്ലാം ഉൾക്കൊള്ളാൻ കഴിയുന്ന മനുഷ്യരുടെയും മനുഷ്യമനസ്സിന്റെയും ഈ ഉദാത്തഭാവവും പ്രത്യേകതയുമൊക്കെ പ്രതീകാത്മകമായി വരച്ചുകാട്ടുകയായിരുന്നു മനുഷ്യനെ ഞാൻ മണ്ണുകൊണ്ടു സൃഷ്ടിച്ചു' എന്ന് ദൈവം പറഞ്ഞപ്പോൾ...! പക്ഷേ.. പാവം ഇബ്‌ലീസി' ന് ആ അലങ്കാര പ്രയോഗം മനസ്സിലായില്ല. തന്നെപ്പടച്ച തീ' പോലുമുണ്ടാക്കിയത് മനുഷ്യന് ജന്മം നൽകിയ അതേ മണ്ണിൽ നിന്നുള്ള ചെറു മരത്തിൽ നിന്നാണെന്ന ആ ചെറിയ സത്യം പോലും പാവം ഇബ്‌ലീസിന് അപ്പോൾ ഓർമ്മയുണ്ടായില്ല..!

വിത്തായാലും, ബീജമായാലും, ചീഞ്ഞുനാറുന്ന ശവമായാലും എല്ലാം തന്റെ മടിത്തട്ടിലേക്ക് ഇട്ടുതരുമ്പോൾ, അതെല്ലാം ഒരുപോലെ സ്വീകരിക്കുകയും, ഉൾക്കൊള്ളുകയും ചെയ്യുന്ന മണ്ണെവിടെ..! ആ മണ്ണിന്റെ ഒരു ഉപോൽപ്പന്നമെന്നോണം മാത്രം പുറത്തുവരുന്ന ആ അഗ്നിയെവിടെ?

സ്നേഹവും, കരുണയും സഹാനുഭൂതിയുമൊക്കെയായി നന്മകൾ നിറഞ്ഞു പാരാവാരം കണക്കെ, അതിരുകളില്ലാതെ വിശാലമായി നിൽക്കുന്ന ഒരു മഹാത്ഭുതമാണ് മനുഷ്യമനസ്സ്..!! പലപ്പോഴും അസൂയകൊണ്ടും, കുശുമ്പുകൊണ്ടും, സ്വാർത്ഥതകൊണ്ടും, ആ മനസ്സിൽ കനലെരിയാറുണ്ട്..! പലപ്പോഴും ആ മനസ്സിൽ തീപ്പിടുത്തമുണ്ടാക്കാൻ ഇബ്‌ലീസിന് ' കഴിഞ്ഞിട്ടുണ്ട്. ചിലപ്പോൾ ആ തീപ്പൊരി വമ്പിച്ച തീപീടുത്തത്തിലേക്കും, അതിവിനാശകാരമായ വിപത്തിലേക്കും മനുഷ്യനേയും മനുഷ്യ കുടുംബത്തെയും മാനവരാശിയെയും എത്തിച്ചിട്ടുണ്ട്...!

വിവരക്കേടു പറയുന്ന ചെകുത്താനാണെങ്കിലും തന്റെ സൃഷ്ടിയായ അടിമയുടെ (ഇബ്‌ലീസിന്റെ) ആത്മവിശ്വാസത്തിൽ ആ യജമാനന് കൗതുകം തോന്നിയിരിക്കണം. നിരാശനായി സ്വീർഗ്ഗീയാരാമത്തിൽ നിന്ന് പുറത്തുപോകാൻ ഇബ്‌ലീസ് ഇറങ്ങിയ സന്ദർഭം..ദൈവം വിളിച്ചു.. ഹേയ് ഇബ്‌ലീസ്' നിന്റെ വെല്ലുവിളി ഞാൻ സ്വീകരിച്ചിരിക്കുന്നു'. ഒരു നല്ല ഭരണാധികാരിയെന്നോണം – രാജാധിരാജന്റെ സിംഹാസനത്തിലെന്നോണം ഇരിക്കുന്ന ആ ദൈവം ഒരു പ്രതിപക്ഷനേതാവിന്റെ എല്ലാ സ്വാതന്ത്ര്യവും അവകാശവും ഇബ്‌ലീസിന് നൽകിക്കൊണ്ട് പറഞ്ഞു: ഹേയ്... ഇബ്‌ലീസ്... നിനക്ക് സമയം നൽകിയാൽ എന്റെ ഏറ്റവും ഉൽകൃഷ്ടസൃഷ്ടിയും പ്രതിനിധിയുമായ മനുഷ്യനെ നീ വഴിപിഴപ്പിക്കും എന്ന നിന്റെ ആ വെല്ലുവിളിയുണ്ടല്ലോ അതു ഞാൻ സ്വീകരിച്ചിരിക്കുന്നു. അന്ത്യനാൾ വരെ, നിനക്കു സമയം നൽകിയിരിക്കുന്നു. നീ പുറപ്പെട്ടുകൊള്ളുക.. നീ പറഞ്ഞതുപോലെ അവരുടെ മുമ്പിലൂടെയും പിറകിലൂടെയും, പാർശ്വങ്ങളിലൂടെയും, കാലുകൾക്കിടയിലൂടെയും, നീ അവന്റെയടുത്തു ചെന്നുകൊള്ളുക. ദുർബോധനങ്ങളാൽ നീ മനുഷ്യനെ വഴിതെറ്റിച്ചു കൊള്ളുക..! പക്ഷേ എന്നിൽ അടിയുറച്ചു വിശ്വസിക്കുന്ന എന്റെ നിഷ്കളങ്കരായ ദാസൻമാരുണ്ടല്ലോ.. അവരിൽ ഒരാളെപ്പോലും നിനക്ക് സ്വാധീനിക്കാൻ സാധ്യമല്ല...! '

ധിക്കാരിയും അഹങ്കാരിയുമായ ഇബ്‌ലീസിനെ ഒരു നിമിഷം കൊണ്ട് ദൈവത്തിന് ഇല്ലാതാക്കാൻ കഴിയുമായിരുന്നു. മഹാനായ ഒരു ശിൽപ്പി തന്റെ കരപാടവം കൊണ്ട് ഈ നാട്ടിൽ എവിടെ നിന്നെങ്കിലും ഒരൽപ്പം കളിമണ്ണെടുത്തു ഒരു പ്രതിമയുണ്ടാക്കി എന്നു സങ്കൽപ്പിക്കുക. അതെത്ര വിലപിടിച്ചതായാലും, മനോഹരമായാലും, അതു ഏതു ചെളിക്കുണ്ടിലേക്ക് വലിച്ചെറിയാനും, തച്ചുടക്കാനും ആ ശിൽപ്പിക്കധികാരമുണ്ട്..!! അദ്ദേഹത്തോട് ആരും അതു ചോദിക്കാൻ വരില്ല. അതിനുള്ള അവകാശവുമില്ല. അതുപോലെ ദൈവം സൃഷ്ടിച്ച ഇബ്‌ലീസി'നെയും ഒരു നിമിഷം കൊണ്ട് ദൈവത്തിനു തന്നെ ഇല്ലാതാക്കാമായിരുന്നു. തിന്മ എന്ന അവസ്ഥയെ ഈ ഭൂമിയിൽ നിന്ന് പറ്റേ ഇല്ലാതാക്കാൻ ദൈവത്തിന് കഴിയുമായിരുന്നു. പക്ഷെ കരുണാനിധിയായ ദൈവം അങ്ങനെ ചെയ്തില്ല. പകരം പ്രതിപക്ഷ നേതാവിനോട് പ്രതിപക്ഷബഹുമാനം' കാണിക്കുകയാണ് രാജസദസ്സിൽ വെച്ച് പോലും ദൈവം ചെയ്തത്. മനുഷ്യപ്രകൃതിയിലെ ദൈവിക ജനാധിപത്യം' ഇവിടെ ആരംഭിക്കുന്നു. ദൈവത്തിന്റെ മജ്‌ലിസിൽ' പോലും ദൈവം തന്റെ അടിമയായ ചെകുത്താനോട് പ്രതിപക്ഷബഹുമാനം' കാട്ടി.. അന്ത്യനാൾ വരെ ചീത്ത മനുഷ്യനെ വഴിതെറ്റിക്കാൻ ദൈവം ചെകുത്താന് സമയം നൽകുകയും ചെയ്തു. മനുഷ്യനെ വഴിതെറ്റിക്കാൻ ഇബ്‌ലീസിന്' സ്വാതന്ത്ര്യം നൽകിയ അതേ ദൈവം പൈശാചിക പ്രവണതയിൽ നിന്നു രക്ഷപ്രാപിക്കാനുള്ള മാർഗ്ഗം അന്നുമുതൽ തന്നെ തന്റെ ദൈവദൂതന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും കാലാകാലങ്ങളിൽ മനുഷ്യർക്കായി അവതരിപ്പിക്കുകയും ചെയ്തു.

നന്മയും തിന്മയും തമ്മിലുള്ള ഒരു വടംവലിയാണ് മനുഷ്യജീവിതം. ദൈവിക ഗുണങ്ങളും പൈശാചിക പ്രവണതകളും തമ്മിലുള്ള സംഘട്ടനമാണ് മനുഷ്യമനസ്സിൽ എപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. അതിൽ മനുഷ്യൻ ചെകുത്താന്റെ ഭാഗത്തുനിൽക്കുമ്പോൾ ദൈവം താൽക്കാലികമായി പരാജയപ്പെടുന്നു. മനുഷ്യൻ ദൈവത്തിന്റെ ഭാഗത്തുനിൽക്കുമ്പോൾ അവനും ദൈവത്തോടൊപ്പം എന്നെന്നും വിജയിക്കുന്നു. മനുഷ്യനും ചെകുത്താനും - മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധവും, ബാന്ധവവും, വളരെ മനോഹരമായി - പ്രതീകാത്മകമായി - വർണ്ണിക്കുകയായിരുന്നു ഖുർആനിലൂടെ അല്ലാഹു. (7:11,12) (7:27-28) (38:75,85) ചെയ്തത്. അവിടെ ഒരാൾക്കും ഒരാളെ കൊല്ലാനുള്ള അധികാരമില്ല. കൊല്ലാൻ കൽപ്പിക്കാനും അധികാരമില്ല. ഒരാളെ കൊന്നതിനു പകരമായോ, ഭൂമിയിൽ ഏഷണിയുണ്ടാക്കി ഗുരുതരമായ കുഴപ്പമുണ്ടാക്കിയതിനു പകരമായോ അല്ലാതെ...!

ഈ പ്രപഞ്ചവും, കാലവും, ഈ പ്രപഞ്ചം ഉൾക്കൊള്ളുന്ന പ്രാപഞ്ചിക ശക്തികളും ദൈവത്തെ സംബന്ധിച്ചിടത്തോളം വളരെ നിസ്സാരമായ ഒന്നാണ്. ആ ദൈവത്തിന്റെ അംശവും, പ്രതിനിധിയുമായിട്ടാണ് ഖുർആൻ മനുഷ്യനെ പരിചയപ്പെടുത്തുന്നത്. ഭൂമിയിൽ അല്ലാഹുവിന്റെ ഖലീഫയായിട്ടാണ് ഖുർആൻ മനുഷ്യനെ പരിചയപ്പെടുത്തുന്നത്. ഈ പ്രപഞ്ചവും പ്രാപഞ്ചിക ശക്തികളും സർവ്വാത്മനാ ദൈവത്തിന് മുമ്പിൽ കീഴടങ്ങി നിൽക്കുന്നു. ദൈവത്തിന്റെ കൽപനകൾ അക്ഷരംപ്രതി ഈ പ്രപഞ്ചവും അതിൽ വിന്യസിച്ചിരിക്കുന്ന പ്രാപഞ്ചിക ശക്തികളും അനുസരിക്കുന്നു...! ആ പ്രാപഞ്ചിക ശക്തികളെ കീഴ്പ്പെടുത്താനുള്ള കഴിവിന്റെ ഒരംശമാണ് തന്റെ പ്രതിനിധിയായ മനുഷ്യന് ദൈവം നൽകിയത്. കാറ്റായും, പ്രകാശമായും, ഗുരുത്വാകർഷണമായും, സൗരോർജ്ജമായും, സൂര്യനായും, മഹാസാഗരമായും, ഒരുപാടൊരുപാട് പ്രാപഞ്ചിക ശക്തികളെ മനുഷ്യന് ദൈവം പരിചയപ്പെടുത്തിയിരിക്കുന്നു. ഈ പ്രാപഞ്ചിക ശക്തികളെ കീഴടക്കാനുള്ള ഒരു പ്രത്യേക കഴിവും മനുഷ്യർക്ക് മാത്രമായി ദൈവം നൽകിയിരിക്കുന്നു. കാറ്റിനെയും, അതിന്റെ സഞ്ചാരഗതിയേയും ചൂഷണം ചെയ്ത് ആദിമ മനുഷ്യർ പായക്കപ്പലിലും, പത്തേമാരിയിലും ഒക്കെ യാത്ര ചെയ്തു പലതും കണ്ടുപിടിച്ചു - കച്ചവടം ചെയ്തു - യുദ്ധം ചെയ്തു - പലതും വെട്ടിപ്പിടിച്ചു. അതേ കാറ്റുകളെ ഉപയോഗിച്ച് ഭീമാകാരമായ ഫാനുകൾ' കറക്കി അതിൽ നിന്നും മനുഷ്യൻ വൈദ്യുതി ഉണ്ടാക്കി...! സൗരോർജ്ജത്തെയും, പ്രകാശത്തെയും അവൻ കീഴടക്കി.. മൺചിരാതുകളിലും, ബൾബുകളിലും, ട്യൂബുകളിലുമൊക്കെയായി അവൻ അത് ഒളിപ്പിച്ചുവെച്ചു. എല്ലാം അവന്റെ ഒരു വിരൽതുമ്പിൽ... ഒരു സ്വിച്ച് ഇടുമ്പോൾ ബൾബുകളും, ട്യൂബുകളും അവനുവേണ്ടി പ്രകാശിക്കുന്നു. വെളിച്ചം അവന് വഴിപ്പെടുന്നു. പ്രകാശം അവന് വേണ്ടി മിന്നൽ വേഗത'യിൽ വന്നെത്തുന്നു. അന്ധകാരമതാ ഓടിയൊളിക്കുന്നു...! അത്യുഷ്ണമുള്ള വേനലിൽ അവൻ വിയർത്തൊലിക്കുമ്പോൾ കാറ്റ് അവന് ചുറ്റും തഴുകിയൊഴുകുന്നു. സ്വിച്ചി'ലും ഫാനി'ലുമായി അവൻ വായുവിനെ അവന്റെ ചൊല്പടിക്കു നിർത്തിയിരിക്കുന്നു. ദൈവത്തിന്റെ ഗുരുത്വാകർഷണമെന്ന കടമ്പയും കടന്ന് ചന്ദ്രനിലും, ചൊവ്വയിലും, ബഹിരാകാശത്തും അവൻ മണിമാളികകളും, ഗവേഷണകേന്ദ്രങ്ങളും, നക്ഷത്ര ഹോട്ടലുകളും തുടങ്ങുന്നു...! ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു...! തനിക്ക് മാത്രം കീഴടങ്ങാൻ ബാധ്യസ്ഥരായ പ്രാപഞ്ചിക ശക്തികളോട്, തന്റെ പ്രതിനിധിയായ മനുഷ്യനും കൂടി നീ കീഴടങ്ങൂ എന്ന് പറഞ്ഞ ആ അല്ലാഹു എന്തൊരത്യുദാരൻ..! തങ്ങളുടെ സ്രഷ്ടാവും, രക്ഷിതാവുമായ അല്ലാഹുവിന് മുമ്പിൽ പൂർണ്ണമായും കീഴ

ടങ്ങി നിൽക്കുന്ന പ്രാപഞ്ചിക ശക്തികളെ ഒരു കുട്ടിദൈവമായി - ദൈവത്തിന്റെ പ്രതിനിധിയായി - ദൈവം തന്നെ വേദങ്ങളിലൂടെ പരിചയപ്പെടുത്തിയ തന്റെ കൂടി വരുതിയിൽ നിർത്താനുള്ള മനുഷ്യന്റെ ആ തിരിച്ചറിവും, പ്രയത്നവുമാണ് മനുഷ്യ പുരോഗതിയുടെ ഇന്നോളമുള്ള ചരിത്രത്തിന്റെ ആകത്തുക.

മനുഷ്യപ്രകൃതിയിൽ അടങ്ങിയിട്ടുള്ള ദൈവികതയും, പൈശാചികതയും വളരെ മനോഹരമായി വർണ്ണിച്ചുകാട്ടുകയായിരുന്നു ഖുർആൻ...! **അന്ത്യനാൾ വരെ ചെകുത്താന് പോലും പ്രവർത്തനാനുമതി നൽകുകവഴി, അഭിപ്രായസ്വാതന്ത്ര്യവും, ആവിഷ്കാരസ്വാതന്ത്ര്യവും മനുഷ്യന്റെ ജന്മാവകാശമാണ് എന്നു പഠിപ്പിക്കുകയായിരുന്നു വിശുദ്ധ ഖുർആനും മുഹമ്മദ്നബിയും...!** പിശാച് എത്ര ശക്തനായാലും, പൈശാചിക ശക്തികൾ ഹിമാലയം കണക്കെ വളർന്നു പൊങ്ങിയാലും, സാക്ഷാൽ ദൈവത്തിന്റെ ഒരു ചെറുസ്പർശത്താൽ അവയെല്ലാം തകർന്നു നിഷ്പ്രഭമാകുന്നു. അപ്പോൾ ഒരു യഥാർത്ഥ ദൈവവിശ്വാസി പൈശാചികതയുടെ ആഴവും, വലുപ്പവും, ഭീകരതയും കണ്ടു പതറുകയില്ല, ഞെട്ടുകയില്ല. അവിശ്വാസികളുടെ ഭൂരിപക്ഷവും, മഹാഭൂരിപക്ഷവും, മൃഗീയ ഭൂരിപക്ഷവും അവനെ സ്വാധീനിക്കുകയുമില്ല.

# കാന്തപുരവും കാരശ്ശേരിയും

വിശുദ്ധ ഖുർആനിന്റെ (38:75) ഈ വ്യാഖ്യാനം നിങ്ങൾ അറബിക്കിത്താബുകൾ' പരിശോധിച്ചാൽ കാണുകയില്ല. ദൈവവും ചെകുത്താനും തമ്മിൽ നടന്ന ആ സംഭാഷണത്തിന്റെ വരികൾക്കിടയിലെ വായനകൾ നിങ്ങൾക്കൊരു തഫ്സീറിലും' കാണാൻ സാധ്യമല്ല. ചില ശിയാ മുഅ്തസലി തഫ്സീറുകളിലല്ലാതെ - ഇറാനിലെയും ഈജിപ്തിലെയും ചില പണ്ഡിതന്മാരുടെ അത്തരം വ്യാഖ്യാനങ്ങൾ പുറത്ത് പറയാതെ-പരസ്യപ്പെടുത്താതെ- പൂഴ്ത്തിവെയ്ക്കലാണ് പൊതുവെ സുന്നികളുടെ പരിപാടി...! എന്റെ ഗുരുനാഥനും കോഴിക്കോട് സർവ്വകലാശാലയിലെ മലയാളവിഭാഗം മേധാവിയായിരുന്ന ശ്രീ. കാരശ്ശേരി മാസ്റ്ററുമായി ഒരിക്കൽ സൊറ' പറഞ്ഞിരുന്നപ്പോൾ എനിക്കദ്ദേഹം പറഞ്ഞുതന്നതാണ് ദൈവത്തിന്റെയും ഇബ്‌ലീസിന്റെയും സംഭാഷണത്തിലെ ഈ പൊരുൾ.. ഇത്തരത്തിൽ മലയാളമറിയുന്ന ഓരോ മുസ്‌ലീമിനേയും ഖുർആൻ വചനങ്ങൾ പഠിക്കാനും, അതിൽ ചിന്തിക്കാനും, തനിക്കു തോന്നിയ അഭിപ്രായം തുറന്നുപറയാനും, മുസ്ലീംകളിൽപെട്ട സാധാരണക്കാർക്കു ധൈര്യം നൽകി എന്നതാണ് ചേകന്നൂർ മൗലവിയുടെ വിജയം..! കാന്തപുരം പ്രതിനിധാനം ചെയ്യുന്ന അറേബ്യൻ പാരമ്പര്യസുന്നികളുടെ പരാജയവും ഇവിടെ നിന്ന് ആരംഭിക്കുന്നു.!

അറബി ഭാഷയിൽ ഇറങ്ങിയ ഖുർആൻ മറ്റൊരു ഭാഷയിലേക്കും പരിഭാഷപ്പെടുത്താൻ പാടില്ല, അമുസ്‌ലീംകൾ ഖുർആൻ തൊടാൻ പാടില്ല, അമുസ്ലീംകൾ ഖുർആൻ തൊട്ടാൽ കണ്ണുപൊട്ടിപ്പോകും. സാധാരണ മുസ്ലീംകൾ ഖുർആന്റെ അർത്ഥം പഠിക്കാൻ പാടില്ല. ഖുർആൻ അർത്ഥമറിയാതെ ഓതിയാൽത്തന്നെ പുണ്യമുണ്ട്. അതും ഖുർആനിലെ (7 വരി മാത്രം വരുന്ന) ഏറ്റവും ചെറിയ ഒരധ്യായമായ ഫാത്തിഹ' മാത്രം അർത്ഥമറിയാതെ ഓതിയാൽ മതി' എന്നിങ്ങനെയുള്ള അറേബ്യൻ സുന്നീപുരോഹിതന്മാരുടെ ജൽപ്പനങ്ങൾ വകവെക്കാതെ അവരുടെ കരാളഹസ്തങ്ങളിൽ നിന്ന് വിശുദ്ധ ഖുർആൻ പിടിച്ചു വാങ്ങി, അതുസാധാരണക്കാരനു നൽകി എന്നതാണ് ചേകന്നൂർ മൗലവിയുടെ ഏറ്റവും വലിയ വിജയം !

ഇപ്പോൾ കേരളക്കരയിലെ മലയാളമറിയുന്ന ഏതൊരു മുസ്ലീമും മുല്ലാക്കമാരെക്കണ്ടാൽ ചോദിക്കും. ആർ ഏകദൈവത്തിലും, അന്ത്യദിനത്തിലും, വിശ്വസിച്ചുകൊണ്ടുംസൽക്കർമ്മങ്ങൾ ചെയ്യുന്നുവോ, അവർ ജൂതനാവട്ടെ, കൃസ്ത്യാനിയാവട്ടെ, മുഹമ്മദ് നബിയിൽ വിശ്വസിച്ച മുസ്ലീമാവട്ടെ, സാബി (ഹിന്ദു) മതക്കാരനാവട്ടെ, അവർക്കൊക്കെ സ്വർഗ്ഗവും, പരലോകമോക്ഷവും ഉണ്ടെന്ന് ഖുർആൻ (2:62) (5:69) ൽ പറയുന്നുണ്ടല്ലോ.. പിന്നെ എന്തുകൊണ്ടാണ് അഞ്ചുനേരം നമസ്കരിച്ചിട്ടില്ലെങ്കിൽ കാഫിറാണെന്നും നരകാവകാശിയാണെന്നും നിങ്ങൾ പ്രചരിപ്പിക്കുന്നത് മുസ്ല്യാരേ..എന്ന്.' ആ ചോദ്യം കേട്ടാൽ എല്ലാ മുസ്ല്യാക്കൻമാരും മുങ്ങാൻ തുടങ്ങും..! കാരണം പ്രസ്തുത ഖുർആൻ വാക്യത്തെ ദുർബ്ബലപ്പെടുത്തിക്കൊണ്ട് അബുഹുറൈയും, മുആവിയയും, സുന്നീ മുജാഹിദ്-ജമാഅത്ത് മൗലവിമാരും ഇപ്പോൾ വിളമ്പുന്ന വിശദീകരണങ്ങൾ അടിമുടി പച്ചക്കള്ളമായ ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള ദുർവ്യാഖ്യാനമാണെന്നു ചേകന്നൂർ മൗലവി സമർത്ഥിച്ചതുകൊണ്ടുതന്നെ..!

നാം നിൽക്കുന്നിടത്ത് നിന്നു കൊണ്ട് എങ്ങോട്ടു നോക്കിയാലും തിന്മയാണ്. പിശാചിന്റെ വിളയാട്ടമാണ് എങ്ങും. ഞാൻ മനുഷ്യന്റെ മുമ്പിലൂടെയും, പിറകിലൂടെയും, വലതുഭാഗത്തുകൂടെയും, ഇടതുഭാഗത്തുകൂടെയും, കടന്ന് ചെന്ന് മനുഷ്യനെ വഴിതെറ്റിക്കും, പ്രലോഭിപ്പിക്കും എന്ന് ദൈവ സന്നിധിയിൽ വെച്ചു ചെകുത്താൻ പറഞ്ഞില്ലേ? (7:17) അപ്പോൾ നിഷ്കളങ്കനും നിസ്വാർത്ഥനുമായ ഒരു ദൈവവിശ്വാസിക്ക് എവിടെയും ആ തിന്മ കണ്ടെത്താൻ കഴിയും. പക്ഷെ അവിശ്വാസികളെ പിശാചു കീഴ്പ്പെടുത്തിയ പോലെ അല്ലാഹു

വിന്റെ നിഷ്കളങ്കാരായ ദാസന്മാരെ കീഴ്പ്പെടുത്താൻ ഇബ്ലീസിനു കഴിയുകയില്ല..! **സമൂഹത്തിൽ എല്ലാ മേഖലകളിലും തിന്മകൊടികുത്തിവാണാലും, ആ തിന്മയിൽ അകപ്പെടാതെ ഉള്ളതുകൊണ്ടു തൃപ്തിപ്പെട്ടു ജീവിക്കുന്ന ഒരു വിഭാഗം ദൈവവിശ്വാസികളെ എല്ലാമതക്കാരിലും കാണാം. ഹിന്ദുക്കളിലും, ജൂതന്മാരിലും, കൃസ്ത്യാനികളിലും, മുസ്ലീംമതക്കാരിലും, അത്തരം ഒറ്റപ്പെട്ട വ്യക്തികളെയും, കുടുംബങ്ങളെയും, നമുക്ക് കാണാം. പിശാചിന് പിടികൊടുക്കാതെ, ജീവിതം സ്വർഗ്ഗതുല്യമാക്കിയ, ആ വിശ്വാസികളുടെ പേരാണ് മുസ്ലീംകൾ. ദൈവത്തെക്കുറിച്ച് പഠിച്ചു, ചിന്തിച്ചു മനസ്സിലാക്കി കീഴ്പ്പെട്ടവർ ' എന്നാണ് മുസ്ലീംകൾ എന്നതിന്റെ അർത്ഥം. ആ മുസ്ലീംകളുടെ മറ്റൊരു പേരാണ് ബ്രാഹ്മണർ (ബ്രഹ്മത്തെ അറിഞ്ഞവർ). വിഗ്രഹാരാധനയിലും വ്യക്തിപൂജകളിലും അനാവശ്യയാഗങ്ങളിലുമൊക്കെയായി ദൈവത്തെ മറച്ചുവെച്ച് ഇന്ത്യയിലുള്ള 95% ഹിന്ദുക്കളും ദൈവത്തെ അറിയാത്ത അബ്രാഹ്മണർ' ആയതുപോലെ അഞ്ചുനേര നമസ്കാരത്തിലും അഞ്ചുനേര ബാങ്കുവിളിയിലും പള്ളികളിലുമൊക്കെയായി ഖുർആൻ വിരുദ്ധ മന്ത്രങ്ങൾ ഉരുവിടുന്ന – അല്ലാഹു എന്തെന്നറിയാത്ത – അമുസ്ലീംകളാണ് ഇന്നത്തെ മുസ്ലീംകളിൽ 95 ശതമാനവും എന്നത് വളരെ വിചിത്രവും അതിലുപരി ചിന്തനീയവുമായ ഒരു വസ്തുതയാണ്. ദൈവത്തിന് കീഴ്പ്പെട്ടു വിശ്വാസവും സൽകർമ്മവുമായി കഴിയുന്ന യഥാർത്ഥ മുസ്ലീംകൾ (ബ്രാഹ്മണർ–ബ്രഹ്മത്തെ അറിഞ്ഞവർ) എല്ലാ മതത്തിലും ഉണ്ടെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്...!**

ചേകന്നൂർ മൗലവിയുമായി സംവാദത്തിന് ക്ഷണിക്കാൻ വന്ന സുന്നിക്കുട്ടികളോടും, കുരുണിയൻ സെയ്തിനോടും, എഞ്ചിനീയർ വീരാൻകുട്ടിസാഹിബിനോടും, കാന്തപുരം പറയേണ്ട മറുപടിയായിരുന്നു മേൽപറഞ്ഞ വിശദീകരണം. അതുപറയാതെ നമസ്കാരം മൂന്നാക്കി ചുരുക്കിയ ഓൻ കാഫിറാണ്. ചേകന്നൂരിന്റേത് ഒരു ഷഹീദിന്റെ (രക്തസാക്ഷിത്വത്തിന്റെ) കാര്യമാണ്. എനിക്ക് പ്രായമായതുകൊണ്ട് അൽപം ക്ഷമയും സഹനവും ഒക്കെയുണ്ട്. പക്ഷെ എന്റെ കുട്ടികൾ ഇതു സഹിച്ചെന്നുവരില്ല.. അവർ ആവേശം മൂത്ത് എന്തെങ്കിലും ഒക്കെ ചെയ്തെന്ന് വരും. (അവർ ഞാൻ കുത്തിവെച്ച മതഭ്രാന്തുമൂലം, ചിലപ്പോൾ മൗലവിയെ തല്ലുകയോ, കൊല്ലുകയോ ഒക്കെ ചെയ്തേക്കാം എന്നു സാരം) യഥാർത്ഥത്തിൽ അല്ലാഹുവും, ഇബ്ലീസും തമ്മിൽ നടന്ന ആ സംഭാഷണം തന്റെ കുട്ടികൾക്കും, തന്നെ വാദപ്രതിവാദത്തിന് ക്ഷണിക്കാൻ വന്നവർക്കും പറഞ്ഞു കൊടുത്ത് മതഭ്രാന്തിൽ നിന്ന് മനുഷ്യത്വത്തിലേക്കും, മതവികാരത്തിൽ നിന്ന് മതവിചാരത്തിലേക്കും തിരിച്ചുവിടുകയായിരുന്നു കാന്തപുരം ചെയ്യേണ്ടിയിരുന്നത് ..!

# ‘ഇസ്ലാം’ എന്നാൽ അറേബ്യൻ സംസ്കാരമല്ല..........!

എല്ലാ നല്ല വസ്തുക്കളും വിശ്വാസികൾക്കു അനുവദിക്കപ്പെട്ടിരിക്കുന്നു (5:4,5) (7:157) (7:33) എന്നു ഖുർആൻ പറയുന്നു. അതുപോലെ കുറ്റകരമെന്നു തോന്നിയ ഒരു കാര്യവും ചെയ്യരുതെന്നും, അതിനോട് സഹകരിക്കരുതെന്നും ഖുർആൻ ഉണർത്തുന്നു. അതുകൊണ്ട് ഭൂമിയിലുള്ള എല്ലാ നല്ല സംസ്കാരങ്ങളുടേയും നല്ല വശങ്ങൾ സ്വാംശീകരിക്കുന്നതിൽ മുസ്ലിംകൾക്കു തെറ്റില്ല. ഭാരതീയ സംസ്കാരത്തിലും യൂറോപ്യൻ സംസ്കാരത്തിലും, ഗ്രീക്കു സംസ്കാരത്തിലും, അമേരിക്കൻ സംസ്കാരത്തിലും, അറേബ്യൻ സംസ്കാരത്തിലും കാണപ്പെടുന്ന നല്ല വശങ്ങൾ സ്വായത്തമാക്കുന്നതിൽ മുസ്ലീംകൾക്കു തെറ്റില്ല. ആ സംസ്കാരങ്ങളിലെ നല്ലതും ചീത്തയുമായ കാര്യങ്ങൾ ഒരു പരിധി വരെ ആപേക്ഷികവുമാണ് എന്ന കാര്യവും നാം മറക്കാതിരിക്കുക........!

സ്ത്രീകൾ പർദ്ദ ധരിക്കുക, മുസ്ലീം പുരുഷൻമാർ തലയിൽ എന്തെങ്കിലും (തൊപ്പിയോ മറ്റോ) ധരിക്കുക, ചേലാകർമ്മം ചെയ്യുക, രാവും പകലുമായി കുറേ തവണ നമസ്കരിച്ചു കൊണ്ടിരിക്കുക, 5ഉം 6ഉം തവണ ബാങ്ക് കൊടുക്കുക, സുന്നത്തു നമസ്കാരങ്ങളനുഷ്ഠിക്കുക, സുന്നത്തുനോമ്പുകളനുഷ്ഠിക്കുക, താടിവെക്കുക, റമളാൻ മാസം മുഴുവൻ നോമ്പനുഷ്ഠിക്കുക (റമളാനിലെ എണ്ണപ്പെട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാനാണ് (അയ്യാമൻ മഅ്ദൂദാത്ത്) ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചത്) ഹജ്ജും, ഉംറയും ചെയ്തുകൊണ്ടിരിക്കുക എന്നിങ്ങനെ ഒരുപാടു കാര്യങ്ങൾ അറേബ്യൻ സംസ്കാരവുമായി ബന്ധപ്പെട്ടുകാണാം. എന്നാൽ ഇതൊക്കെ നിർബന്ധമാണെന്നോ മുസ്ലിമാവാൻ ഇതെല്ലാം അത്യാവശ്യമാണെന്നോ, ധിക്കാര പൂർവ്വമല്ലാതെ ആരാധനകളുപേക്ഷിച്ചാൽ നരകശിക്ഷയുണ്ടെന്നോ ഖുർആനും മുഹമ്മദ് നബിയും എവിടെയും പഠിപ്പിക്കുന്നില്ല.

എന്നാൽ മുആവിയയും അബൂഹുറൈറയും തന്ത്രപരമായ ഒരട്ടിമറിയിലൂടെ നബി പഠിപ്പിച്ച ഖുർആനിക സത്യങ്ങൾ മറച്ചുവയ്ക്കുകയും, ഖുർആന്റെ വിശദീകരണം എന്ന പേരിൽ -നബിയുടെ ഹദീസുകൾ എന്ന പേരിൽ - ഒരു രണ്ടാം പ്രമാണമുണ്ടാക്കുകയും, ആ ഹദീസുകളിലൂടെ, അറേബ്യൻ സംസ്കാരവും, പാരമ്പര്യവും, ചിന്താഗതികളും ‘ഇസ്ലാമികം’ എന്ന പേരിൽ ലോകത്ത് പർവ്വതീകരിച്ച് പ്രചരിപ്പിക്കുകയും ചെയ്തു. ഇതെല്ലാം ‘അബൂഹുറൈറയും ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളും’ എന്ന ഭാഗത്ത് നാം വിശദീകരിച്ചതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ചുരുക്കത്തിൽ നമ്മുടെ വേദ ഗ്രന്ഥമായ ഖുർആൻ അറബിയിലായതു കൊണ്ടും മുഹമ്മദ്നബി തിരുമേനി അറേബ്യയിൽ ജനിക്കുകയും ജീവിക്കുകയും ചെയ്തതു കൊണ്ടും അറേബ്യൻ സംസ്കാരവുമായി ബന്ധപ്പെട്ട ചില പരാമർശങ്ങളും നടപടി ക്രമങ്ങളും ഖുർആനിൽ കാണാം. അതൊന്നും ഇസ്ലാം മതത്തിന്റെ അടിസ്ഥാന പ്രമാണമായോ, ഇസ്ലാം മതത്തിന്റെ സ്തംഭമായോ ഖുർആനും നബിയും പഠിപ്പിക്കുന്നില്ല (3:7). അറബി ഭാഷയ്ക്കുപോലും മറ്റു ഭാഷകളിൽ നിന്നും വ്യത്യസ്ഥമായി എന്തെങ്കിലും ‘പോരിശ’യുണ്ടെന്നോ, മഹത്വമുണ്ടെന്നോ ഖുർആൻ അവകാശപ്പെടുന്നുമില്ല. ലോകത്തുള്ള എല്ലാ ഭാഷയും അല്ലാഹുവിന്റേതു തന്നെ.......! ‘അറബി’ സ്വർഗ്ഗത്തിലെ ഭാഷയാണെന്ന അറേബ്യൻ സുന്നികളുടെ (സുന്നി-മുജാഹിദ് ജമാഅത്തു മൗലവിമാരുടെ)വാദം നിരർത്ഥകമാണെന്നും, ഖുർആൻ വിരുദ്ധമാണെന്നും സാരം....!

ഭൂമിയിലുള്ള എല്ലാ ജനവിഭാഗങ്ങൾക്കും, അവരുടെ മാതൃഭാഷയിൽ സംസാരിക്കുന്ന ദൈവദൂതനേയും (റസൂലിനേയും) അവരുടെ ഭാഷയിലുള്ള വേദഗ്രന്ഥത്തെയും, അതാതു സമയങ്ങളിൽ നൽകിയിട്ടുണ്ട് എന്ന് ഖുർആൻ ഉണർത്തുന്നു. അഥവാ എല്ലാ ഭാഷയിലും അല്ലാഹു ഖുർആൻ പോലെയുള്ള ഉൽബോധനങ്ങൾ-വേദഗ്രന്ഥങ്ങൾ-നൽകിയിട്ടുണ്ട് എന്നു സാരം. മനുഷ്യർക്ക് വേദഗ്രന്ഥവും സന്മാർഗ്ഗവും നൽകുന്ന കാര്യത്തിൽ ജാതിമത വ്യത്യാസമോ, വർഗ്ഗ വർണ്ണവ്യത്യാസമോ, ഭാഷാ വിവേചനമോ, അല്ലാഹു കാണിച്ചിട്ടില്ല എന്നുസാരം. (10:47) (14:4) (35:25) (22:34) എല്ലാ ഭാഷയും സംസ്കാരവും അല്ലാഹുവിന്ന് ഒരുപോലെ.....! ഇതെല്ലാം ‘സർവ്വമതസത്യവാദം ഖുർആനിൽ’ എന്ന ഭാഗത്തു മൗലവി വിശദീകരിച്ചതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ആ നല്ല സംസ്കാരങ്ങളിൽ കാണപ്പെടുന്ന അനുകരണീയമായ നടപടി ക്രമങ്ങളും ആചാരങ്ങളും സന്ദർഭമനുസരിച്ച് വിശ്വാസികൾക്ക് സ്വീകരിക്കാം.......! ഇതെല്ലാം ‘ഖുർആൻ -ലോകസമാധാനത്തിന്റെ ഗ്രന്ഥം’ എന്ന ഭാഗത്ത് നാം വിശദമാക്കിയിട്ടുണ്ട്.

**‘ഇസ്ലാം’ എന്നാൽ ഏകദൈവ വിശ്വാസവും (തൗഹീദ്) പരലോകമോക്ഷത്തിലുള്ള വിശ്വാസവും, പരോപകാരമുള്ള സൽകർമ്മങ്ങൾ ചെയ്യലുമാണ്. (2:62, 5:69) ഈ മൂന്നു അടിസ്ഥാന സിദ്ധാന്തങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് മതത്തിൽ ഏതു രീതിയിലുള്ള പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ മുസ്ലീം പണ്ഡിതനും മുസ്ലീം ഭരണാധികാരിക്കും അവകാശമുണ്ട്. അതനുസരിക്കാൻ ഓരോ മുസ്ലീമും ബാധ്യസ്ഥനാണ്.(4:59)**

ആരാധനകളിലെ അനാചാരങ്ങൾ, (നമസ്കാരത്തിൽ നബിയെ വിളിക്കൽ, ആമിൻ പറയൽ, ഹജ്ജിലെ കല്ലുചുംബിക്കൽ) അപകടകരമായ ആരാധനാ രീതികൾ, (ഹജ്ജിലെ കല്ലേറ്) സിവിൽ ക്രമിനൽ നിയമങ്ങൾ, പിന്തുടർച്ചാ നിയമങ്ങൾ, വൈവാഹിക നിയമങ്ങൾ വിവാഹമോചന നിയമങ്ങൾ എന്നിവയിലൊക്കെ ആവശ്യമെന്നു തോന്നിയാൽ അതാതു നാട്ടിലെ പണ്ഡിതൻമാർക്കും, ഭരണാധികാരികൾക്കും നീതിപൂർവ്വം മാറ്റം വരുത്താൻ ഖുർആൻ അനുവാദം നൽകുന്നു. അതനുസരിക്കൽ മുസ്ലീംകളുടെ ബാധ്യതയുമാണ്. ഇതെല്ലാം 'വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങൾ' എന്ന ഭാഗത്തു നാം വിശദമാക്കിയിട്ടുണ്ട്.

ഏതൊരു പ്രദേശമായാലും, സമൂഹമായാലും, സംഘടനയായാലും ആ പ്രദേശത്തുള്ള ഏറ്റവും ബുദ്ധിമാനും സമർത്ഥനും, ധീരനും, തന്റേടിയുമായ വ്യക്തിയായിരിക്കും ആ ദേശത്തെ ഭരണാധികാരിയും ന്യായാധിപനും കൈകാര്യകർത്താവും നേതാവുമൊക്കെയായി വരിക. ആ കൈകാര്യകർത്താക്കളെ അനുസരിക്കാനാണ് ഖുർആൻ വിശ്വാസികളെ ആഹ്വാനം ചെയ്തത്. (4:59) കാരണം ദൈവവും ദൈവവിശ്വാസവും പരലോകമോക്ഷത്തിലുള്ള വിശ്വാസവും പരോപകാരമുള്ള സൽക്കർമ്മങ്ങളും എല്ലാ കാലത്തും എല്ലാ ദേശത്തും ഒരുപോലെ മാറ്റമില്ലാതെ തുടരും. എന്നാൽ അനുദിനം മാറിക്കൊണ്ടിരിക്കുന്ന മനുഷ്യന്റെയും അവന്റെ ചുറ്റുപാടുകളുടെയും സമ്മർദ്ദം അനുസരിച്ച് ഭൗതിക ജീവിത നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതായി വരും. ആവശ്യമെന്നു തോന്നിയാൽ അത്തരം മാറ്റങ്ങൾ നടപ്പിലാക്കാൻ ഖുർആൻ വിശ്വാസികളിലെ നേതാക്കൾക്കും പണ്ഡിതന്മാർക്കും ഭരണകർത്താക്കൾക്കും അനുമതി നൽകുന്നു. അതനുസരിക്കാൻ ഓരോ മുസ്ലീമും ബാധ്യസ്ഥനാണ്...!

ഖുർആൻ വിശ്വാസികളായ ഞങ്ങൾ പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയിലെ ആദ്യയാമങ്ങളിലുമായി 3 നേരം രഹസ്യമായി നമസ്കരിക്കുന്നതും, നമസ്കരിക്കുമ്പോൾ മക്കായിലെ 'കഅബാ' മന്ദിരത്തിലേക്ക് മുഖം തിരിക്കുന്നതും, വെള്ളിയാഴ്ച ദിവസം കണിശമായി സംഘടിതമായി ജുമുഅ നമസ്കാരം നിലനിർത്തി വരുന്നതും നമസ്കാരത്തിൽ അറബി ഭാഷയിലുള്ള ഖുർആനിൽ നിന്ന് പ്രായോഗികമായത് ഓതുന്നതും, റംസാനിൽ എണ്ണപ്പെട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുന്നതും സാധ്യമായെങ്കിൽ മക്കയിലേക്ക് ഒരു തീർത്ഥയാത്ര പോയി ഹജ്ജനുഷ്ഠിക്കുന്നതുമെല്ലാം ഞങ്ങളുടെ മതം ഞങ്ങളെ പഠിപ്പിച്ച ഞങ്ങളുടെ നബിയുടെ സുന്നത്ത് (ചര്യ - നടപടി ക്രമം) പിൻപറ്റുന്നതിന്റെ ഭാഗമായാണ്. ഞങ്ങളുടെ ആ നമസ്കാരം മാത്രമാണ് ശരി എന്ന ഒരു വാദവും സുന്നത്തുമതക്കാരെപ്പോലെ - സുന്നിമുജാഹിദ് ജമാഅത്ത് മൗലവിമാരെപ്പോലെ - ഒരു വാദവും നമുക്കില്ല. ഇന്നു ഭൂമിയിലുള്ള എല്ലാ ദൈവിക മതങ്ങളിലും നിത്യനമസ്കാരവും വ്രതാനുഷ്ഠാനവും തീർത്ഥയാത്രയും ഉണ്ട്. ദൈവ ധിക്കാരം ചെയ്യാതെ - ശിർക്കു ചെയ്യാതെയുള്ള - എല്ലാ നമസ്കാരങ്ങളും ആരാധനകളും ദൈവത്തിന്റെ മുമ്പിൽ ഒരുപോലെ.... ഇതാണ് ആരാധനകളുടെ ബാഹ്യരൂപത്തിൽ ഖുർആൻ വിശ്വാസികളുടെ നിലപാട്. അതുകൊണ്ടുതന്നെ അല്ലാഹുവിനെ (ദൈവത്തെ) ശരിക്കും മനസ്സിലാക്കിയ ഒരു വ്യക്തിക്ക് ഹിന്ദുമതം വിട്ട് ഇസ്ലാം മതത്തിൽ ചേരാനോ, ഇസ്ലാംമതം വിട്ട് ഹിന്ദുമതത്തിൽ ചേരാനോ, ക്രിസ്തുമതം വിട്ട് ഹിന്ദുവാകാനോ, ഇസ്ലാം മതം വിട്ട് ക്രിസ്ത്യാനിയാകാനോ സാധ്യമല്ല. മതം മാറ്റം നടക്കില്ലാ എന്ന് സാരം. വിശുദ്ധ ഖുർആന്റെ ഈ സിദ്ധാന്തം തൗഹീദ് (ഏകദൈവ വിശ്വാസം എന്നാൽ എന്ത് എന്ന ഭാഗത്ത് വിശദമാക്കിയതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല)

ഏക ദൈവവിശ്വാസികളായ ജൂതനും, ക്രിസ്ത്യാനിക്കും ഹിന്ദുവിനും മുസ്ലീം സ്ത്രീകളെ വിവാഹം ചെയ്യാം (5:4,5), പർദ്ദ ഇസ്ലാമിന്റെ ഔദ്യോഗിക വസ്ത്രധാരണമല്ല, പുരുഷൻന്മാർക്കുപകരം വേണ്ടി വന്നാൽ സ്ത്രീകൾക്കും നമസ്കാരത്തിനു നേതൃത്വം നൽകാം, പുരുഷനായ ഒരു സാക്ഷിക്കുപകരം സ്ത്രീകളായ രണ്ടു സാക്ഷികൾ ആവശ്യമാണ് എന്ന ഖുർആൻ നിയമം ആപേക്ഷികമാണ്. (നബിയുടെ ഒരു നടപടി ക്രമം-സുന്നത്തു-മാത്രമാണത്) ചിലപ്പോൾ ഒരു സ്ത്രീ സാക്ഷിതന്നെ മതിയാകും, ചിലപ്പോൾ പുരുഷൻമാരെക്കാൾ നല്ല സാക്ഷി സ്ത്രീ ആയിരിക്കും എന്നൊക്കെയുള്ള ഡോ: ഹസ്സൻ തുറാബിയുടെ (സുഡാൻ) (പ്രബോധനം 2006 ജൂൺ 17) വാദങ്ങൾ ഖുർആനികമായി ശരിയാണ് എന്നുസാരം. ഖുർആൻ സുന്നത്തുകാരായ ഞങ്ങൾ തുറാബിയുടെ ആ വാദങ്ങളെ സഹർഷം സ്വാഗതം ചെയ്യുന്നു.........!

ചുരുക്കത്തിൽ അറേബ്യൻ സുന്നികളുടെ 'അഞ്ചുനേര നമസ്കാരത്തിലും,' അഞ്ചുനേര ബാങ്കിലും, ഹദീസുഗ്രന്ഥങ്ങളിലുമൊക്കെയുള്ള ഖുർആൻവിരുദ്ധമായ നൂറ് കണക്കിന് അബദ്ധങ്ങളും അപകടങ്ങളും വഷളത്തരങ്ങളുമൊക്കെ കഴിഞ്ഞ നാൽപ്പത് വർഷമായി ചേകന്നൂർ മൗലവി എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ബുദ്ധിയുള്ളവർക്കൊക്കെ അത് മനസ്സിലാവുന്നുമുണ്ട്. ചേകന്നൂർ മൗലവി പറയാറുള്ളതുപോലെ കുറച്ചൊക്കെ ബുദ്ധിപരമായ ത്യാഗം ചെയ്യാൻ തയ്യാറുള്ളവർക്ക് മാത്രമേ നമസ്കാരത്തിലെയും ബാങ്കിലെയും ചേലാകർമ്മത്തിലെയും അപകടങ്ങൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയൂ ! അതിന് തയ്യാറല്ലെങ്കിൽ നമ്മുടെയും നമ്മുടെ കുട്ടികളുടെയും സമയവും സമ്പത്തും ലിംഗാഗ്രചർമ്മവുമൊക്കെ അനാവശ്യമായി നഷ്ടപ്പെട്ടുകൊണ്ടേയിരിക്കും............!

**ചേകന്നൂർ കേസിലെ ഒരു പ്രധാന സാക്ഷിയും, ചേകന്നൂർ മൗലവിയുടെ അമ്മാവനുമായ സാൽമി ഹാജിയുടെ മൊഴിയിലും കാന്തപുരത്തിനെതിരെ സമാനപരാമർശമുണ്ട്.**

ചേകന്നൂർ മൗലവിയുടെ ഖുർആനിക വാദങ്ങൾക്കൊന്നും മറുപടി പറയാൻ പറ്റാത്തതു കാരണം, ചേകന്നൂർ മൗലവിയെ പൊതുവെ ജൂതഏജന്റ്', ജൂതൻ, സിയോണിസ്റ്റ് ഏജന്റ്' എന്നൊക്കെ സുന്നി-മുജാഹിദ് -ജമാഅത്ത് മൗലവിമാരും, പ്രവർത്തകരും ആക്ഷേപിക്കാറുണ്ടായിരുന്നു. കുരുണിയൻ സെയ്തും, എഞ്ചിനീയർ വീരാൻകുട്ടിസാഹിബും, ഒരു സംവാദത്തിനായി മൗലവിയെ സമീപിച്ചപ്പോൾ, കാന്തപുരം പറഞ്ഞ അപകടകരമായ പല പ്രസ്താവനകളും സാൽമിഹാജിയുടെ മൊഴിയിലും കാണുന്നുണ്ട്. ചേകന്നൂരിനെ കൊന്നാൽ, അതു ഇസ്ലാംമതത്തിനും മുസ്ലീംകൾക്കും ഒരനുഗ്രഹമായിരിക്കും' എന്നു എ.പി.കാന്തപുരം പറഞ്ഞതായി സാൽമിഹാജി മൊഴി നൽകുന്നു.

ചേകന്നൂർ വധിക്കപ്പെടുന്നതിന്റെ ഏതാനും മാസം മുമ്പ് ഹജ്ജിനായി മക്കയിൽ പോയപ്പോൾ, കാന്തപുരം ജിദ്ദയിൽ വെച്ച് ഒരു ജൂതനെ' കൊല്ലുന്നതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചെന്നും, അതിൽ ചേകന്നൂരി'ന്റെ പേർ പ്രതിപാദിക്കുന്നതായും പറയുന്നു. ആ കേസറ്റ് കാലടിയിലെ ചില സുഹൃത്തുക്കളുടെ കൈയ്യിലും, ഖുർആൻ സുന്നത്തു പ്രവർത്തകന്മാരുടെ കൈയ്യിലും ഉണ്ട്. അതിൽ കാന്തപുരം ഒരു ലക്ഷം സൗദി റിയാൽ ജിദ്ദയിൽ നിന്ന് സംഭരിച്ചതായി അറിയാൻ കഴിഞ്ഞു, എന്നും മൊഴിനൽകുന്നു.

ചേകന്നൂർ മൗലവിയുടെ സ്വദേശമായ ചേകന്നൂരിലെ ചില എ.പി. അനുഭാവികൾ ചേകന്നൂർ മൗലവിയുടെ പ്രവർത്തനത്തെ എതിർത്തുകൊണ്ട് ചേകന്നൂരിൽ തന്നെ ഒരു പൊതുയോഗം സംഘടിപ്പിക്കുകയും അതിൽ വടക്കാഞ്ചേരിയിലെ മുള്ളൂർക്കര ഹംസ സഖാഫിയും ചേകന്നൂരിലെ മുസ്തഫയും പ്രസംഗിച്ചിരുന്നതായും, പ്രസംഗത്തിൽ ചേകന്നൂർ മൗലവിയെ വധിച്ചാൽ അത്, മുസ്ലീംകൾക്കും, ഇസ്ലാംമതത്തിനും ഒരു വലിയ അനുഗ്രഹമായിരിക്കും എന്നും പ്രസ്താവിച്ചതായി രേഖപ്പെടുത്തുന്നു. ആ പ്രസംഗത്തിന് മറുപടിയായി വധിക്കപ്പെടുന്നതിന്റെ ഏതാനും ആഴ്ചകൾക്ക് മുമ്പ് മൗലവി ചേകന്നൂർ തന്നെ അങ്ങാടിയിൽ അതേ സ്ഥലത്ത് വെച്ച് ഒരു മറുപടി പ്രസംഗം നടത്തിയിരുന്നു..!

## (9)

കീഴ്പ്പുള്ളിക്കരയിലുള്ള ഫൈസലിന്റെ മൊഴിയിലും കാന്തപുരം അബൂബക്കർ മുസ്ല്യാർക്ക് ശത്രുക്കളിൽ നിന്നും രക്ഷനൽകാനായിട്ടാണ് ഉസ്മാൻ മുസ്ല്യാരുടെ നേതൃത്വത്തിൽ സി.വി.സി. (ക്രസന്റ് വളണ്ടിയർ കോർ) സ്ഥാപിച്ചത് എന്നു കാണുന്നു. സി.വി.സിയെ നയിച്ചിരുന്ന മറ്റു പ്രധാനികൾ ഇസ്മായിൽ വഫായും, അബ്ദുൽ റസാഖ് തുടങ്ങിയവരും ആയിരുന്നു. മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരുടെ വളരെ അടുത്ത വ്യക്തിയായ കുഞ്ഞാലി ഉസ്താദാണ് സേനാംഗങ്ങൾക്ക് കായികപരിശീലനം നൽകിയിരുന്നത് എന്നും ഫൈസലിന്റെ മൊഴിയിൽ പറയുന്നു. സി.വി.സി., സുന്നി ടൈഗർ ഫോഴ്സ് തുടങ്ങിയവ കാന്തപുരം തന്നെ പാലൂട്ടിവളർത്തിയതാണെന്ന് ഈ കേസിലെ പ്രതികളും സാക്ഷികളും തമ്മിലുള്ള അടുത്തബന്ധത്തിൽ നിന്ന് വ്യക്തമാകുന്നുണ്ട്.

1995-1996 കാലഘട്ടത്തിൽ കാന്തപുരവും, മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായെന്നും, അങ്ങിനെ മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ കാന്തപുരത്തിന്റെ മർക്കസിന്റെ മാനേജർ സ്ഥാനത്ത് നിന്ന് നീക്കം ചെയ്യപ്പെടുകയും ചെയ്തു എന്നും പ്രേംകുമാർ (സി.ബി.ഐ.) മുമ്പാകെ ഫൈസൽ മൊഴി നൽകുന്നു. ഇതേ (1994-95) കാലഘട്ടത്തിൽ തന്നെയാണ് അന്ന് കേസന്വേഷിച്ചിരുന്ന ക്രൈംബ്രാഞ്ച് പോലീസിന് ചേകന്നൂർവധവുമായി ബന്ധപ്പെട്ട് കുറെ തെളിവുകൾ ലഭിച്ചിരുന്നത്. ചേകന്നൂർ വധക്കേസിൽ കാന്തപുരവും പ്രതിയാകും എന്നതിനാലാണ് മണ്ടാളിൽ ഉസ്മാൻ മുസ്ല്യാരെ തന്ത്രപൂർവ്വം മർക്കസ്സിൽ നിന്നു മാറ്റി നിർത്താൻ കാന്തപുരത്തിന്റെ അഭ്യുദയകാംക്ഷികൾ' തീരുമാനിച്ചതെന്ന് അന്ന് ഞങ്ങളുടെ കോഴിക്കോട്ടുള്ള ഖുർആൻ സുന്നത്തു സൊസൈറ്റി ഓഫീസിലും മറ്റും സംസാരമുണ്ടായിരുന്നു.

ഏതാണ്ട് ഇതേ സമയത്തുതന്നെയാണ് ചേകന്നൂർ കേസിലെ പ്രതിയായ ബഷീറിനോട് നാളെ പോലീസിൽ ഹാജരാവാൻ കൽപ്പനയുണ്ട് ' എന്നു പറഞ്ഞു മണ്ടാളിൽ ഉസ്മാൻ മുസ്ല്യാർ ടി.പി.അബൂബക്കർ മാസ്റ്ററുടെ ഫറൂഖിലുള്ള വീട്ടിൽ എത്തുന്നത്. അന്നു ഫൈസലും (ണ: 18) ഇസ്മായിൽ വഫയും, ടി.പി.യുടെ വീട്ടിൽ ഉണ്ടായിരുന്നു. കേസിലെ മറ്റൊരു പ്രധാന സാക്ഷിയായ അബ്ദുൾ റഹിമാൻ കൊടിയത്തൂരാണ് (ണ: 26) ജീപ്പ് ഓടിച്ചിരുന്നത്.

അന്നു കേസന്വേഷിച്ചിരുന്ന ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർ വളരെ കർക്കശ നിലപാടു സ്വീകരിച്ചിരുന്നുവെ

ങ്കിൽ 1994-ൽ തന്നെ ചേകന്നൂർ കേസിന് തുമ്പുണ്ടാക്കാമായിരുന്നു. എന്നാൽ അന്നു പത്രങ്ങളിൽ പ്രചാരണം ഉണ്ടായതുപോലെ പ്രധാന പ്രതികളെല്ലാം പോലീസിന്റെ സഹായത്തോടെ ബോംബെ വഴി വിദേശത്തേക്കു രക്ഷപ്പെടുകയായിരുന്നു. കൃത്യവിലോപം കാട്ടിയ ആ പോലീസുകാർ ആരെന്നും, അവർ എങ്ങിനെ പല സുപ്രധാന തെളിവുകളും നശിപ്പിക്കുകയും, വളച്ചൊടിക്കുകയും ചെയ്തു എന്നതും കോടതി അന്വേഷിച്ചു കണ്ടുപിടിക്കേണ്ടതാണ്. ജനങ്ങളെ സത്യം അറിയിക്കേണ്ട ബാധ്യത സി.ബി.ഐ.ക്കും കോടതികൾക്കും ഉണ്ടല്ലോ.. അന്വേഷണം പുരോഗമിക്കുമ്പോൾ സി.ബി.ഐ. സംഘത്തിലെ ആത്മാർത്ഥതയുള്ള പലരെയും സ്ഥലം മാറ്റുകയും മറ്റും ചെയ്തു. ഇതിൽ ക്ഷുഭിതനായ ഒരു സി.ബി.ഐ. ഉദ്യോഗസ്ഥൻ കാന്തപുരത്തെ രക്ഷിക്കാൻ വേണ്ടി ഞങ്ങളെ വിഡ്ഢികളാക്കുകയാണ ്' എന്നുവരെ പറഞ്ഞുവത്രെ..! കാന്തപുരത്തെ' പരാമർശിക്കുന്ന കുറെ വസ്തുക്കളുള്ള ആ ഫയലുകൾ അദ്ദേഹം കോപ്പിയെടുത്തു സ്വന്തമായി സൂക്ഷിച്ചു വെച്ചിട്ടുണ്ടെന്നും അണിയറയിൽ സംസാരമുണ്ട്..!

(10)

അന്നു കേസന്വേഷിച്ച പോലീസിന്റെ അനാസ്ഥയും, നിഷ്ക്രിയത്വവും, സമ്പന്ന പക്ഷപാതിത്വവുമാണ് ചേകന്നൂർ കേസിലെ പ്രധാനപ്രതിയായ ബഷീറിനെ കൊണ്ട് ചേകന്നൂരിനെ തട്ടിയിട്ടു ഒന്നും സംഭവിച്ചില്ലിട്ടില്ല, പിന്നെ നിന്നെ കൊന്നാലും ഒന്നും സംഭവിക്കാനില്ല' എന്നു ധാർഷ്ട്യത്തോടെ അലിയോടു പറയാൻ പ്രേരിപ്പിച്ചത്. സംഭവം ഇങ്ങനെ...... ചേകന്നൂർ കേസിലെ ഒരു പ്രധാന സാക്ഷിയും (ണ: 28) കരിങ്കൽ ക്വോറി ലീസിനെടുത്തു നടത്തുകയും ചെയ്യുന്ന അലി (ടി.അലി, കൊമ്പാറ (വീട്), പത്തനാപുരം, വാലില്ലാപുഴ, പി.ഒ, മലപ്പുറം) ഇങ്ങനെ മൊഴി നൽകിയതായി സി.ബി.ഐ. രേഖപ്പെടുത്തുന്നു. ......പത്തനാപുരത്തുകാരനായ അബ്ദുല്ലക്കുട്ടിയുടെ മകൻ മംഗലശ്ശേരി മുഹമ്മദ് ബഷീറിനെ എനിക്കറിയാം. അവർ പത്തനാപുരത്ത് ഒരു ഹോട്ടലും മറ്റും നടത്തുന്നുണ്ട്. മുമ്പ് പാർട്ട്ണർഷിപ്പിൽ ഞാൻ നടത്തിയിരുന്ന ക്വാറിയിൽ പ്രശ്നങ്ങൾ ഉണ്ടായതിനാൽ ഒരു മാസത്തോളം അതു പൂട്ടിയിട്ടിരുന്നു. അന്ന് അവിടുത്തെ മാർക്സിസ്റ്റ് പാർട്ടി നേതാക്കളായിരുന്ന മംഗലശ്ശേരി ബഷീറും, മറ്റു ചിലരും കൂടി ബലമായി ക്വാറിയിൽ കയറി പണി നടത്തി. ഇത് ഏതാണ്ട് 1996-ൽ ആയിരുന്നു. അന്ന് വൈകീട്ട് ബഷീറിനെ ഞാൻ അങ്ങാടിയിൽ വെച്ച് കണ്ടപ്പോൾ, എന്തിനാണ് ഞാൻ ഇല്ലാത്തപ്പോൾ ക്വാറിയിൽ കയറിയത് ' എന്ന് ഞാൻ അവനോട് ചോദിച്ചു. അതിനു മറുപടിയായി അവൻ എന്നോട് ചേകന്നൂരിനെ തട്ടി'യിട്ടും ഒന്നും സംഭവിച്ചില്ല, പിന്നെ നിന്നെക്കൊന്നാലും ഒന്നും സംഭവിക്കാനില്ല' എന്നു പറഞ്ഞു. ആ സംഭവത്തിന് ശേഷം ബഷീറിനെ അധികകാലം നാട്ടിൽ കണ്ടിട്ടില്ല. അന്വേഷിച്ചതിൽ ഗൾഫിൽ പോയതാണ് എന്നു അറിഞ്ഞു. പിന്നീട് ഞാൻ ബഷീറിനെ കണ്ടിട്ടില്ല.' എന്നിങ്ങനെ സുഭാഷ് (സി.ബി.ഐ.) രേഖപ്പെടുത്തുന്നു.

# ഭീകരത വരുന്ന വഴി...!

സാമ്പത്തികമായും, വിദ്യാഭ്യാസപരമായും പിന്നിൽ നിൽക്കുന്ന മുസ്ലീംയുവാക്കളുടെ വിവരക്കേടിനെയും, ഗതികേടി'നെയും ചൂഷണം ചെയ്തുകൊണ്ടാണ് ഇത്തരം ഭീകരസംഘടനകൾക്ക് അതിന്റെ ഉന്നതങ്ങളിലുള്ളവർ രൂപം നൽകിയത്. എസ്.എസ്.എഫ്. എന്ന പേരിൽ പലയിടത്തും ക്യാമ്പുകൾ സംഘടിപ്പിക്കുകയും അവിടെ വെച്ച് ഏതാനും ദിവസം യാതൊരു ചെലവുമില്ലാതെ ഇവർ ഒന്നിച്ചു താമസിക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. ആ താമസത്തിനിടയിൽ പലർക്കും പരസ്പരം വളരെ കൂടുതൽ പരിചയപ്പെടാൻ സൗകര്യം ലഭിക്കുന്നു. അവരിൽ നിന്നും കൂടുതൽ ഊർജ്ജസ്വലതയുള്ളവരെ കണ്ടുപിടിച്ച് അവർക്ക് സ്ഥിരമായി ക്ലാസുകളും, യാത്രപ്പടിയും മറ്റു സൗകര്യങ്ങളും ആനുകൂല്യങ്ങളും നൽകുന്നു. ക്രമേണ അവരുടെ മന:ശാസ്ത്രം ഇവർ പഠിക്കുന്നു. അങ്ങനെ എന്തിനും തയ്യാറായ ഒരുത്തനാണ് എന്ന് സംഘടനക്ക് ബോധ്യമായാൽ അവന്റെ ശമ്പളവും, ആനുകൂല്യങ്ങളും വർദ്ധിക്കുന്നു. അവനെ പൂർണ്ണമായും സംഘടന ഏറ്റെടുക്കുന്നു..! അങ്ങനെ എന്തിനും റെഡിയായ ഒരു വിഭാഗത്തിനാണ് പ്രത്യേക ക്ലാസുകളും ആയോധനമുറകളും, കളരിയും, കരാട്ടേയും, മോട്ടോർ സൈക്കിൾ പ്രകടനവുമൊക്കെ അഭ്യസിപ്പിക്കുന്നത്. അതിന് (എസ്.എസ്.എഫിന്) സി.വി.സി. (ക്രസന്റ് വളണ്ടിയർ കോർ), ഇസ്ലാമിക് ചാരിറ്റി സെന്റർ, സുന്നി ടൈഗർ ഫോഴ്സ്, ജംഇയ്യത്തുൽ ഇഹ്സാനിയ്യ, എന്നീ പേരുകളിൽ കോഴിക്കോട്ടും, മലപ്പുറത്തും, തൃശ്ശൂരും, കാസർകോഡും, ഇടുക്കിയിലും, തിരുവനന്തപുരത്തും, വയനാട്ടിലുമൊക്കെ, കരാട്ടേക്ലാസുകളും, കളരി കേന്ദ്രങ്ങളും, കാന്തപുരവും, അബ്ദുന്നാസർ മഅ്ദനിയുമൊക്കെ നടത്തിയിരുന്നു. അത്തരത്തിലുള്ള ഒന്നായിരുന്നു അരൂരിലെ ചുവന്നകുന്നിലുള്ള കരാട്ടേ കേന്ദ്രം.

ചേകന്നൂർ മൗലവിയെ കാണാതായി ഏതാനുംനാൾ കഴിഞ്ഞപ്പോൾ അബ്ദുന്നാസർ മഅ്ദനി കൊല്ലം ജില്ലയിൽ തന്റെ അണികളോട് പ്രസംഗിച്ചതിങ്ങനെയായിരുന്നു: അൽഹംദുലില്ലാ.. ആ ശല്യം ഒഴിഞ്ഞു, ഇതു കുറേ നേരത്തെ ഞാൻ പ്രതീക്ഷിച്ചിരുന്നു. അൽപം വൈകിയാലും ആ ശല്യം തീർന്നല്ലോ.. ? താമസി

യാതെതന്നെ അല്ലാഹു കോയമ്പത്തൂർ സ്ഫോടനകേസിന്റെ ആ പ്രധാന സൂത്രധാരനെ കാരിരുമ്പഴികളിൽ കുടുക്കി. ഒരു വിചാരണപോലും നടത്താതെ ഒരു ജീവപര്യന്തം' ശിക്ഷ നൽകുകയും ചെയ്തു. മഅ്ദനിയും കാന്തപുരവും കുറേ സിൽബന്തികളും 1992-93-94 കാലഘട്ടങ്ങളിൽ സ്ഥിരമായി എല്ലാ വ്യാഴാഴ്ചകളിലും രാത്രിയിൽ രഹസ്യമായി ചാവക്കാട്ടുള്ള ഒരു ബംഗ്ലാവിൽ ഒരുമിച്ചു കൂടാറുണ്ടായിരുന്നു എന്ന് സാൽമി ഹാജി സി.ബി.ഐ. കോടതി മുമ്പാകെ മൊഴി നൽകിയതും ശ്രദ്ധേയമാണ്.

മഅ്ദനിക്കെതിരെ അതിശക്തമായ തെളിവുകൾ തമിഴ്നാട് പോലീസിനും, സി.ബി.ഐ.ക്കും ജനങ്ങളെ കാണിക്കാൻ അല്ലാഹു നൽകിയതുകൊണ്ടാണ് മഅ്ദനിയുടെ' മോചനം ഒരു ബാലികേറാമലയാകുന്നത്. ബി.ജെ.പി. നേതാവായ ജോഷിയെ പട്ടിയെന്നു വിളിക്കുന്ന മഅ്ദ്നിയുടെ കേസറ്റ് ഞാൻ കേട്ടിട്ടുണ്ട്. മുസ്ലീം ലീഗ് നേതാവായ കുഞ്ഞാലിക്കുട്ടിയെ അന്നു കന്നുകാലിക്കുട്ടി' എന്നായിരുന്നു മഅ്ദ്നി ആ കേസറ്റിൽ കളിയാക്കിയിരുന്നത്. മറ്റൊരു പ്രസംഗത്തിൽ ചേകന്നൂർ മൗലവിയെ ക്ലീൻഷേവ് കുരങ്ങൻ' എന്നാണ് മഅ്ദനി കളിയാക്കിയത്.

ഖുർആനിക മര്യാദകൾ ലംഘിച്ചുകൊണ്ട് ഖുർആനിലുള്ള തത്വങ്ങൾ പഠിപ്പിക്കാതെ തനി താടിയും, തലേക്കെട്ടും, നമസ്കാരക്കണക്കും പറഞ്ഞു നടന്ന് - ഖുർആനിലെ സർവ്വമതസത്യവാദം - പഠിപ്പിക്കാതെ അറേബ്യൻ ഹദീസുകളിലൂടെ കിട്ടിയ വർഗ്ഗീയവാദവും, ഭീകരവാദവും പാവപ്പെട്ട മുസ്ലീം യുവാക്കൾക്കിടയിൽ കുത്തിവെച്ച്, വർഗ്ഗീയ ലഹളയും, നരഹത്യയും നടത്തിയതിനുള്ള ദൈവിക ശിക്ഷയായിട്ടാണ് അബ്ദുന്നാസർ മഅ്ദനിയുടെ ലോക്കപ്പുവാസം' ഖുർആൻ സുന്നത്തുകാരായ ഞങ്ങൾ കാണുന്നത്. നാളെ പരലോകത്ത് ഇതിലും മോശമായ ദൈവിക ശിക്ഷ താങ്കൾക്കുണ്ടാവാതിരിക്കാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുക..! ചെയ്ത തെറ്റുകൾ ഏറ്റുപറഞ്ഞു, വിദ്യാഭ്യാസമില്ലാത്ത മുസ്ലീം ചെറുപ്പക്കാരെ തല്ലാനും കൊല്ലാനും പ്രേരിപ്പിച്ചതിൽ മാപ്പുപറഞ്ഞ് - മനം നൊന്ത് അല്ലാഹുവിനോട് പശ്ചാത്തപിക്കുക..! തൌബ ചെയ്തു മടങ്ങുക..!

***ചേകന്നൂർ മൗലവി വധിക്കപ്പെട്ടപ്പോൾ അൽഹംദുലില്ലാ... എന്നു പറഞ്ഞ ഒരുപാടു വിഡ്ഢികളും ജാഹിലുകളുമുണ്ടിവിടെ.... അവരുടെയൊക്കെ വിചാരം അതോടുകൂടി ഖുർആൻ സുന്നത്തു പ്രസ്ഥാനം' അവസാനിച്ചു എന്നായിരുന്നു. എന്നാൽ ചേകന്നൂർ മൗലവിയുടെ രക്തത്തിൽ നിന്ന് ആവേശം ഉൾക്കൊണ്ട് - അദ്ദേഹത്തിന്റെ പുസ്തകങ്ങളിൽ നിന്നും, പ്രസംഗകേസറ്റുകളിൽ നിന്ന് ആവേശം ഉൾക്കൊണ്ട് - പതിനായിരങ്ങൾ ഇപ്പോൾ കേരളക്കരയിൽ പിറന്നുകൊണ്ടിരിക്കുന്നു. കേരളക്കരയിലെ ഓരോ ഖുർആൻ സുന്നത്തുകാരനും ഓരോ ചേകന്നൂർ മൗലവിയാണ്. അവരെയെല്ലാം കൊന്നൊടുക്കാതെ നിങ്ങൾക്ക് അഹ്ലുസ്സുന്നത്തുവൽ ജുമാഅത്ത്' എന്ന അറേബ്യൻ പാരമ്പര്യമതവുമായി മുന്നോട്ടു പോകാനാവില്ല. തീർച്ച..!***

ചേകന്നൂർ മൗലവിയുടെ അന്ത്യത്തിലും അദ്ദേഹത്തിന്റെ ഭൗതികശരീരം കിട്ടാത്തതിലും എന്തോ ഒരു അനിർവ്വചനീയമായ ആനന്ദം ഉള്ളിൽ സൂക്ഷിക്കുന്ന ചില കഴുതകളുണ്ടിവിടെ. ചേകന്നൂർ മൗലവിയുടെ വാദങ്ങൾക്കൊന്നും മറുപടി പറയാൻ കഴിയാതെ ഒടുവിൽ അവർ ഇളിഭ്യരാകുമ്പോൾ ഈ വിഡ്ഢികൾ ചോദിക്കും... എന്തേ നിങ്ങളുടെ മൗലവിയുടെ മൃതശരീരം പോലും കിട്ടാത്തത്...? എന്ന്. ചരിത്രവും ഇസ്ലാമിക ചരിത്രവും ഖുർആനും പഠിക്കാത്ത ആ കഴുതകളോട് എന്ത് പറയാൻ....! ചേകന്നൂർ വധക്കേസിലെ ചില പ്രധാന സാക്ഷികളെയും പ്രതികളെയും സഹായിച്ച പല മുസ്ലീം മന്ത്രിമാരും ഉസ്താദുമാരും എം.പി.മാരും രാഷ്ട്രീയ നേതാക്കളും പെണ്ണുകേസിലും ഭീകരപ്രവർത്തനത്തിലും കുഴൽപ്പണ ഇടപാടിലുമൊക്കെ കുടുങ്ങി ജീവിച്ചിരിക്കുമ്പോൾ തന്നെ ചീഞ്ഞുനാറിക്കൊണ്ടിരിക്കുന്നു' എന്നതും നാം ഇന്ന് കണ്ടുകൊണ്ടിരിക്കുന്ന ഒരു വസ്തുതയല്ലേ....!

ഇനിയെങ്കിലും വർഗ്ഗീയതയും, മതഭ്രാന്തും, അവസാനിപ്പിക്കുക. നാം മുമ്പ് സൂചിപ്പിച്ച - ഖുർആൻ പഠിപ്പിക്കുന്ന - അല്ലാഹുവും ഇബ്ലീസും' തമ്മിൽ നടന്ന ആ സംഭാഷണത്തിന്റെ പൊരുൾ തങ്ങളുടെ അനുയായികൾക്ക് പറഞ്ഞുകൊടുക്കുക..! നാസർ മഅ്ദനി പറഞ്ഞാലേ മഅ്ദനിയുടെ ആൾക്കാർ കേൾക്കൂ.. കാന്തപുരം പറഞ്ഞാലേ കാന്തപുരത്തിന്റെ കുട്ടികൾ അതേറ്റെടുക്കുകയുള്ളൂ.. ഇ.കെ. പറഞ്ഞാലേ ഇ.കെ.യുടെ ഗ്രൂപ്പിലുള്ളവർ കേൾക്കുകയുള്ളൂ. ജമാഅത്ത് അമീർ പറഞ്ഞാലേ ജമാഅത്തെ ഇസ്ലാമിയുടെ അനുഭാവികൾ കേൾക്കൂ.. ചേകന്നൂർ പറഞ്ഞാലേ ചേകന്നൂർ മൗലവിയുടെ അനുയായികൾ കേൾക്കൂ..!! മുജാഹിദ് പ്രസ്ഥാനത്തിന്റെ നേതാവു പറഞ്ഞാലേ മുജാഹിദുകൾ അനുസരിക്കുകയുള്ളൂ.. പോപ്പു പറഞ്ഞാലേ കൃസ്ത്യാനികൾ കേൾക്കൂ.. സ്വാമി പറഞ്ഞാൽ മാത്രമേ ഹിന്ദുക്കൾ അനുസരിക്കൂ..!!! ഇതു സാധാരണക്കാരന്റെ മന:ശാസ്ത്രമാണ്. സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ദൈവവും മതവും' എന്തോ ഭയങ്കര സംഗതിയാണ്. അപ്പോൾ മതവിഷയത്തിൽ അവർ അഭിപ്രായം പറയില്ല. സ്വയം ചിന്തിക്കില്ല. മതവിഷയത്തിൽ

സ്വയം ചിന്തിക്കാനും അഭിപ്രായം പറയാനും അവർ ഭയപ്പെടുന്നു. മതവിഷയത്തിൽ അഭിപ്രായം പറയാനും ചിന്തിക്കാനും അവർ അവരുടെ മത നേതാവിനെ ഏൽപ്പിച്ചിരിക്കുകയാണ്. അവർക്ക് അവരുടെ നേതാക്കൾ പറയുന്നതാണ് അവരുടെ മതം. അവർ പറയുന്നതുമാത്രമേ അവർ അനുസരിക്കൂ.. ഇതൊരു സാർവ്വലൗകിക സത്യമാണ്.. അപ്പോൾ ഒരു മതഗ്രൂപ്പ് നന്നാകണമെങ്കിൽ ആ ഗ്രൂപ്പിന്റെ തലവൻ വിചാരിക്കണം. ആ ഗ്രൂപ്പിനെ നരകത്തിലേക്കോ, സ്വർഗ്ഗത്തിലേക്കോ നയിക്കാൻ ആ നേതാവിന് കഴിയുന്നു. അതുകൊണ്ടാണ് ഖുർആൻ ഇങ്ങനെ പറയുന്നത്.. വിശ്വസിച്ചവരേ.. പണ്ഡിതന്മാരിലും, പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുന്നവരും അവരെ സത്യദീനിൽ നിന്ന് (ദൈവിക മാർഗ്ഗത്തിൽ നിന്ന്) തടയുകയും ചെയ്യുന്നവരാണ്. (9:34) സമകാലിക സുന്നി-മുജാഹിദ്-ജമാഅത്ത് പണ്ഡിതന്മാരും, ഖുർആനും തമ്മിലുള്ള ബന്ധം കാണുമ്പോൾ ഈ ഖുർആൻ വാക്യം നൂറുശതമാനവും സാർത്ഥകമായിത്തോന്നുന്നു..!!

ജംഇയ്യത്തുൽ ഇസ്ഹാനിയ്യ, സുന്നി ടൈഗേർസ്, സുന്നി വളണ്ടിയർ കോർ, ഇസ്ലാമിക് ചാരിറ്റി സെന്റർ, എസ്.എസ്.എഫ്, എൻ.ഡി.എഫ്, കാന്തപുരം, അബ്ദുൾനാസർ മഅ്ദനി എന്നിങ്ങനെ ഒരുപാട് സംഘടനകളും, വ്യക്തികളും ചേകന്നൂർ വധവുമായി പരസ്പരം ബന്ധപ്പെട്ട അഭേദ്യഘടകങ്ങളാണെന്ന് സി.ബി.ഐ. കുറ്റപത്രം വായിച്ചാൽ വ്യക്തമാകുന്നു..!

ഈ സംഘടനയിൽപ്പെട്ട തിരഞ്ഞെടുത്ത ചെറുപ്പക്കാർക്ക് പ്രത്യേക സ്റ്റഡി ക്ലാസും, കായിക പരിശീലനവും നൽകി അവരെ വിധ്വംസകപ്രവർത്തനങ്ങൾക്കും, നരഹത്യകൾക്കും, ശത്രുസംഹാരത്തിനും ഒറ്റക്കും കൂട്ടായും നിയോഗിക്കുകയാണ് പതിവ് എന്ന് മനാഫിന്റെയും, സുലൈമാന്റെയും മറ്റും സി.ബി.ഐ. മൊഴികളിൽ കാണുന്നു. സൗദി അറേബ്യയിൽ നിന്നും, ബഹ്റൈനിൽ നിന്നുമൊക്കെ വ്യാജപാസ്പോർട്ട് രേഖയുണ്ടാക്കി, പാകിസ്ഥാനിലും, അഫ്ഗാനിസ്ഥാനിലുമൊക്കെപ്പോയി പ്രത്യേക പരിശീലനം നേടി തിരിച്ചു ബഹ്റൈനിലും, സൗദിയിലും തിരിച്ചെത്തി ഇന്ത്യയിലേക്കും, കേരളത്തിലേക്കും മടങ്ങുന്നവർ നാസർ മഅ്ദനി ചെയർമാനായ എൻ.ഡി.എഫിൽ (പി.ഡി.പി.യിൽ - പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടിയിലല്ല...! പരിശുദ്ധ ദീനിന്റെ പാർട്ടി'യിൽ) ഉണ്ടെന്നു റിപ്പോർട്ടുകളുണ്ടായിരുന്നു. ജീവനുള്ള ആടിനെയും, മൂരിയെയും, ഒട്ടകത്തിനെയുമൊക്കെ വെട്ടി ചോരയോടുള്ള അറപ്പും, ഭയവും മാറിയാൽ മാത്രമേ, ആദം സന്തതികളെ' കശാപ്പു ചെയ്യാൻ ഇവർ നിയോഗിക്കപ്പെടാറുള്ളൂ. ഒരു രാത്രിയിൽ ദിക്റിനു ശേഷം ആടിനെ വെട്ടി' ചോരകണ്ടു പേടിച്ചരണ്ടു ബോധം കെട്ടു ഭീകരപ്രസ്ഥാനം മതിയാക്കി, സന്ന്യാസ ജീവിതം നയിക്കുന്ന ഒരു പാവം ഭീകരവാദി'യെ എനിക്കറിയാം.

## ഇനി ചേകന്നൂർ കേസിലെ ഒരു അപ്രധാന സാക്ഷിയായ സുലൈമാന്റെ മൊഴി സി.ബി.ഐ. ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയതു കാണുക..!

Sulaiman, S/o. Usuf, Age 27/98 Salim, Trichur, Puthanpeedikayil House, Pallam, Desamangalam Villiage, Cheruthuruty, P.S. Limit, Trichur Dt.

ഞാൻ 9-ാം ക്ലാസുവരെ ദേശമംഗലം ഹൈസ്കൂളിൽ പഠിച്ചിട്ടുണ്ട്. അതിന് ശേഷം 84-85-ൽ ദർസിൽ ഓതാൻ പോയി (മതം പഠിക്കാൻ പോയി) 1986ൽ 6-7 മാസം കരിങ്കനാട് എന്ന സ്ഥലത്തും, 86 അവസാനം പറവണ്ണയിലും, ഓതാൻ പോയിട്ടുണ്ട്. അതിനു ശേഷം 6-7 മാസം വെറുതെ നടന്നു. 1987 മുതൽ 92 വരെ തൃശ്ശൂരിൽ ഹോട്ടൽ ക്രസന്റ്, ഹോട്ടൽ എവറസ്റ്റ്, ഹോട്ടൽ സെൻസാർ, ഹോട്ടൽ ഷാലിമാർ, ഹോട്ടൽ ജമാലിയ, ഹോട്ടൽ മേയർ, ഹോട്ടൽ മൈസൺ തുടങ്ങിയ ഹോട്ടലുകളിൽ പല പ്രാവശ്യമായി ജോലി എടുത്തിട്ടുണ്ട്. അതിനിടയിൽ ഫുട്പാത്തിൽ പാൻ കച്ചവടം, പാത്രകച്ചവടം മുതലായവ ചെയ്തിട്ടുണ്ട്. പാൻ കച്ചവടം ചെയ്യുമ്പോൾ അമല ഹോസ്പിറ്റലിന് അടുത്തുള്ള മുസ്ലീം പള്ളിയിൽ താമസിച്ചിട്ടുണ്ട്. അവിടെ വെച്ച് ആലത്തൂർ കബീർ എന്ന ആളെ പരിചയപ്പെട്ടു. അയാളാണ് ആദ്യമായി സംഘടനയെപ്പറ്റി എന്നോട് പറഞ്ഞത്. കബീറിന്റെ രണ്ടു സുഹൃത്തുക്കൾ ആ പള്ളിയിൽ ജോലി ചെയ്തിരുന്നു. പള്ളിയിൽ ഒരു ദിവസം രാത്രി ഉറങ്ങാൻ കിടക്കുന്നതിനിടയിലാണ് സംഘടനയെക്കുറിച്ച് പറഞ്ഞത്. സംഘടനക്ക് പേരില്ലെന്നും, മുസ്ലീം സമുദായത്തെ എതിർക്കുന്നവരെ ചെറുക്കലും, യുവാക്കളെ സമുദായവുമായി അടുപ്പിക്കുക എന്നിവയാണ് സംഘടനയുടെ ഉദ്ദേശമെന്ന് കബീർ പറഞ്ഞു. അത് ബാബറി മസ്ജിദ് തകർന്ന സമയമായിരുന്നു. അതിൽ മനോരോഷം ഉള്ളതുകൊണ്ടാണ് ഞാനും സംഘടനയിൽ ചേർന്നത്.

1993 ജനുവരിയിൽ നമ്പ്യാർപള്ളം പള്ളിയിൽ വെച്ച് സെയ്തലവി അൻവരി എടുത്ത ക്ലാസിലാണ് ഞാൻ ആദ്യമായി പങ്കെടുത്തത്. നാലു ക്ലാസുകളിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. തൃശ്ശൂരിൽ വെച്ച് 93 ജൂണിലോ, ജൂലൈയിലോ ആണ് ഞാൻ അൻവരിയെ അടുത്തു പരിചയപ്പെടുന്നത്. സംഘടനയിൽ ക്ലാസുകൾ കൂടാതെ കായികപരിശീലനവും നടത്താറുണ്ട്. കോഴിക്കോട് ജില്ലയിൽ 93-94ൽ കായിക പരിശീലനം ഉണ്ടായിരുന്നു. പാറക്കടവ്, അണ്ടോണ, കൂടാതെ ഫദലു എന്ന ആൾ പറഞ്ഞ സ്ഥലം, എന്നിവിടങ്ങളിലാണ് കായികപരിശീലനം നടത്തുന്നത്. ഏതാണ്ട് 100-ഓളം കുട്ടികൾ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ പരിശീലനം നടത്തിയിരുന്നു. 93 -ൽ ഞാൻ പള്ളത്തുമാത്രമായിരുന്നു പ്രവർത്തിച്ചിരുന്നത്. സലിം, കുഞ്ഞാപ്പു, മുസ്തഫ, മുഹമ്മദ്, മുഹമ്മദ് മുസലിയാർ, ഖാദർ മുസലിയാർ, സൈതലവി മുസലിയാർ തുടങ്ങിയവരായിരുന്നു പള്ളത്തെ പ്രവർത്തകർ.

ആദ്യത്തെ ക്ലാസിൽ ബഗൽപൂരിലെ കൂട്ടക്കൊല, ബാബരി മസ്ജിദ്, മീററ്റിലെ കലാപം എന്നിവയായിരുന്നു വിഷയം. അതിനു ശേഷം രണ്ടാഴ്ച കഴിഞ്ഞാണ് ക്ലാസ് നടത്തുന്നത്. അൻവരിയാണ് സാധാരണ ക്ലാസ് നടത്താറ്. ഒരു ദിവസം ഹബീബ് കോയ തങ്ങൾ, വളാഞ്ചേരി ക്ലാസ് എടുത്തിരുന്നു. ഒന്നും രണ്ടും ക്ലാസുകൾ-അൻസാരി, മൂന്നാമത്തേത് - ഹബീബ് കോയതങ്ങൾ, നാല് - അൻവരി കൂടാതെ വിളയൂർ ഭാഗത്തുള്ള വെളുത്ത അൻവരി എന്ന അസീസും ഉണ്ടായിരുന്നു. 15-14 ദിവസത്തിനിടയിലാണ് ക്ലാസുകൾ നടത്താറ്. ഉദ്ദേശം 10-12 പേർ പങ്കെടുക്കുമായിരുന്നു. **4-ാമത്തെ ക്ലാസിൽ  ദിക്റിന്റെ മാഹാത്മ്യം' എന്ന വിഷയത്തെക്കുറിച്ച് അൻവരിയാണ് ക്ലാസ് എടുത്തത്. ദിക്ർ ചൊല്ലി മന:പ്പാഠമാക്കിയാൽ ചെയ്യുന്ന പ്രവർത്തികൾ പിടിക്കപ്പെടാതിരിക്കുകയും, പ്രവൃത്തി ചെയ്യാൻ മാനസികമായി ധൈര്യം സംഭരിക്കാൻ സാധിക്കുകയും ചെയ്യുമെന്നാണ് അൻവരി പഠിപ്പിച്ചത്. ഇസ്ലാമിനോടു ശത്രുത പുലർത്തുന്നവരുടെ വസ്തുക്കൾ മോഷ്ടിക്കുന്നതും, അങ്ങിനെയുള്ളവരെ ഉപദ്രവിക്കുന്നതും വധിക്കുന്നതും തെറ്റല്ല എന്നും അൻവരി പറഞ്ഞിട്ടുണ്ട്.**

നാലോ, അഞ്ചോ ക്ലാസുകൾ കഴിഞ്ഞ് ക്ലാസുകൾ തൽക്കാലം നിർത്തിവെക്കുകയാണെന്ന് അൻവരി പറഞ്ഞു. നോമ്പിന്റെ ഒരു മാസം മുമ്പാണ് ക്ലാസുകൾ നിർത്തിയത്. അതിനു ശേഷം നോമ്പും പെരുന്നാളും കഴിഞ്ഞാണ് അൻവരി പള്ളത്തു വന്നത്. അന്നേരം താൻ ഇനി തൃശ്ശൂർ ജില്ലയിൽ ഉണ്ടാകുമെന്ന് അൻവരി പറഞ്ഞു.

1993 മെയിലോ ജൂണിലോ ആണ് ഹുസൈൻ മുസലിയാരെ കാണാൻ അൻവരിയെകൂട്ടി അദ്ദേഹത്തിന്റെ പഴുന്നാനയുള്ള വീട്ടിൽ പോകുന്നത്. ആ സമയം സംഘടനയുടെ തൃശ്ശൂർ അമീർ അൻവരിയായിരുന്നു. ആ സമയത്തെ പാലക്കാടിന്റെയും, മലപ്പുറത്തിന്റെയും, അമീർ ആരൊക്കെ ആയിരുന്നെന്ന് എനിക്കറിയില്ല. ചോദിച്ചപ്പോൾ അതു നീ അറിയേണ്ട എന്ന് അൻവരി പറഞ്ഞു. ഹുസൈൻ മുസലിയാരെ കണ്ടദിവസം തന്നെ എനിക്ക് ദിക്കർ തരുകയും, ഞാൻ സ്വീകരിക്കുകയും ചെയ്തു. **ദിക്ർ കിട്ടിയതിന് ശേഷം സംഘടനക്ക് വേണ്ടി പണം സ്വരൂപിക്കുന്നതിനു വേണ്ടി മുസ്ലീംങ്ങളുടേതല്ലാത്ത വസ്തുക്കൾ മോഷ്ടിക്കുന്നതിന് ഉസ്താദ് അനുവാദം തന്നിട്ടുണ്ടെന്നും, നിങ്ങൾ അതുകൊണ്ട് വെള്ളമടിക്കുന്ന മോട്ടോറുകളോ, ടൂവീലറുകളോ മോഷ്ടിക്കണമെന്നും അൻവരി എന്നോട് പറഞ്ഞു.** സലീമും (പള്ളം), കുഞ്ഞാപ്പു പള്ളം എന്നിവരും അന്നേരം ഉണ്ടായിരുന്നു. അക്കാലത്ത് ഞാൻ തൃശ്ശൂർ നമ്പ്യാരുടെ ഹോട്ടലിൽ (ചെമ്പുകാവ്) ആയിരുന്നു ജോലി. പിന്നീട് മൂന്ന് മാസത്തിനു ശേഷം വെട്ടിക്കൽ ശ്രീ പുഷ്കരം എന്ന സ്ഥലത്ത് (93 ജൂലൈ/ആഗസ്റ്റ്) സംഘടനയുടെ മീറ്റിംഗിൽ പങ്കെടുത്തു. അതിന് ശേഷം തൃശ്ശൂരിൽ എസ്.എസ്.എഫിന്റെ മൂന്ന് ദിവസത്തെ ക്യാമ്പിൽ (ഷോർണ്ണൂർ റൂട്ടിൽ, സ്ഥലം ഓർക്കുന്നില്ല) അംഗങ്ങളെല്ലാം ഒരുമിച്ചു താമസിച്ചപ്പോൾ അൻവരിയുമായി കൂടുതൽ അടുത്തു.

1995 പകുതിയിലാണ് ഞാൻ കോഴിക്കോട്ട് ചെന്നത്. അതിനു ശേഷമാണ് ഷാജി മലപ്പുറത്ത് ചാർജ്ജ് എടുത്തത്. അതിന് മുമ്പ് ഷാജി സംഘടനയിൽ ഉണ്ടെന്ന് എനിക്കറിയാം. ഞാൻ ചെല്ലുന്നതിന് മുമ്പ് ആബിദ് അടിവാരം ആയിരുന്നു കോഴിക്കോട്ട് ചാർജ്ജ്. അക്കാലത്ത് ഞാൻ കാരന്തൂർ ആയിരുന്നു താമസിച്ചിരുന്നത്. ആരുടെ വീടാണെന്നറിയില്ല, മർക്കസ് ആർട്സ് കോളേജിന്റെ അടുത്തുള്ള ഒരു വീട്ടിലാണ് താമസിച്ചിരുന്നത്. ഉസ്മാൻ മുസലിയാരാണ് വീട് എടുത്തു കൊടുത്തതും, വാടക കൊടുത്തിരുന്നതും. എന്റെ മുറിയിൽ ആബിദ് അടിവാരം, സലാം വൈത്തിരി, കൽപ്പറ്റക്കാരൻ ഒരാൾ, എന്നിവരായിരുന്നു എന്റെ കൂടെ താമസിച്ചിരുന്നത്. കാസിം തൂണേരി, സലാഹുദ്ദീൻ കണ്ണൂർ, കുഞ്ഞാലി കണ്ണൂർ എന്നിവർ എന്റെ മുറിയിൽ വരാറുണ്ടായിരുന്നു. ഉസ്മാൻ മുസലിയാർക്ക് ഒരു നീലകളറിലുള്ള ജീപ്പുണ്ടായിരുന്നു. കൊടിയത്തൂർ അബ്ദുൾ റഹിമാൻ എന്ന ആൾ ആ ജീപ്പ് ഓടിക്കുമായിരുന്നു.

**ചേകന്നൂർ മൗലവിയുടെ ഖുർ-ആൻ-സുന്നത്ത് സൊസൈറ്റിയെ പറ്റി കേട്ടിട്ടുണ്ട്. ഞാൻ സംഘടനയിൽ ചേരുന്നതിന് മുമ്പ് മൗലവിയുടെ ആശയങ്ങൾ തെറ്റാണെന്നു തോന്നിയിരുന്നു. അൻവരി ക്ലാസെടുക്കുമ്പോൾ മൗലവിയുടെ തിരോധാനത്തെക്കുറിച്ച് പറയുമായിരുന്നു. മൗലവിയെക്കുറിച്ച് യാതൊരു തുമ്പും കിട്ടിയിട്ടില്ല. അത് നിസ്കാരം മൂന്നാക്കി ചുരുക്കിയതുകൊണ്ടായിരിക്കാം. ബാക്കി രണ്ടു നിസ്കാരം മൂപ്പർ ഒരുമിച്ചു ചെയ്തുതീർക്കുകയാവും എന്ന് ചിരിച്ചുകൊണ്ട് അൻവരി പറയുമായിരുന്നു. ഞാൻ മൗലവിയെ കണ്ടിട്ടില്ല. മൗലവി കേസിൽ സംശയിക്കുന്നവരുടെ കമ്പ്യൂട്ടർ ഫോട്ടോ കണ്ടപ്പോൾ അൻവരിയെയും, ഉസ്മാൻ മുസലിയാരുടേതും പോലെയാണെന്ന് പലരും പറഞ്ഞതായി അൻവരി എന്നോട് പറഞ്ഞിട്ടുണ്ട്.**

കീഴ്പ്പള്ളിക്കരയിലുള്ള ഫൈസലിനെ അറിയാം. ഫൈസലിന് കോഴിക്കോട് കെ.വി.ബിൽഡിംഗിന് അടുത്ത് ഒരു ഓഫീസുണ്ടായിരുന്നു. അവിടെ ഞാൻ പലപ്പോഴും പോകാറുണ്ടായിരുന്നു. അവിടെ ഫൈസൽ, ടി.പി. അബൂബക്കർ മാസ്റ്റർ, ഷക്കീർ മുതലായവരെ കാണാറുണ്ട്. ഫൈസലിന്റെ അനുജൻ നൗഫലിനെയും അറിയാം. നൗഫൽ സംഘടനയിലെ അംഗമാണ് ഞാനും നൗഫലും ചേർന്ന് ചേലക്കരയിൽ നിന്നും ഒരു ബുള്ളറ്റ് മോഷ്ടിച്ചിട്ടുണ്ട്. അവസാനമായി നൗഫലിനെ കണ്ടത്, പറമ്പിൽ ബസാറിലെ 95-ൽ നടന്ന ജാറത്തിനായിരുന്നു. ഞാൻ ഫൈസലിന്റെ കൂടെ ഒരിക്കൽ ഫൈസലിന്റെ  ഗോട്ട് ഫാം എസ്റ്റേറ്റിൽ' ഉസ്മാൻ മുസല്യാരു

മായി ജീപ്പിൽ ആടുകളെ കൊണ്ട് വരുന്നതിനു വേണ്ടി പോയിട്ടുണ്ട്. ഫൈസലിന്റെ അനുജൻ നൗഫൽ ആയിരുന്നു ഡ്രൈവർ. 95-ലെ പറമ്പിൽ ബസാർ ആണ്ടു നേർച്ചക്ക് മുമ്പായിരുന്നു അത്. പറമ്പിൽ ബസാറിലെ (1995) ജാറത്തിൽ സദ്യക്ക് ആളുകളെ നിയന്ത്രിക്കുന്ന ചുമതല എനിക്കായിരുന്നു. അവിടെ വെച്ചു ഫൈസലിനെ കണ്ടു. ഫൈസൽ എന്റെ അടുത്തു വന്ന് ഒരാളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾ ചേകന്നൂർ മൗലവി സംഭവത്തിന്റെ ആളാണ്. അയാളെ വേഗം ഭക്ഷണം കൊടുത്തു വിടണം എന്നു പറഞ്ഞു. അയാളുടെ പേരു ചോദിച്ചപ്പോൾ അതു നീ അറിയണ്ട എന്നു പറഞ്ഞു. അയാളും ഫൈസലുമായി സംസാരിക്കുന്നതു കണ്ടു. അയാൾ വെള്ളമുണ്ടും ഹാഫ് കൈ ഷർട്ടും ധരിച്ചിരുന്നു. വെളുത്തു തുടുത്ത മുഖവും 30 വയസ്സുതോന്നിക്കുന്ന പ്രായവുമായിരുന്നു. (അത് പത്തനാപുരം ബഷീറാണെന്ന് പിന്നീട് സി.ബി.ഐ. സ്ഥിതീകരിച്ചു). അയാളെ ഞാൻ ഇതിന് മുമ്പ് കണ്ടിട്ടില്ല. ഫൈസൽ പറഞ്ഞതനുസരിച്ച് ഞാൻ അയാളെ ഭക്ഷണം കഴിക്കുന്നതിനായി അകത്തേക്കു കയറ്റി വിട്ടു.

സംഘടനയിൽ പ്രവർത്തിക്കുന്ന കാലത്ത് ശമ്പളമായി 1500/-ക എനിക്ക് തരുമായിരുന്നു. വാഴക്കാട് ബഷീർ മാസ്റ്റർ ആണ് പണം തന്നിരുന്നത്. ഞങ്ങളുടെ സംഘടനയെ 1996 വരെ സി.വി.സി. എന്നും സുന്നി ടൈഗർ എന്നും അറിഞ്ഞിരുന്നു. 1996-ൽ ജംയ്യത്തുൽ ഇഹ്സാനിയ' എന്ന പേരിൽ രജിസ്റ്റർ ചെയ്തു. കണ്ണൂർ ജില്ലയിൽ 1995-ൽ ജംയ്യത്തുൽ ഇഹ്സാനിയ' എന്നൊരു സംഘടന രൂപീകരിച്ചതായി അറിയാം. രാമന്തളി മുഹമ്മദ്, പി.ടി.പി. അഷ്റഫ് എന്നിവരായിരുന്നു ആ സംഘടനയുടെ നേതാക്കന്മാർ.

ഞങ്ങളുടെ സംഘടനയുടെ സംസ്ഥാന നേതാക്കന്മാർ 1) ഉസ്മാൻ മുസ്ല്യാർ, കാരന്തൂർ, കോഴിക്കോട്, 2) വാഴക്കാട് ബഷീർ മാസ്റ്റർ, 3) കൊട്ടപ്പുറം അബ്ദുൾ റസാഖ്, 4) പഴുന്നാന സി.കെ.ഹുസൈൻ മുസല്യാർ എന്നിവരാണ്. ഡോ:പി. സുബൈർ, തളിപ്പറമ്പ് എന്ന ആളാണ് ഈ സംഘടനയുടെ ജനറൽ സെക്രട്ടറി. കൂടാതെ സംസ്ഥാന നേതാക്കന്മാരെപ്പോലെ തന്നെ ഉന്നത സ്ഥാനം ഉള്ള ആളും, നേതാക്കന്മാരോടെല്ലാം ഏറ്റവുമടുത്ത ബന്ധം പുലർത്തുന്നയാളുമാണ് സെയ്തലവി അൻവരി.

## സംഘടനയിൽ ജില്ലകളുടെ ചാർജ്ജ് ഉള്ള അമീർമാർ താഴെ പറയുന്നവരാണ്.

1) ഷക്കീർ മുഖദാർ, കോഴിക്കോട് - തിരുവനന്തപുരം
2) സലാം മുസല്യാർ, കൊല്ലം - കൊല്ലം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട
3) അബ്ദുൾ റസാക്ക്, മാള - എറണാകുളം
4) സെയ്തലവി അൻവരി, പുലാമന്തോൾ - തൃശ്ശൂർ
5) ഷറീഫ് ആലത്തൂർ - പാലക്കാട്
6) ഷാജി പെരുമ്പടപ്പ്, സ്വലിഹ് പുതുപൊന്നാനി - മലപ്പുറം
7) സലാഹുദ്ദീൻ, കണ്ണൂർ - കോഴിക്കോട്
8) സുബൈർ വളാഞ്ചേരി - വയനാട്
9) പി.ടി.പി.അഷ്റഫ്, പാപ്പിനിശ്ശേരി - കണ്ണൂർ
10) കാസർകോഡ് ചാർജ്ജ് എനിക്കാണ്.

(സംഘടനാ പ്രവർത്തനം നടത്തിയിരുന്ന കാലത്ത് സംസ്ഥാനത്തെ മുഴുവൻ അമീർമാരും എല്ലാമാസവും കോഴിക്കോട് കോട്ടുളിയിലുള്ള ഇ.എം.ഇ.എസ്. ട്രാവൽസിലെ ഒരു മുറിയിൽ യോഗം ചേരുമായിരുന്നു. അപ്പോൾ എല്ലാ അമീർമാരും ഓരോ മാസത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കും. ഉസ്മാൻ മുസ്ല്യാരുടെ കയ്യിലോ, ബഷീർ മാസ്റ്ററുടെ കയ്യിലോ ആണ് റിപ്പോർട്ട് കൊടുക്കാറ്. അവിടെ വെച്ചാണ് ശമ്പളം തന്നിരുന്നതും)

1996 ഒക്ടോബർ 31-ാം തിയ്യതി ഞാൻ ചേലക്കര തോട്ടേക്കോട് ചുങ്കത്ത് പരീതിന്റെ മകൾ സഫിയയെ വിവാഹം ചെയ്തു. അതിന് മുമ്പ് വരെ സംഘടനയിൽ പ്രവർത്തിച്ചിരുന്നു' എന്നിങ്ങനെ ചെന്നൈയിൽ വെച്ച് സി.ബി.ഐ. ഓഫീസർ പ്രേംകുമാർ മുമ്പാകെ 14-4-98ന് സുലൈമാൻ മൊഴി നൽകുന്നു.

**സി.ബി.ഐ. തയ്യാറാക്കിയതു പ്രകാരം കുറ്റപത്രത്തിൽ ചേകന്നൂർ വധത്തിലെ പ്രധാന പ്രതികളുടെ പേർ ഇങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു.**

1) **Usman Musliyar**
S/o. Moideen Haji
Mandalil House, Karanthur (Po), Kozhikode (Dist)

2) **Mohammed Basheer**
Mangalassery House, S/o. Abdutty, Pathanapuram, Arecode (Via), Kombara, Malappuram (Dist.)

3) **V.V.Hamza**
S/o. Kunju Muhammed
Valiya Veettil House, Alamcode (P.O), Malappuram (Dt.)

4) **Ilyan Hamza**
S/o. Ilyan Abdulla
Puthan Peedikayil (H)
Kizhisseri (Via), Kuzhimanna (Po), Malappuram (Dt.)

5) **P.K. Saifudheen**
S/o. Kunju Mohammed
Pullikayath House, Changampuzha Nagar (Po), South Kalamasseri, Kochi

6) **Mohammed Kutty, Konthedan**
S/o. Saidalavi Konthedan
Pulikunnath House, Kuzhimanna (Po), Malappuram (Dist.)

7) **Kunhimarakkar**
S/o. Kunhalan Kutty, Thekkekandy House, Kottappuram (Via), Pulikkal, Malappuram (Dist)

8) **Abdul Gafoor**
S/o. Mohd. Mullah
Kunnathiri (H), Pallikkal, Pallikkal Bazar, Palamkulangara, Malappuram (Dist.)

9) **Abdul Salam, Palapetta**
S/o. Kunjumoideen Musliar
Palapetta (House), Akkaraparamba, Kuzhimanna (Po), Kizhisseri-Manjeri Road, Malappuram (Dist.)

ചേകന്നൂർ മൗലവിയും അദ്ദേഹം സ്ഥാപിച്ച ഖുർആൻ സുന്നത്ത് സൊസൈറ്റി എന്ന സംഘടനയും ഇസ്ലാമിന്റെയും ഇസ്ലാമിക ചരിത്രത്തിന്റെയും അനിഷേധ്യമായ ഒരു ഭാഗമായി മാറിയിരിക്കുന്നു. അതുകൊണ്ടുതന്നെ ചേകന്നൂർ മൗലവിയുടെ വധം അദ്ദേഹത്തിന്റെ അനുയായികളായ ഞങ്ങളെപോലുള്ളവർക്ക് കേവലം ഒരു 'കൊലപാതക കഥയല്ല'. അതൊരു ചരിത്ര സാക്ഷ്യമാണ്. സുപ്രധാനമായ ഒരു ചരിത്ര സംഭവമാണ്. സാക്ഷികൾ പലരും കൂറുമാറിയാലും, പല സാക്ഷികളും ഹാജരാവാതെ യാതൊരു കൂസലുമില്ലാതെ നടന്നാലും ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 'ലൂപ്പ്ഹോളു'കളുപയോഗിച്ച് പ്രതികളിൽ ചിലർ രക്ഷപ്പെട്ടാലും ദൈവത്തിന്റെയും മന:സാക്ഷിയുടെയും കോടതിയിൽ അവരെന്നെന്നും വിചാരണ നേരിട്ടുകൊണ്ടേയിരിക്കും. ചരിത്രം ആ മഹാദുരന്തം എന്നെന്നും ചർച്ച ചെയ്തുകൊണ്ടേയിരിക്കും.

യേശുക്രിസ്തുവും യൂദാസും പോലെ, മുഹമ്മദ് നബിയും അബൂജഹലുകളും പോലെ, ഹസ്രത്ത് ഹംസയും വഹ്ഷിയും പോലെ, ഹസ്രത്ത് ഉമറും ഉമറിന്റെ ഘാതകനായ അബൂലുഅ്ലും പോലെ, ഹസ്രത്ത് അലിയും അലിയുടെ ഘാതകനായ ഇബ്നുമുൽജിമും മുആവിയയേയും പോലെ, ഗാന്ധിജിയും ഗോഡ്സയും പോലെ, ചേകന്നൂർ മൗലവിയും അദ്ദേഹത്തിന്റെ ഘാതകരും ഒരു ചരിത്ര സംഭവമാകുകയാണ്. അതുകൊണ്ടുതന്നെ ചേകന്നൂർ മൗലവി വധവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും മൗലവിയുടെ അനുയായികളും ആദർശബന്ധുക്കളുമായ ഓരോ വ്യക്തിയും അറിഞ്ഞിരിക്കേണ്ടതുണ്ട്. പുതുതായി വല്ലതുമുണ്ടെങ്കിൽ അതറിയാൻ ശ്രമിക്കേണ്ടതുമുണ്ട്. മൗലവിക്കേസുമായി ബന്ധപ്പെട്ട് ഈ എളിയവൻ മനസ്സിലാക്കിയ കാര്യങ്ങൾ എന്റെ സുഹൃത്തുക്കൾക്ക് വേണ്ടി – മൗലവിയുടെ ആദർശബന്ധുക്കൾക്ക് വേണ്ടി ക്രോഡീകരിച്ച് ഒരു ലേഖനരൂപത്തിൽ എഴുതി എന്ന് മാത്രം. ഇത് പൂർണ്ണമല്ല.... കുറ്റമറ്റതുമല്ല.... ഇനിയും സി.ബി.ഐ. തയ്യാറാക്കിയ കുറ്റപത്രത്തിൽ നിന്നും നമുക്ക് പലതും അറിയാനുണ്ട്. നമുക്കതിനായി കാത്തിരിക്കാം. സത്യം പൂർണ്ണമായും പുലരട്ടേയെന്ന് സർവ്വേശ്വരനോട് പ്രാർത്ഥിക്കാം.

# മരണമില്ലാത്ത മൗലവി ചേകന്നൂർ

## ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ.....

ആധുനിക ഇസ്ലാംമതത്തെ - അഹ്ലുസ്സുന്നത്ത്വൽ ജമാഅത്ത് എന്ന ഖുർആൻ വിരുദ്ധ ഹദീസ് സംഘടനയെ - പൂർണ്ണമായും ഖുർആൻ കൊണ്ട് തിരുത്തിയെഴുതിയ ചേകന്നൂർ മൗലവിയുടെ ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങളുടെ ഒരു തനിയാവർത്തനം...!

- **പത്തുദിവസം നീണ്ടുനിൽക്കുന്ന പ്രഭാഷണ പരമ്പര...**
- **മുപ്പത് മണിക്കൂർ നീണ്ടുനിൽക്കുന്ന മുപ്പതു ഓഡിയോ, വീഡിയോ കാസറ്റുകളുടെ സമാഹാരം....!**

## 'ഇസ്ലാമിലേക്കുള്ള പാത'

ഇസ്ലാംമതത്തെ-വിശുദ്ധ ഖുർആനിനെ-ചേകന്നൂർ മൗലിയെ - കണ്ടും കേട്ടും മനസ്സിലാക്കാൻ ഒരു സുവർണ്ണാവസരം.

***തയ്യാറാക്കിയത് ഡോ. അബ്ദുൾ ജലീൽ പുറ്റെക്കാട്***

### ഒന്നാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - ഒന്നാം ഭാഗം

- ഏക ദൈവവിശ്വാസം (തൌഹീദ്) എന്നാൽ എന്ത് ?
- ദൈവവിശ്വാസത്തിന്റെ മഹത്വവും ദൈവനിഷേധത്തിന്റെ പാപ്പരത്തവും...!
- തൌഹീദിന്റെ മഹത്വവും ശിർക്കിന്റെ പാപ്പരത്തവും
- തൌഹീദ് ഖുർ ആനിക വീക്ഷണത്തിൽ...!
- ഏകദൈവ വിശ്വാസം (തൗഹീദ്) എല്ലാ നല്ല മാനുഷിക ഗുണങ്ങളുടെയും-(സ്നേഹം, കരുണ, വിനയം, ഉത്തരവാദിത്വബോധം, കർമ്മോത്സുകത (നിഷ്കാമ കർമ്മം) സഹകരണം, മിതവ്യയം, ശുഭാപ്തി വിശ്വാസം എന്നിങ്ങനെ) എല്ലാ നല്ല മാനുഷിക ഗുണങ്ങളുടെയും-ആരംഭമാണെന്ന് വിശുദ്ധ ഖുർആൻ.
- ദൈവനിഷേധം (ശിർക്ക്) എല്ലാ പൈശാചിക ഗുണങ്ങളുടെയും (ക്രൂരത, അലസത, ക്രോധം, അഹങ്കാരം, സ്വാർത്ഥത, ദുർവ്യയം, ദോഷൈക ദൃഷ്ടിത്വം. (Pessimism) - ലോകം മുഴുവൻ തിന്മയാണെന്നുള്ള വിശ്വാസം - ഒന്നും ശരിയാവില്ല എന്ന സിദ്ധാന്തം) എന്നിങ്ങനെ എല്ലാ പൈശാചിക ഗുണങ്ങളുടെയും ഉറവിടമാണെന്ന് വിശുദ്ധ ഖുർആൻ.
- ആരാധനകളുടെ ബാഹ്യരൂപത്തിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാ ദൈവിക മതങ്ങളും - ഹിന്ദു ധർമ്മവും, ജൂതമതവും, ക്രിസ്തുമതവും, ഇസ്ലാം മതവും - 'ഇസ്ലാംദീൻ' എന്ന ശാന്തി മാർഗ്ഗം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ...!

### രണ്ടാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - രണ്ടാം ഭാഗം

- ചേകന്നൂർ മൗലവിയെ പരിചയപ്പെടുക...
- എന്തായിരുന്നു ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ...!
- ചേകന്നൂർ മൗലവി സ്ഥാപിച്ച 'ഖുർആൻ സുന്നത്തു പ്രസ്ഥാന'ത്തെ പരിചയപ്പെടുക....!

## മൂന്നാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - മൂന്നാം ഭാഗം

- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും... ( മൂതൂർ അബൂബക്കർ മൗലവി)
- ഖുർആൻ പഠിപ്പിക്കാത്ത - നബിതിരുമേനി കേട്ടിട്ടില്ലാത്ത - സുന്നി - ഷിയാ ബാങ്കിലെ പത്തു തെറ്റുകൾ.....!
- സുന്നികൾക്കും ഷിയാക്കൾക്കും രണ്ടുതരം ബാങ്കുണ്ടായതെങ്ങിനെ?
- ബാങ്കുണ്ടായതിന്റെ ചരിത്ര പശ്ചാത്തലം
- നബിയുടെ ബാങ്കുവിളി (ബിലാലിന്റെ ബാങ്കുവിളി) എങ്ങിനെയായിരുന്നു....?

## നാലാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - നാലാം ഭാഗം

- സുന്നി - ഷിയാ നമസ്കാരങ്ങളിലെ ഖുർആൻ വിരുദ്ധമായ മുപ്പതുതെറ്റുകൾ....! (മൂതൂർ അബൂബക്കർ മൗലവി)
- സുന്നികൾക്കും ഷിയാക്കൾക്കും രണ്ടുതരം നമസ്കാരരീതിയുണ്ടായതെങ്ങിനെ...?
- നബിയുടെ നമസ്കാരം എങ്ങിനെയായിരുന്നു....?
- അല്ലാഹുവിന്റെ തസ്ബീഹും അബൂഹുറൈറയുടെ അത്തഹിയ്യാത്തും....!!

## അഞ്ചാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - അഞ്ചാം ഭാഗം

- ഖുർആനിലെ നമസ്കാര സമയങ്ങൾ...
- നബിതിരുമേനിയുടെ നമസ്കാര സമയം...!
- ഖുർആനിൽ നമസ്കാരം മൂന്നുമാത്രം.....!!
- സുന്നികൾക്കും - ഷിയാക്കൾക്കും രണ്ടുതരം നമസ്കാരരൂപവും നമസ്കാരസമയവും ഉണ്ടായതെങ്ങിനെ... ?

## ആറാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത'- ആറാം ഭാഗം

- ഇസ്ലാമിൽ പ്രമാണം ഖുർആൻമാത്രം....! (മജീദ് സുല്ലമി ഉഗ്രപുരം)
- മതവിഷയങ്ങളിൽ ഖുർആൻ അല്ലാത്ത ഒറ്റ ഹദീസു ഗ്രന്ഥങ്ങളും പ്രമാണമാക്കാൻ പാടില്ലെന്ന് വിശുദ്ധ ഖുർആൻ....!
- എല്ലാഹദീസുഗ്രന്ഥങ്ങളും ഖുർആൻ വിരുദ്ധം...!!!

## ഏഴാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - ഏഴാം ഭാഗം

- ഖുർആനും ഹദീസും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ....! (മജീദ് സുല്ലമി ഉഗ്രപുരം)
- ഹദീസുഗ്രന്ഥങ്ങളിലെ ഖുർആൻ വിരുദ്ധ കള്ള ഹദീസുകളെക്കുറിച്ച് ഒരു സമഗ്രപഠനം....
- 'സഹീഹുൽ ബുഖാരി' വിമർശിക്കപ്പെടുന്നു...!
- അബൂഹുറൈറയുടെ തനിനിറം....!
- അബൂഹുറൈറയും ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളും...
- ബുഖാരി, മുസ്ലീം, അബുദാവൂദ്, തുർമുദി, നസാഇ, ഇബ്നുമാജ തുടങ്ങിയ ആറു പ്രാമാണിക ഹദീസു ഗ്രന്ഥങ്ങളിലെ ഉള്ളടക്കം തൊണ്ണൂറ് ശതമാനവും ഖുർആനിക ആശയങ്ങൾക്കും ചിന്താഗതികൾക്കും എതിരാവാൻ കാരണമെന്ത്...?

- അറേബ്യൻ പാരമ്പര്യങ്ങളും, ചിന്താഗതികളും അറേബ്യൻ സംസ്കാരവും മാത്രം പ്രോത്സാഹിപ്പിക്കുന്ന പ്രസ്തുതകള്ള ഹദീസുഗ്രന്ഥങ്ങൾക്ക് സുന്നി, മുജാഹിദ് ജമാഅത്തു മൗലവിമാർ ഖുർആനിനേക്കാൾ സ്ഥാനവും മാനവും നൽകാൻ കാരണമെന്ത് ?

<u>**എട്ടാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത'- എട്ടാം ഭാഗം**</u>

- ഖുർആനിലില്ലാത്ത - മുഹമ്മദുനബി പഠിപ്പിക്കാത്ത - ഒരാചാരവും - ഒരു സുന്നത്തും - മുസ്ലീംകൾക്ക് ബാധകമല്ലെന്ന് വിശുദ്ധഖുർആൻ...!
- സുന്നത്തായ എല്ലാ ആരാധനകളും ഖുർആൻവിരുദ്ധം.....!
- 'ചേലാകർമ്മം' അനിസ്ലാമികം.....!!
- മുഹമ്മദുനബിമാതൃക കാണിക്കാത്ത - ഖുർആനിൽ ഇല്ലാത്ത - ചേലാകർമ്മത്തിലെ മതവും ശാസ്ത്രവും......!
- മുഹമ്മദ് നബിയോ, നാലുഖലീഫമാരോ ചെയ്തിട്ടില്ലാത്ത - നബിയുടെ പേരക്കുട്ടികളായിരുന്ന ഹസൻ ഹുസൈൻ തുടങ്ങിയവർക്ക് നബി ചെയ്തിട്ടില്ലാത്ത, ചേലാ കർമ്മം സുന്നി മുസ്ലീംകൾക്ക് നിർബന്ധമാക്കിയത് ആര്...?
- വിശ്വാസികൾക്ക് സമയനഷ്ടം, ധനനഷ്ടം, ശാരീരക നഷ്ടം എന്നിവ ഉണ്ടാക്കുന്ന ഒരു ആചാരവും, ആരാധനാകർമ്മങ്ങളും, അല്ലാഹുപഠിപ്പിച്ചിട്ടില്ലെന്ന് വിശുദ്ധഖുർ ആൻ....!
- സഹീഹുൽ ബുഖാരി, മുസ്ലിം തുടങ്ങിയ കള്ള ഹദീസുകൾ കലർന്ന ഹദീസു ഗ്രന്ഥങ്ങൾ പ്രമാണമാക്കാൻ പാടില്ലെന്ന് വിശുദ്ധഖുർആൻ...!

<u>**ഒമ്പതാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - ഒമ്പതാം ഭാഗം**</u>

- ഇസ്ലാമിക ചരിത്രത്തിലെ കറുത്ത അദ്ധ്യായങ്ങൾ...
- ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളുടെ ചരിത്രപാശ്ചാത്തലം
- യാതൊരു അത്ഭുതങ്ങളും കാണിക്കാത്ത - യാതൊരുഅമാനുഷികദൃഷ്ഠാന്തവും കാണിക്കാത്ത - ആകാശത്ത് കയറാത്ത - നമ്മെപ്പോലെ ആഹാരം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്ന മനുഷ്യനായ ഒരു ദൈവദൂതൻ എന്നു ഖുർആൻ പരിചയപ്പെടുത്തിയ നബിയെ ഒരു ദൈവമാക്കി ചിത്രീകരിച്ച് - നബിയുടെ മരണം കഴിഞ്ഞ് സുമാർ ഇരുപത് വർഷം കഴിഞ്ഞപ്പോൾ ഇസ്ലാം സുന്നി-ഷിയാ എന്നീ രണ്ടു രാഷ്ട്രീയ ചേരികളായി പിളർന്നു അധഃപ്പതിച്ച ചരിത്രം...
- ഖുർആനിന് പകരം ഹദീസുകളുണ്ടായ ചരിത്രം... ഇസ്ലാമിന് പകരം 'ഖുർആനും സുന്നത്തും' എന്ന സുന്നീ മതവും 'ഖുർആനും അഹ്ലുൽ ബൈത്തും' എന്ന ഷിയാ പ്രസ്ഥാനവും ഉണ്ടായ ചരിത്രം....!
- ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളുടെ ചരിത്രം....!

<u>**പത്താം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - പത്താം ഭാഗം**</u>

- വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങൾ....!
- മുസ്ലിംകൾ ഖുർആനിലേയ്ക്ക്....!
- സർവ്വമതസത്യവാദം ഖുർആനിൽ....! യൂസുഫ് മൗലവി, മുതൂർ അബുബക്കർ മൗലവി
- സുന്നി - ഷിയാ ഐക്യം ഖുർആനിലൂടെ മാത്രം...!

  മുസ്ലീം ഐക്യം ഖുർആനിലൂടെ.....!

  മാനവഐക്യം ഖുർആനിലൂടെ....!

- പത്തുഖുത്തുബകൾ (ചേകന്നൂർ മൗലവിയുടെ തിരഞ്ഞെടുത്ത പത്ത് പ്രസംഗങ്ങൾ)...!
- ഖുർആൻ... ലോകസമാധാനത്തിന്റെ ഗ്രന്ഥം...!
- ചേകന്നൂർ മൗലവിയുടെ നൂറ് ചോദ്യങ്ങൾ...!
- നബിക്ക് എഴുത്തും വായനയും അറിയാമെന്ന് വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും പഠിപ്പിക്കുമ്പോൾ എഴുത്തും വായനയും അറിയാത്ത ഒരു നിരക്ഷര കുക്ഷിയായിരുന്നു മരണം വരെ മുഹമ്മദ് നബിയെന്ന് അബൂഹുറൈറയും സുന്നി - മുജാഹിദ് - ജമാഅത്ത് മൗലവിമാരും പ്രചരിപ്പിക്കാൻ കാരണമെന്ത് ...!
- അറബി ഭാഷയിൽ അവതരിപ്പിക്കപ്പെട്ട ഖുർആൻ മറ്റ് ഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്താൻ പാടില്ല എന്ന് സുന്നികൾ ( അബൂഹുറൈറയും മുആവിയയും) നിയമമാക്കാൻ കാരണമെന്ത്...!
- ചിന്തിച്ചു പഠിച്ചല്ലാതെ വിശുദ്ധ ഖുർആൻ പോലും സ്വീകരിക്കരുത് എന്ന് വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും പഠിപ്പിക്കുമ്പോൾ നാലിൽ ഒരു സുന്നിമദ്ഹബ് (ഷാഫി, മാലിക്കി, ഹനഫി, ഹമ്പലി എന്നിങ്ങനെ നാലിൽ ഒരു മദ്ഹബ്) അന്ധമായി അനുകരിക്കണമെന്ന് അബൂഹുറൈറയും മുആവിയയും നിയമമാക്കാൻ കാരണമെന്ത്...?
- ഈ മാൻ - ഇസ്ലാം കാര്യങ്ങൾ ഖുർആനിൽ നിന്ന്....!
- നബി മനുഷ്യനായ ഒരു ദൈവദൂതൻ (മാനുഷിക വളർച്ചയുടെ പരമോന്നതി പ്രാപിച്ച ഒരു ദൈവദൂതനാണ് മുഹമ്മദ് നബിയെന്ന് വിശുദ്ധ ഖുർആൻ...!)
- അശാസ്ത്രീയമായ മദ്രസ്സാ - ദർസുപഠനങ്ങൾ...! (മദ്രസ്സാ ദർസുപഠനങ്ങൾക്ക് ഒരു ഖുർആനിക സിലബസ്...!)
- ഖുർആനിൽ ഒന്നാമത്തെ ഇസ്ലാം കാര്യം അക്ഷരാഭ്യാസം....!
- മനുഷ്യ ജീവിത ലക്ഷ്യം ഖുർആനിക വീക്ഷണത്തിൽ
- ഖുർആനും അറബി സാഹിത്യവും
- ഖുർആനിലെ സകാത്ത് - (ഇൻഫാഖ് - സദഖ - സകാത്ത്)
- നിർബന്ധ ദാനവും, ആത്മസംസ്കരണവും
- നമസ്കാരത്തിന്റെ (സ്വലാത്തിന്റെ ) നാനാർത്ഥങ്ങൾ
- നമസ്കാരവും (പ്രാർത്ഥനയും) ദൈവികമായ മറ്റുബാധ്യതകളും
- ഇബാദത്ത് - ദൈവിക സേവനം (Service to God) - സ്വന്തം ആത്മാവിനോടും സ്വന്തം ശരീരത്തോടും, സ്വന്തം കുടുംബത്തോടും, സ്വന്തം സമൂഹത്തോടും, ഈ പ്രപഞ്ചത്തോടും, അല്ലാഹുവിനോടുമുള്ള കടപ്പാടുകൾ നിറവേറ്റി ജീവിക്കുക.
- നബിതിരുമേനിയുടെ അനുകരണീയമായ സുന്നത്തുകൾ...
- നബിയുടെ (ബിലാലിന്റെ) ബാങ്കുവിളി എങ്ങിനെയായിരുന്നു.....?

  നബിയുടെ നമസ്കാരസമയം...
  നബിയുടെ നമസ്കാരരൂപം...
  നബിയുടെ നോമ്പ്
  നബിയുടെ ഹജ്ജ്....
- ഖുർആൻ പരിഭാഷ - വിശുദ്ധ ഖുർആനിനെ ഖുർആനിക ആശയങ്ങൾ കൊണ്ടും ഖുർആൻ വിരുദ്ധമല്ലാത്ത ഹദീസുകൾകൊണ്ടും വ്യാഖ്യാനിച്ച് തയ്യാറാക്കിയ പരിഭാഷ.
- മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി, മൂതൂർ അബൂബക്കർ മൗലവി , മൗലവി യൂസഫ് കരുനാഗപ്പിള്ളി , ഷാഹുൽ ഹമീദ് മൗലവി, പറപ്പൂർ , സി.പി.എ. അസീസ് മൗലവി, ഡോ.എം.അബ്ദുൾ ജലീൽ പുറ്റേക്കാട് , അബ്ദുൾ മജീദ് സുല്ലമി ഉഗ്രപുരം എന്നിവരുടെ പ്രബന്ധങ്ങളും പ്രസംഗങ്ങളും.

## ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ മറ്റു പ്രസിദ്ധീകരണങ്ങൾ

## സി.ഡികൾക്കും കാസറ്റുകൾക്കും ബന്ധപ്പെടുക.


**സെക്രട്ടറി**
**ഖുർആൻ സുന്നത്ത് സൊസൈറ്റി, ഫറോക്ക്**
**മാർക്കറ്റ് റോഡ്, ഫറോക്ക്, കേരള, ഇന്ത്യ. പിൻ -673631**
**ഫോൺ : 00919847099064**

**കെ.സി. അബ്ദുൾ റഹ്മാൻ** ഫോൺ : 00919447106748
**നിസാർ**, ഫോൺ : 00919387524365
**സി.എം.എ സലാം**, സി.എം.ടി. മെഡിക്കൽസ്, മൂച്ചിക്കൽ,
**തിരൂർ**, ഫോൺ : 00919846028029


***ആശയം, ആവിഷ്കാരം:***

ഡോ. അബ്ദുൾ ജലീൽ, പുറ്റെക്കാട്

***പ്രായോജകർ***

ഡോ.സി.എം.കുട്ടി
എൻ. ടി. എ കരീം
എം. എസ്. റഷീദ് അത്തർവാല
നാണി സാഹിബ് കാളികാവ്

ഡോ. എം.എ. ജലീൽ
ഹസ്സൻ കോയ എരഞ്ഞിക്കൽ
അബ്ദുൾ മജീദ് ചെറുവാടി
സി.പി. കോയ
ബഷീർ താനാളൂർ

**ഖുർആൻ - സുന്നത്തു പ്രസ്ഥാനത്തിന്റെ ഇന്നുവരേയുള്ള ആശയപ്രചരണ പ്രവർത്തനങ്ങളുടെ ഒരു രൂപരേഖയാണ് ഈ കൊച്ചു ഗ്രന്ഥത്തിലുള്ളത്.**
**കൂടുതൽ അറിവിനും റഫറൻസിനുമായി ഈ ബുക്ക്ലറ്റുകൾ ഭദ്രമായി സൂക്ഷിച്ചുവെയ്ക്കുക.**

☞ അല്ലാഹുവിനെ അറിഞ്ഞവർക്ക് - ഈശ്വരനെ മനസ്സിലാക്കിയവർക്ക് (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർക്ക് - ബ്രാഹ്മണർക്ക്- മുസ്ലീംകൾക്ക് - മതം മാറാൻ സാധ്യമല്ലെന്ന് വിശുദ്ധ ഖുർആൻ...!

☞ അല്ലാഹുവിനെ അറിഞ്ഞവർ - ഈശ്വരനെ അറിഞ്ഞവർ (അഥവാ ബ്രഹ്മത്തെ അറിഞ്ഞവർ - ബ്രാഹ്മണർ - മുസ്ലീംകൾ - എല്ലാ മതക്കാരിലുമുണ്ടെന്ന് വിശുദ്ധ ഖുർആൻ...!

☞ നിർബന്ധ മതപരിവർത്തനം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം...!

☞ പ്രലോഭന മതപരിവർത്തനം ഖുർആൻ വിരുദ്ധം...!

☞ മുപ്പത് തെറ്റുകളുള്ള 5 നേര നമസ്കാരം ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം..!

☞ പത്ത് തെറ്റുകളുള്ള സുന്നി ശിയാ ബാങ്കുവിളികൾ ഖുർആൻ വിരുദ്ധം അഥവാ അനിസ്ലാമികം...!

☞ ഖുർആൻ പഠിപ്പിക്കാത്ത - ഖുർആൻ ബഹിഷ്കരിച്ച - പൗരോഹിത്യ ചിഹ്നമായ 'ആമീൻ' എന്ന ശിർക്കൻ പ്രാർത്ഥന ഖുർആൻ വിരുദ്ധം - അഥവാ അനിസ്ലാമികം...!

☞ മൂന്ന് നേരമായാലും അർത്ഥമറിയാതെ അറബി ഭാഷയിൽ പ്രാർത്ഥിക്കുന്നതും ഖുർആൻ വിരുദ്ധം. - അഥവാ അനിസ്ലാമികം...!

☞ അറബി ഭാഷയിലായാലും - ഏതു ഭാഷയിലായാലും എന്താണ് നമസ്കാരം, എന്തിനാണ് നമസ്കാരം - എന്താണ് പറയുന്നത് - എന്തിനാണ് പ്രാർത്ഥിക്കുന്നത് എന്നറിയാതെ നമസ്കാരത്തോട് അടുക്കരുതെന്ന് വിശുദ്ധ ഖുർആൻ...!

☞ ഹജ്ജിലെ കല്ലേറും, കല്ല് ചുംബനവും ഖുർആൻ വിരുദ്ധം - അഥവാ അനിസ്ലാമികം...!

☞ പരോപകാരമുള്ള പുണ്യകർമ്മങ്ങൾ ചെയ്യാതെ നമസ്കാരം, നോമ്പ്, ഹജ്ജ് എന്നീ കേവലാരാധനകൾ കൊണ്ട് മാത്രം പാപം പൊറുക്കുമെന്നോ, സ്വർഗ്ഗത്തിൽ കയറിക്കൂടാമെന്നോ ആരും വ്യാമോഹിക്കേണ്ടതില്ലാ എന്ന് വിശുദ്ധ ഖുർആൻ...!

☞ ഹജ്ജ് കൊണ്ട് പാപം പൊറുക്കുമെന്ന വിശ്വാസം - ഹജ്ജ് ചെയ്തവൻ അന്ന് പെറ്റ കുട്ടിയെപ്പോലെയായി എന്ന സുന്നി സിദ്ധാന്തം ഖുർആൻ വിരുദ്ധം - അഥവാ അനിസ്ലാമികം...!

☞ പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്ന പ്രത്യേക സ്ഥലങ്ങൾ ലോകത്തെവിടെയും - സാക്ഷാൽ മക്കാ- മദീനയിൽ പോലും ഉണ്ടെന്ന് ഖുർആൻ പഠിപ്പിക്കുന്നില്ല. തന്റെ ഇഷ്ടദാസന്റെ പ്രാർത്ഥന ഈ പ്രപഞ്ചത്തിൽ എവിടെ നിന്നും എപ്പോൾ വിളിച്ചാലും ദൈവം കേൾക്കുമെന്ന് വിശുദ്ധ ഖുർആൻ...!

☞ മൂന്ന് തലാഖ് എന്നാൽ മൂന്ന് അവസരമാണെന്ന് മൗലവി ചേകന്നൂർ...! ഒരേ സമയം 'തലാഖ് തലാഖ് തലാഖ്' എന്ന് മൂന്ന് പ്രാവശ്യം ചൊല്ലി വിവാഹബന്ധം വേർപെടുത്തുന്ന അറുവഷളൻ കാടൻ ശരിഅത്ത് അനിസ്ലാമികമെന്ന് വിശുദ്ധ ഖുർആൻ. ഒരു സ്ത്രീയെ ഒരേ സമയം മൂന്ന് തവണ വിവാഹം ചെയ്യാൻ പറ്റാത്തതുപോലെ ഒരൊറ്റയിരുപ്പിൽ ഒരു ഭാര്യയെ മൂന്ന് തവണ തലാഖ് ചൊല്ലാനും പറ്റില്ലെന്ന് വിശുദ്ധ ഖുർആൻ.

☞ 'ജുമുഅ' ഒഴികെ നിത്യേനയുള്ള അഞ്ചു നേര അപ്രായോഗിക സംഘടിത നമസ്കാരങ്ങൾ ഖുർആൻ വിരുദ്ധം.നിത്യവും അഞ്ചു നേരം 'ജുമുഅ' നടത്തൽ (ജമാഅത്ത്) ഖുർആൻ വിരുദ്ധം...! അത്തരം അപ്രായോഗികമായ ഒരനാചാരം നബിയുടെയും ഖുർആനിന്റെയും പേരിൽ പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും, മുല്ലാക്കക്കും, മുക്രിക്കും ശമ്പളം കൊടുത്ത് ആ സുന്നീ മതം നിലനിർത്തുന്നതും നബിയെയും വിശുദ്ധഖുർആനെയും കളിയാക്കുന്നതിന് തുല്യം...! ശമ്പളവും ബത്തയും ആനുകൂല്യങ്ങളും നൽകി നിലനിർത്തുന്ന അഞ്ചുനേര സംഘടിത നമസ്കാരവും, ബാങ്കും, ഇഖാമത്തും ഖുർആൻ വിരുദ്ധം... അനിസ്ലാമികം...!

☞ സ്ത്രീകളുടെ മുഖവും മുൻകൈയ്യും മറക്കുന്ന അറേബ്യൻ പരമ്പരാഗത വസ്ത്രമായ പർദ്ദ മുസ്ലീംകളുടെ ഔദ്യോഗിക വസ്ത്രധാരണമല്ല. പർദ്ദ അനിസ്ലാമികം...!

☞ ഖുർആൻ പഠിപ്പിക്കാത്ത മതാചാരങ്ങൾ 'ഇസ്ലാമികം' എന്ന പേരിൽ - ദൈവത്തിന്റെ പേരിൽ - പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും വമ്പിച്ച അപരാധമാണെന്ന് (ശിർക്കുപോലെ വൻ കുറ്റമാണെന്ന്) വിശുദ്ധ ഖുർആൻ...!

☞ വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങളിൽ നിന്ന് വ്യതിചലിക്കാതെ - തൗഹീദിൽ നിന്ന് വ്യതിചലിക്കാതെ ഇസ്ലാം മതത്തിൽ എന്തു പരിഷ്കാര പ്രവർത്തനങ്ങളും നടപ്പിലാക്കാമെന്ന് വിശുദ്ധ ഖുർആൻ...!

☞ നിങ്ങളിൽ നിന്നുള്ള അതാത് കാലത്തെ സച്ചരിതരായ പണ്ഡിതന്മാരെയും ഭരണകർത്താക്കളെയും അനുസരിച്ച് ജീവിക്കണമെന്ന് വിശുദ്ധ ഖുർആൻ...!

☞ വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ചേലാകർമ്മം എന്ന അറേബ്യൻ സുന്നത്ത് കർമ്മം ഖുർആൻ വിരുദ്ധം- അഥവാ അനിസ്ലാമികം...!

☞ ചേകന്നൂർ മൗലവിയുടെ ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങളുടെ ജൈത്രയാത്ര തുടരുന്നു...!

☞ ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ തുടരുന്നു...!

ഉടൻ
പ്രസിദ്ധീകരിക്കുന്നു

# വിശുദ്ധ ഖുർആൻ...!
# മുസ്ലീംകളുടെ ഒരേയൊരു പ്രമാണ ഗ്രന്ഥം

**ഒ.അബ്ദുറഹിമാൻ സാഹിബിന് ചുട്ടമറുപടി**

ഒ.അബ്ദുറഹിമാൻ സാഹിബിന്റെ അബദ്ധജഢിലമായ ഖുർആൻ വിരുദ്ധ വാദങ്ങൾക്കും,
ജമാഅത്തെ ഇസ്ലാമിയുടെ ഖുർആൻ വിരുദ്ധ - **ഹദീസ് പതിപ്പിനും (പ്രബോധനം ഹദീസ് പതിപ്പ് 2007)**
ചുട്ടമറുപടി

---

# ചേലാകർമ്മം
# അനിസ്ലാമികം തന്നെ...!

**(ചേലാ കർമ്മം അനിസ്ലാമികം എന്ന ഗ്രന്ഥത്തിന്റെ രാം പതിപ്പ്)**

ചേലാകർമ്മം ഇസ്ലാമികമാണെന്ന് സമർത്ഥിക്കാൻ ഒരുമ്പെടുന്ന
ചില സുന്നീ പുരോഹിതന്മാരുടെ
വികലചിന്തകൾക്ക് മറുപടി

ഗ്രന്ഥകർത്താവ് : **ഡോ: എം. അബ്ദുൾ ജലീൽ, പുറ്റെക്കാട്**